
~~1989~~ 1990

# DEVAMATHA COLLEGE



# നൂറ് ശതമാനം വിജയം

എല്ലാവർഷവും എല്ലാ കോഴ്സുകൾക്കും വാഗ്ദാനം ചെയ്യുകയും അവകാശപ്പെടുകയും
ചെയ്യുന്ന നിരവധി സ്ഥാപനങ്ങളുടെ ഇടയ്ക്ക്

## പ്രത്യേകതയുള്ള ഒരു സ്ഥാപനം

ഞങ്ങൾ ആർക്കും വിജയം വാഗ്ദാനം ചെയ്യുന്നില്ല.
ഇവിടെ അദ്ധ്യയനം നടത്തി വിജയ സോപാനം കൈവരിച്ച
ശതക്കണക്കിനു് വിദ്യാർത്ഥിനീ വിദ്യാർത്ഥികളാണ് ഞങ്ങളുടെ
സന്ദേശവാഹകർ. പഠനത്തിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക്
ശാന്തമായ അന്തരീക്ഷത്തിൽ 'ആത്മാർത്ഥമായ ശിക്ഷണം'
ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.
ടെസ്റ്റുപേപ്പറുകളും വർഷാവസാനം മോഡൽ പരീക്ഷയും നിർബന്ധിതം.

**ഞങ്ങളുടെ ലാബോറട്ടറി സൗകര്യങ്ങൾ**

**കടലാസിൽ മാത്രം ഒതുങ്ങുന്നില്ല.**

# നിർമ്മലാ കോളേജ്

## കുറവിലങ്ങാട്

ഫോൺ: 212

**കോളജ് ക്ലാസുകൾ മാത്രം**

**Tution / Session / Parallel Classes**

# കുറവിലങ്ങാട്
# ദേവമാതാ കോളജ്ജിന്റെ
# ആയിരത്തിത്തൊള്ളായിരത്തിഎൺപത്തിഒൻപത്, തൊണ്ണൂറ്
# വർഷത്തെ
# മാഗസിൻ



Editorial Members

| | |
|---|---|
| Ex-Officio President : | Prof. N. George John |
| Ex-Officio Members : | Tose J. Maliekal |
| | Shaji Augustine |
| Associate Staff editors : | Mr. M. C. Thomas |
| | Mrs. M. A. Marykutty |
| | Miss. Rosily N. Joseph |
| Sub editors : | Bastin Joseph |
| | Francis Xavier |
| | Paul P. J. |
| Photo lay out : | Hareesh S. |
| | Biju Mathew |
| | Jomon Thomas |
| Coverdesign : | Lekha K. C. |
| Titles, illustrations: | Hareesh S. |
| | Jigimon Scaria |
| Staff editor : | Prof. K. M. Chacko |
| Student editor : | Jomon Thomas |

— സമർപ്പണം —

നിരക്ഷരതയുടെ കൂരിരുട്ടിൽ
അറിവിന്റെ വഴിതേടി
അക്ഷരങ്ങളിലൂടെ
നിങ്ങൾ യാത്ര
തുടങ്ങിയിരിക്കുന്നു
രാജ്യത്തെ മുന്നോട്ട് നയിക്കാൻ
മുൻ നിരയിലെത്തിക്കാൻ
നവസാക്ഷരരെ
നിങ്ങൾക്കും പങ്കുചേരൂ
ഈ
മാസികയിൽ
നിങ്ങൾക്ക്
സമർപ്പിക്കുന്നു.
അക്ഷരങ്ങൾക്കിടയിൽ
അഗ്നിനാളങ്ങളിൽ
ആ അഗ്നി
നിങ്ങളിലൂടെ
ഒരു
ജ്വാലയായ് പടരട്ടെ.



Our Patron-
H. E. Rt. Rev. Dr. JOSEPH PALLICKAPARAMPIL



Our Manager-
Very. Rev. Fr. THOMAS MELVETTOM.



He Guides us

Prof. GEORGE JOHN NIDHIRI.

ഈ സഹസ്രാബ്ദത്തിന്റെ അവസാന ദശകത്തിന് ആരംഭംകുറിച്ച കാമ്പസ് വർഷത്തിന്റെ ഓർമ്മക്കുറിപ്പുകൾ ഇവിടെ അവതരിപ്പിക്കുകയാണ്.



ആഗോളതലത്തിൽ മാത്രമല്ല ദേശീയ തലത്തിലും സംസ്ഥാനതലത്തിലും ശ്രദ്ധേയമായ മാറ്റങ്ങളുടെ കാറ്റുവീശിയ ഒരു വർഷമാണ് കടന്നുപോയത്. പൂർവ്വ യൂറോപ്യൻ രാജ്യങ്ങളിൽ പലതിലും ഭരണക്രമങ്ങൾ തകിടം മറിയുന്നതും വൻശക്തികൾക്ക് ആയുധപ്പന്തയത്തെപ്പറ്റി വീണ്ടുവിചാരമുണ്ടായതും ഈ വർഷം നടന്ന സംഭവങ്ങളാണ്. ഇന്ത്യയിൽ ദേശീയമുന്നണി തെരഞ്ഞെടുപ്പു വിജയം നേടി. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലക്ക് ഉണർവ്വിന്റെ വാഗ്ദാനവുമായി യു. ജി. സി. പദ്ധതി എത്തുകയും ചെയ്തു.

വ്യക്തിയെപ്പറ്റിയും സമൂഹത്തെപ്പറ്റിയുമുള്ള കാഴ്ചപ്പാടുകൾക്ക് മാത്രമല്ല, മനുഷ്യനെ നിലനിർത്തുന്ന പ്രകൃതിയെപ്പറ്റിയുള്ള ധാരണകൾക്കും ഈയിടെയായി വലിയ മാറ്റം ഉണ്ടായിരിക്കുന്നു. മലിനീകരണം മൂലം മരിച്ചുകൊണ്ടിരിക്കുന്ന ഭൂമിയെപ്പറ്റിയും അപകടകരമാംവിധം വിള്ളൽ വീണുകൊണ്ടിരിക്കുന്ന ഓസോൺ കവചത്തെപ്പറ്റിയും മനുഷ്യൻ കൂടുതൽ യാഥാർത്ഥ്യബോധം നേടിയിരിക്കുന്നു.

മാറ്റങ്ങളുടെ ഈ ലോകത്തിൽ തങ്ങളുടെ ഭാവിമെനഞ്ഞെടുക്കുന്നതിൽ വ്യാപൃതരായിരിക്കുന്ന നമ്മുടെ കാമ്പസ് തത്തകൾ, പുസ്തകങ്ങളുടെയും പുതിയ സൗഹൃദങ്ങളുടേയും ലോകം. വിലോഭനീയങ്ങളും വിഭ്രാമകങ്ങളുമായ കൗമാര കുതൂഹലങ്ങളുടെ മായാ ദ്വീപുകൾ. അവയിലൊന്നിന്റെ ഉൾത്തുടിപ്പുകളാണ് ഈ താളുകളിൽ. ഇളം മനസ്സുകളുടെ മുഗ്ദ്ധ സങ്കല്പങ്ങൾ അവയുടെ ഉർവ്വരതയോടും ഊഷരതയോടുമൊപ്പം ഇവിടെ ഞങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

പ്രൊഫ: കെ. എം. ചാക്കോ.
സ്റ്റാഫ് എഡിറ്റർ

അക്ഷരങ്ങളുടെ
ദേവത
കുടിയിരിക്കുന്ന
ശ്രീകോവിലിൽ നിന്നും
ഈ ക്ഷേത്രത്തിന്റെ
ഹൃദയ സ്പന്ദനങ്ങളും
നെടുവീർപ്പുകളും
ഉൾക്കൊള്ളുന്ന
ഈ നൈവേദ്യം
നിങ്ങൾക്കർപ്പിക്കുന്നു.

സ്നേഹപൂർവ്വം
**ജോമോൻ തോമസ്**
എഡിറ്റർ



# A LONE TRAVELLER

Then there was a thunder in the rain
That grew my gruesome pain of heart.
Horrible lightning fell on roofs
But they didn't show any light,
Alone in the wind I wandered,
One with darkness my mind wavered.
Scared to sit and afraid to wait
My thoughtful days went slowly by.
Here I am O, spite for all,
Playing the role of life's pilgrim,
On this narrow country lane,
Wind and water for my company.
Thunder sounds a warning note
of ups and downs in the sea of life.
When and where this journey ends,
Who am I to ask at all !.

Alex Joseph
IIIrd year degree Economics.

# ഗാന്ധിയൻ സംസ്കാരം

അതിപ്രശസ്തരായ നിരവധി രാഷ്ട്രീയ ചിന്തകരും രാഷ്ട്രതന്ത്രജ്ഞരും ഈ ലോകത്തിലുണ്ട്. അവരിൽ നിന്നെല്ലാം വ്യത്യസ്തത പുലർത്തി രാഷ്ട്രീയ ചിന്തയിലും രാഷ്ട്രീയപ്രവർത്തനത്തിലും നൂതനമായ ശൈലി ആവിഷ്കരിച്ച രാഷ്ട്രതന്ത്രജ്ഞനാണ് മഹാത്മാ ഗാന്ധി. ലോകത്തിനാകമാനം മാർഗ്ഗദർശകങ്ങളായി വേണ്ടുന്ന എത്രയോ ചിന്താമുത്തുകളാണ് അദ്ദേഹം വാരിവിതറിയത്. നിർഭാഗ്യവശാൽ അവ ചെന്നുപതിച്ചത് അവയുടെ മൂല്യമറിയാൻ കഴിയാത്ത രാഷ്ട്രീയ സൂകരങ്ങളുടെ മുമ്പിലായിരുന്നു. ഗാന്ധി അങ്ങനെ രാഷ്ട്രീയചരിത്രത്തിലെ ഒരു 'ഇന്റർല്യൂഡ്' ആയി അവശേഷിക്കുന്നു.



രാഷ്ട്രീയ ചിന്താമണ്ഡലത്തിൽ മഹാത്മജിയുടെ ഏറ്റവും വലിയ സംഭാവന രാഷ്ട്രീയത്തെ ധർമ്മീകരിക്കണമെന്ന് പ്രഖ്യാപിച്ചതാണ്. അത് അദ്ദേഹം പ്രാവർത്തികമാക്കുകയും ചെയ്തു. എല്ലാ മാനുഷികമൂല്യങ്ങളിൽ നിന്നും അകറ്റിനിർത്തിയിരുന്ന രാഷ്ട്രീയ പ്രവർത്തനത്തിന് അതിന്റേതായ തന്ത്രവും നീതിയുമുണ്ടെന്ന് കരുതപ്പെട്ടിരുന്നു. ചാണക്യൻ, മാക്കിയവെല്ലി തുടങ്ങിയവർ ഊട്ടിവളർത്തി മാർക്സ് ശാസ്ത്രപരിവേഷം നൽകി താലോലിച്ച ഈ വീക്ഷണഗതിയെ ചോദ്യം ചെയ്യാൻ മുതിർന്ന ഏക രാഷ്ട്രീയ വ്യക്തി മഹാത്മാഗാന്ധിയായിരുന്നു. പ്രകൃത്യാ ഏകത്വം പുലർത്തുന്ന മനുഷ്യജീവിതത്തെ വെട്ടിമുറിച്ച് വിവിധ മാനദണ്ഡങ്ങളുപയോഗിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന്റെ യുക്തിരാഹിത്യത്തെ ശക്തിയായും സ്പഷ്ടമായും ഗാന്ധിജി അപലപിച്ചു.

ഗാന്ധിയൻ രാഷ്ട്രീയ വീക്ഷണത്തിന്റെ സാരസംഗ്രഹം 'ലക്ഷ്യവും മാർഗ്ഗവും' തമ്മിലുള്ള ബന്ധത്തിൽ അടങ്ങിയിരിക്കുന്നു. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ആത്യന്തിക ലക്ഷ്യത്തെപ്പറ്റി എന്തൊക്കെ പറഞ്ഞാലും രാഷ്ട്രീയാധികാര സമ്പാദനത്തിന് ഏതു മാർഗ്ഗവും കൈക്കൊള്ളുന്നതും ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമെന്ന ഒരു തത്വവും ആവിഷ്കൃതമായി. ഈ വീക്ഷണത്തിന് കടകവിരുദ്ധമായ ഒരു നിലപാടാണ് ഗാന്ധിജി അവതരിപ്പിച്ചത്.

അധാർമ്മിക മാർഗ്ഗത്തിലൂടെ ധർമ്മം സംസ്ഥാപിക്കാനാവില്ലെന്നും രാഷ്ട്രീയ സാമൂഹ്യ പ്രവർത്തനങ്ങളുടെ അന്ത്യം ധർമ്മ രാഷ്ട്ര-സംസ്ഥാപനമാണെന്നും ഗാന്ധിജി അഭിപ്രായപ്പെട്ടു. നല്ല ലക്ഷ്യത്തിന് നല്ല മാർഗ്ഗം വേണം. ഓരോ ലക്ഷ്യവും മറ്റൊരു ലക്ഷ്യത്തിന്റെ മാർഗ്ഗമാകുന്നു. അതുപോലെ ഓരോ മാർഗ്ഗവും മറ്റൊരു മാർഗ്ഗത്തിന്റെ ലക്ഷ്യവും. ലക്ഷ്യവും മാർഗ്ഗവും തമ്മിലുള്ള ഈ സർവ്വാംഗിക ബന്ധത്തിന്റെ പൊരുൾ ഗാന്ധിശിഷ്യന്മാരെന്ന് അഭിമാനിക്കുന്നവർ പോലും മനസ്സിലാക്കുന്നില്ല.

തന്റെ സങ്കൽപ്പത്തിലുള്ള ഒരു ക്ഷേമരാഷ്ട്രമായി തന്റേതുമാത്രമായ സത്യാഗ്രഹമാർഗ്ഗത്തിലൂടെ ഇന്ത്യയെ പരിവർത്തനം ചെയ്യിക്കാനായിരുന്നു ഗാന്ധിജി ശ്രമിച്ചത്. മനസാ വാചാ കർമ്മണാ സത്യമേ അനുഷ്ഠിച്ചു

എന്ന നിർബ്ബന്ധമാണു് സത്യാഗ്രഹ മാർഗ്ഗത്തിന്റെ സാന്ദ്രസാരം. സത്യാഗ്രഹിക്കു് സ്വഭാവ വൈശിഷ്ട്യവും തപോദീക്ഷയുമുണ്ടായേ മതിയാവൂ. എന്നാൽ ഗാന്ധിജി വിഭാവന ചെയ്ത ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ നിയുക്തരായതു് ഗാന്ധിയൻ മാർഗ്ഗത്തിന്റെ മാഹാത്മ്യത്തെ അറിയാനോ സ്വാംശീകരിക്കാനോ കഴിവില്ലാത്ത ഒരു സംഘം ഗാന്ധിശിഷ്യന്മാർ ആണു്. അതിന്റെ പരിണിത ഫലമാണു് ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയം. തികച്ചും അഗാന്ധിയ മാർഗ്ഗങ്ങളിലൂടെ അധികാരം പിടിച്ചടക്കാനും അതു നിലനിർത്താനും പണിപ്പെടുന്ന ഗാന്ധിയന്മാർ നടത്തുന്ന പരാക്രമങ്ങളാണു് ഇന്നു ഇന്ത്യയിലെവിടെയും കാണുന്നതു്. മാർക്സിയൻ തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നവർ ഏതു മാർഗ്ഗവും ഉപയോഗിച്ചും അധികാരം പിടിച്ചടക്കാൻ ശ്രമിക്കുന്നതു് മനസ്സിലാക്കാം. അതവരുടെ മതമാണു്. എന്നാൽ ഗാന്ധിജിയുടെ നാമധേയത്തിൽ ഗാന്ധിശിഷ്യന്മാർ ഗാന്ധിസത്തിന്റെ കടയ്ക്കൽ കോടാലി വയ്ക്കുന്നതു് ക്രൂരമായ കടുംകൈയ്യല്ലാതെ മറ്റൊന്നുമല്ല.

യഥാർത്ഥ ജനാധിപത്യ സോഷ്യലിസ്റ്റ് സമൂഹത്തിന്റെ [രാമരാജ്യം] മൂലക്കല്ലുകളായ 'സ്വാതന്ത്ര്യവും സമഭാവനയും' ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം വിശ്വാസ പ്രമാണങ്ങളായിരുന്നു. 'ജനാധിപത്യ സോഷ്യലിസം സ്ഥാപിക്കുവാൻ ശ്രമിക്കുവന്നവർ, സമത്വ സ്വാതന്ത്ര്യാദിസമ്പത്തുകളെ താത്വികമായി അംഗീകരിച്ചാൽ പോരെന്നും അവയെ ആത്മാവിന്റെ അംശങ്ങളാക്കിമാറ്റണ'മെന്നും ഗാന്ധിജി പറഞ്ഞിട്ടുണ്ടു്. അതായതു് നല്ല മനുഷ്യർക്കേ നല്ല സമുദായം കെട്ടിപ്പടുക്കുവാനാകൂ. എന്നാൽ ഇന്നത്തെ ഭാരതീയ നേതാക്കളിൽ എത്ര പേരുണ്ടു് ഗാന്ധിജി പറഞ്ഞ അർത്ഥത്തിൽ നല്ലവരായിട്ടു് ?

ജനാധിപത്യത്തിന്റെ ചട്ടക്കൂട്ടിൽനിന്നു കൊണ്ടു് ജനാധിപത്യത്തെ നിഷ്പ്രയാസം നശിപ്പിക്കുവാൻ കഴിയുമെന്നും, ജനാധിപത്യ സമ്പ്രദായം വിജയിക്കണമെങ്കിൽ ജനാധിപത്യ സ്ഥാപനങ്ങൾക്കുപരി ഭരണാധികാരികൾക്കും ഭരണീയർക്കും ചില സവിശേഷഗുണങ്ങൾ അത്യന്താപേക്ഷിതമാണെന്നുമാണു് നമ്മുടെ ജനാധിപത്യ രാഷ്ട്രീയ സംവിധാനവും പ്രവർത്തനവും ലോകത്തിനു നല്കുന്ന പാഠം. ഭരണാധികാരികൾ ചില അടിസ്ഥാനമൂല്യങ്ങളിൽ വിശ്വസിക്കുന്നവരായിരിക്കണം. സത്യം, ധർമ്മം, നീതി തുടങ്ങിയ മൂല്യങ്ങളിൽ വിശ്വാസമില്ലാത്ത ഒരു ഭരണാധികാരിക്കും ജനാധിപത്യത്തിൽ അന്തിമവിജയം നേടാനാവില്ല. സദ്ഗുണങ്ങളും സ്വഭാവവൈശിഷ്ട്യങ്ങളും എത്ര തന്നെ ഉണ്ടായാലും നീതി നടത്തുവാനുള്ള കെല്പ് ഉണ്ടായിരിക്കണം. അതിനുള്ള ഉൾക്കരുത്തും പുറംകരുത്തും ഉണ്ടായില്ലെങ്കിൽ സദ്ഗുണങ്ങൾ നരകത്തിലേക്കു് വഴിതെളിയ്ക്കും.

ജനാധിപത്യം ഒരു ജീവിതചര്യ കൂടിയാണു്. ഇതിന്റെ ജീവശ്വാസം അച്ചടക്കമാണു്. നിയമവാഴ്ചയാണു്. ഭരണാധികാരികൾ അച്ചടക്കമുള്ളവരായിരിക്കണം. നിയമത്തിൽ വിശ്വസിക്കുന്നവരായിരിക്കണം. നിയമവാഴ്ച ഉറപ്പുനൽകാൻ കെല്പുള്ളവരായിരിക്കണം.

ഗാന്ധിയുടെ നാട്ടിൽ നിന്നു് ഗാന്ധി എന്നേ നിഷ്കാസിതനായിക്കഴിഞ്ഞു. പക്ഷെ ഗാന്ധിയുടെ പേരു് നിർലോഭം ഉപയോഗിച്ചാണു് ഇവിടെ രാഷ്ട്രീയക്കളി തുടരുന്നതു്. ഇന്ത്യ ജനാധിപത്യ സോഷ്യലിസത്തിന്റെ ഭാഷ സംസാരിക്കുവാൻ തുടങ്ങിയിട്ടു് വർഷം 39 കഴിഞ്ഞു. ഇന്നു നാം എവിടെ നില്ക്കുന്നു ?

ഇതിനൊക്കെ ഒരറുതി ഉണ്ടാവണമെങ്കിൽ ഗാന്ധിയൻ സംസ്കാരം ഇവിടെ പുനസ്ഥാപിതമാകണം. നൂതനമായ ചിന്താധാരയും അതിനനുഗുണമായ കർമ്മധീരതയും രണ്ടിനും അടിസ്ഥാനമായിട്ടുള്ള ധർമ്മനിഷ്ഠയും ഒത്തിണങ്ങിയ ഗാന്ധിയൻ സംസ്കാരം.

പക്ഷേ ആർക്കുവേണം ഈ സംസ്കാരം. ഇന്നു നാം സംതൃപ്തരാണു്. നാം നമ്മുടെ നേതാക്കളെച്ചൊല്ലി അഭിമാനിക്കുന്നു. ആഹ്ലാദിക്കുന്നു. ഒരു കാര്യം മാത്രം ചെയ്യാതിരിക്കുക. ഗാന്ധിയുടെ നാമധേയം ഈ പറുദീസായിൽ വലിച്ചിഴയ്ക്കാതിരിക്കുക. എന്തെന്നാൽ ഈ പുരോഗതിയിൽ അദ്ദേഹത്തിനു പങ്കില്ല. പങ്കില്ലെന്ന കാര്യം നമുക്കൊക്കെ അറിയാവുന്നതുമാണു്. ഗാന്ധിജി തന്റെ ശവക്കുഴിയിൽ തന്നെ കഴിഞ്ഞുകൊള്ളട്ടെ.

മനോജ് കുമാർ ബി., രണ്ടാം വർഷ ബി. എ., ഇംഗ്ലീഷ്



# ഒരു കാത്തിരിപ്പിന്റെ അന്ത്യം

സൂര്യൻ തളർന്നു തുടങ്ങുന്ന തന്റെ മുറിയിലെ ജനലഴികളിൽ പിടിച്ചുകൊണ്ട് പുറത്തേയ്ക്കു നോക്കി സൂര്യ നിന്നു. നന്ദേട്ടനേയും പ്രതീക്ഷിച്ച്. അങ്ങു ദൂരെനിന്നും ഏതെങ്കിലും വാഹനം പൊടിപറത്തിക്കൊണ്ട് തന്റെ വീട്ടുമുറ്റത്ത് വന്നു നില്ക്കുന്നുണ്ടോ.? അതിൽ നിന്നും തന്റെ രാജകുമാരൻ ഇറങ്ങി വരുന്നുണ്ടോ ?

ഇല്ല......കാണുന്നില്ല.
എന്തേ വരാൻ വൈകുന്നു!
മറന്നുകാണുമോ ?
നന്ദേട്ടനതിനു കഴിയുമോ?

മൂന്നുവർഷം മുമ്പ് നന്ദേട്ടൻ പറഞ്ഞ വാക്കുകൾ കാതുകളിൽ ഇപ്പോഴും മുഴങ്ങുന്നു.

'എന്റെ സൂര്യക്കുട്ടി, നീ ഒന്നുകൊണ്ടും ദേഷ്യപ്പെടേണ്ട. എനിക്ക് ബോംബെയിൽ ഒരു ജോലി ശരിയായിട്ടുണ്ട് നാളെ ഞാൻ പോകുകയാണ്. നിന്നോട് നേരത്തെ പറയാതിരുന്നത് നിന്നെ വേദനിപ്പിക്കേണ്ടെന്നു കരുതിയാണ്. മൂന്നു വർഷത്തിനുശേഷം ഞാൻ തിരിച്ചെത്തും.- മടങ്ങിപ്പോകുമ്പോൾ ഞാൻ തനിച്ചായിരിക്കുകയില്ല; നീയുമുണ്ടാകും. -- മിസ്സിസ് സൂര്യാ നന്ദഗോപാൽ." നന്ദൻ ഒന്നു നിർത്തി -- മുഖം കുനിച്ചു നിന്നു വിതുമ്പുന്ന സൂര്യയുടെ മുഖം തന്റെ കൈക്കുമ്പിളിൽ കോരിയെടുത്തു. പടർന്നിറങ്ങിയ കണ്ണുനീർ തന്റെ ചുണ്ടുകളാൽ ഒപ്പിയെടുത്തു.

"എന്താ മോളേയിത്", മൂന്നു വർഷം കഴിയുമ്പോൾ ഞാനിങ്ങെത്തില്ലേ, നമ്മുടെയീ ബന്ധമറിയാവുന്ന നിന്റെ അമ്മ ഒരിക്കലും. ഈ ബന്ധത്തിന് എതിരു നില്ക്കില്ല. ഇന്നേയ്ക്ക് മൂന്നു വർഷം തികയുന്ന അന്ന് ഞാൻ നിന്റെ വീട്ടിലെത്തിയിരിക്കും. എന്താ പോരെ...'

അന്നു പോയതാണ്, അന്നു മുതൽ താൻ കാത്തിരിക്കുവാനും തുടങ്ങി. ആദ്യം കത്തുകളുടെ ഒരു പ്രവാഹം തന്നെയായിരുന്നു. ആ പ്രവാഹത്തിനു ശക്തി കുറഞ്ഞപ്പോൾ താൻ തന്റെ മനസ്സിനെ പറഞ്ഞു മനസ്സിലാക്കി, തിരക്കു കാണുമായിരിക്കും എന്ന്. എന്നാൽ കത്തുകൾ ഒന്നും വരാതായപ്പോൾ തന്റെ മനസ്സിനെ എങ്ങനെ സമാധാനിപ്പിക്കണമെന്ന് തനിക്കറിയാതെ പോയി.

ഇന്നു മൂന്നു വർഷം തികയുന്നു. രാവിലെ വരുമെന്ന് പറഞ്ഞതാണ്. ഇതുവരേയും കണ്ടില്ല.

പെട്ടെന്ന് അങ്ങുദൂരെ നിന്നും പൊടി പറത്തിക്കൊണ്ട് ഏതോ ഒരു വാഹനം വരുന്നതു് സൂര്യ കണ്ടു. തന്റെ മനസ്സ് ഒരപ്പൂപ്പൻതാടിപോലെ ആ വാഹനത്തിനടുത്തേയ്ക്ക് പറക്കുന്നതുപോലെ സൂര്യക്കു തോന്നി.

"ദൈവമേ, അതിൽ നന്ദേട്ടൻ ആയിരിക്കണേ"!

പൊടി പറത്തിക്കൊണ്ട് പാഞ്ഞുവന്ന കാറതീ വീട്ടുമുറ്റത്ത് ഒരു ഞരക്കത്തോടെ നിന്നു. ഡോർ തുറന്ന് പുറത്തിറങ്ങിയ ഡ്രൈവർ ബാക്ക് ഡോർ തുറന്നു ഭവ്യതയോടെ മാറിനിന്നു. അതിൽനിന്നും പുറത്തിറങ്ങിയ ആളെ കണ്ടപ്പോൾ മനസ്സിൽ ഒരായിരം പൂക്കാലം.

നന്ദേട്ടൻ !

തന്റെ നന്ദേട്ടൻ

വീണ്ടും കാറിലേയ്ക്ക് ശ്രദ്ധ. നന്ദേട്ടന്റെ പിറകെ ഒരു പെൺകുട്ടി ഇറങ്ങി. പുറകെ ഒരു സ്ത്രീയും. കുട്ടി നന്ദേട്ടന്റെ കൈയിൽ തൂങ്ങി പൂമുഖത്തേയ്ക്ക് നടന്നു.

ആരായിരിക്കും ഇവർ!?

നന്ദേട്ടന്റെ............
ഭാര്യ..........?
കുട്ടി.........?

മനസ്സിൽ വിരിഞ്ഞ പൂക്കളൊക്കെ ഞെട്ടററു വീഴുന്നത് സൂര്യ അറിഞ്ഞു. മനസ്സിലെ സങ്കല്പങ്ങളൊക്കെ പൊട്ടിത്തെറിച്ചു. ആ ചൂടിൽ ശരീരത്തിൽ ലാവാപ്രവാഹം. ഉരുകിയൊലിക്കുന്ന ലാവ വസ്ത്രങ്ങളെ ആകമാനം നനച്ചു.

നന്ദേട്ടനെന്നെ വഞ്ചിക്കുകയായിരുന്നുവോ? എങ്കിലും നന്ദേട്ടനെന്തിനു കഴിഞ്ഞല്ലോ....

ജനലഴികളിൽ മുഖമമർത്തി തേങ്ങുമ്പോൾ പിന്നിൽ കതക് പാളികൾ കരഞ്ഞു.

പാദചലനം......
അത് അവൾക്കടുത്തുവന്നു
നിന്നുവോ
ഒരു കൈ തന്റെ തോളി
ലമരുന്നു...?
ഞെട്ടിത്തിരിഞ്ഞുനോക്കി.

"നന്ദേട്ടൻ.........?"

"അതെ നന്ദേട്ടൻ തന്നെ"

"തൊട്ടുപോകരുതെന്നെ".

അതൊരലർച്ചയായിരുന്നു.

"സൂര്യക്കുട്ടീ"

"അതെ സൂര്യക്കുട്ടി തന്നെയാണു പറയുന്നത്. കഴിഞ്ഞ മൂന്നു വർഷം ഈ വിളികേൾക്കാൻ എത്ര കൊതിച്ചെന്നോ? ഞാൻ എന്നും കുളിച്ചീറൻ മാറി പുളിയിലക്കര മുണ്ടുടുത്ത് മുടിയിൽ തുളസിക്കതിരും ചൂടി മാറത്തിക്കാവിലമ്മയ്ക്ക് വിളക്ക് വയ്ക്കുമ്പോഴും ഞാൻ പ്രാർത്ഥിക്കും, എന്റെ നന്ദേട്ടൻ എത്രയും വേഗം വരണമെന്ന്. പക്ഷെ ആ പ്രാർത്ഥനയുടെ ഫലം ഇങ്ങനെയായിരിക്കുമെന്ന് സ്വപ്നേപി ഞാൻ വിചാരിച്ചില്ല."

"അതിനിപ്പോഴും എന്തു പററി" നന്ദന്റെ സ്വരത്തിൽ ആകാംക്ഷ.

"വേണ്ട എന്നെ സമാധാനിപ്പിക്കാൻ ശ്രമിക്കണ്ട"

"എന്താ ഇവിടൊരു ബഹളം"? ഒരു സ്ത്രീസ്വരം കേട്ടപ്പോഴും സൂര്യ തിരിഞ്ഞു നോക്കി.

ഒരു......നന്ദേട്ടന്റെ കൂടെ വന്ന സ്ത്രീ— നന്ദേട്ടന്റെ ഭാര്യ.

"എനിക്കറിയില്ല ഇവളെന്തോ എന്നെ തെററിദ്ധരിച്ചിരിക്കുകയാണെന്നു തോന്നുന്നു." നന്ദൻ തിരിഞ്ഞ് ആ സ്ത്രീയോടു പറഞ്ഞു.

ആ സ്ത്രീ മെല്ലെ സൂര്യയെ സമീപിച്ചു മുഖം പിടിച്ചുയർത്തി.

"എന്താ മോളെയിത്...... ഇവൻ നിന്നെക്കാണാൻ എത്ര കൊതിച്ചാണെന്നോ വന്നത്? നിന്നെക്കുറിച്ചിവൻ പറഞ്ഞതെല്ലാം ശരിയാണല്ലോ? ശരിക്കും ഒരു തൊട്ടാവാടി. നീ എന്നെ പ്രതിയാണ് നന്ദനെ തെററിദ്ധരിച്ചതെന്നു തോന്നുന്നു. ഞാൻ ഇവന്റെ ഏട്ടന്റെ ഭാര്യയാണ്. നിന്നെ പെണ്ണുകാണാൻ ഇവൻ എന്നെ നിർബന്ധിച്ചു കൊണ്ടുവന്നതാണ്. ഇവന്റെ ഏട്ടൻ ഗൾഫിലാ. അദ്ദേഹം വന്നാലുടൻ കല്യാണം. എന്താ പോരെ....?" സൂര്യയുടെ കവിളിൽ മൃദുവായി തട്ടിയിട്ട് ആ സ്ത്രീ പുറത്തേയ്ക്ക് പോയി.

സൂര്യ മെല്ലെ മുഖമുയർത്തി. നന്ദേട്ടൻ നിന്നു ചിരിക്കുന്നു. ആ മാറിൽ ഒരു മുല്ലവള്ളിയായി പടർന്നു കയറുമ്പോഴും തനിക്കു പറ്റിയ വിഡ്ഢിത്തമോർത്തു ചിരിക്കുകയായിരുന്നു സൂര്യ.

സുനില കെ. ബി.
മൂന്നാം വർഷ ഡിഗ്രി
കണക്ക്

# കോളജ് കുറിപ്പുകൾ

കുറിപ്പുകൾ...............
കുറിപ്പുകൾ...............
ജീവിതത്തിന്റെ ഗതിക്കിടയിൽ
ഒരു മനുഷ്യന്റെ കുറെ വർഷങ്ങൾ.

ഒരു കൊച്ചുകുട്ടിയെപ്പോലെ
വരാന്തയിലൂടെ ഓടിപ്പോയതു് ഇന്നലെയായി
രുന്നുവോ ?
അപരിചിതരുടെ ഇടയിൽനിന്നു്
പരിചയക്കാരെ തെരയാൻ കണ്ണുതെണ്ടിയതു്
ഇന്നലെയായിരുന്നുവോ ?
പിന്നീടു് എല്ലാവരും പരിചയക്കാരായതു്,
എല്ലാവരോടും ചിരിച്ചതു് ഇന്നലെയായിരു
ന്നുവോ ?

ഞാൻ ഇവിടെയെത്തണമെന്നാഗ്രഹിച്ചു
വന്നല്ല
അക്ഷരത്തെത്തേടിയവൻ അക്ഷരത്തിലെത്തി
മനുഷ്യനെ തേടിയവൻ യന്ത്രത്തിലെത്തി
ആദ്യമാദ്യം ഇംഗ്ലീഷിന്റെയും
ഫിസിക്സിന്റെയും ക്ലാസ്സിൽനിന്നു്
കവിതകൾ കേൾക്കുംപോലെ തോന്നിയിരുന്നു
പിന്നെപ്പിന്നെ എല്ലാം പരിചയിച്ചു.
ഹോ ! ജീവിതം അതാണല്ലോ !
ഇന്നാണു് കോളജിൽനിന്നു്
ഒരു കണ്ണെനിക്കു് വീണുകിട്ടിയതു്
തിരിച്ചും മറിച്ചും ഞാൻ നോക്കി
ഒരു കണ്ണുതന്നെ. മനുഷ്യന്റെ കണ്ണു്
ആർക്കാണിവിടെവെച്ചു് കണ്ണു് നഷ്ടപ്പെട്ടതു്?
ഞാൻ തിരിഞ്ഞു നടന്നു.

പുസ്തകത്തിലെ ചിത്രങ്ങൾ പകർത്തു
മ്പോൾ
പിന്നിലൂടെ വന്നു് ആരോ കണ്ണുപൊത്തുന്നു.
കൊച്ചനിയത്തിയുടെ മുഖം പെട്ടെന്നു്
പാദസരം കിലുക്കിക്കൊണ്ടു്
ഹൃദയത്തിലേക്കു് ഓടിവരുന്നു.
വേദനയുടെയും ദുരന്തത്തിന്റെയും ദിനങ്ങളിൽ
എന്റെ ഹൃദയത്തിൽ തണുപ്പുപകർന്നവൾ,
പൊട്ടിച്ചിരിച്ചുകൊണ്ടു് എന്നിലേക്കോടിയെ
ത്തിയവൾ

എന്റെ കൊച്ചനിയത്തി.

ഹൃദയത്തിന്റെ കോണുകളിൽനിന്നു്
കളിപ്പാട്ടങ്ങൾ പുറത്തെടുത്തുവെക്കുമ്പോൾ
കൊച്ചുകുട്ടി ചോദിച്ചു ഇതെല്ലാമെന്താണു് ?
കളിപ്പാട്ടങ്ങൾ............
കളിപ്പാട്ടങ്ങൾ............
ഒന്നും മനസ്സിലാകാത്തപോലെ
പാവം എന്റെ കൊച്ചനിയത്തി ഇരുന്നു.

പിന്നെ എന്റെ കണ്ണുകളിലേക്ക് നോക്കി.

പ്ലാറ്റുഫോമുകളിൽ നിന്നാരും ഒഴി
യുന്നില്ല.
എല്ലാവരും സ്വന്തം ആശയങ്ങൾ പറയുന്നു.
"വരൂ ഞങ്ങളോടൊത്തു ചേരൂ"
തെരഞ്ഞെടുപ്പിനു രണ്ടുദിവസം കൂടി.
വിദ്യാർത്ഥികൾക്കിടയിൽ ആശയങ്ങൾ
ചെന്നുവീഴുന്നു നിങ്ങൾ ആരുടെകൂടെ ?
പെൺകുട്ടികൾക്കിടയിൽ വോട്ടുപിടിക്കാൻ
തിരക്കു കൂടുന്നു
പലരും ഒന്നും മിണ്ടുന്നില്ല
രണ്ടുദിവസം കഴിയട്ടെ.
അപ്പോൾ അറിയാമല്ലോ !

"നിങ്ങളെല്ലാവരും ഒരേപോലെ.
എനിക്കൊരു രാഷ്ട്രീയംല്യ" നീ പറയുന്നു.
സഞ്ചിയിൽ നിന്നെടുത്ത മാസികകളുടെ
താളുകൾ ഞാൻ ഓരോന്നായി മറിക്കുന്നു.
"നോക്കൂ എത്രയെത്ര തൊഴിൽരഹിതർ.........
എത്ര പട്ടിണിക്കാർ, ഇതാണെന്റെ നാട്,
ഇതാണ് നമ്മുടെ നാട്. ഒന്നു ചിന്തിച്ചുനോക്കൂ
ഞാൻ മാസിക നിന്റെ നേരെ നീട്ടുന്നു.
വായിച്ചു നോക്കൂ ചിന്തിക്കൂ"

വേണ്ട............

എല്ലാവരോടുമൊത്ത് ചിരിക്കാൻ തോന്നുന്നു.
ഇന്ന് എന്തൊരു സന്തോഷമാണ് !
ബാറിൽനിന്നു കിട്ടിയ സന്തോഷമാണോ
എന്നറിയില്ല. ഇന്ന് എന്റെ സഹോദരന്മാരും
സഹോദരിമാരും സ്വന്തം കലാവാസനകളുടെ
മാറ്റുരച്ചു നോക്കുന്നു.

ആർട്ട്സ് ഡേ
കുറേ കഴിയുമ്പോൾ കാണികൾക്കിടയിൽ
നിന്നും കലാപ്രകടനങ്ങൾ.
സ്റ്റേജിലെ പാട്ടിനോടൊപ്പം, പാട്ടും ഡാൻസും.
പിന്നെ എന്തൊക്കെ കോമാളിത്തരങ്ങൾ
അക്കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നുവോ ?

ആവോ ! എനിക്കറിയില്ല.
ഹോ ! സാരമില്ല യുവത്വമല്ലേ !

ഇന്നു സോഷ്യലാണ്
അദ്ധ്യാപകരും വിദ്യാർത്ഥികളും സംസാരിക്കുന്നു.
മൂന്നുവർഷത്തെ ബന്ധം,
വേർപാടിന്റെ വേദന.
ജീവിതപ്പാച്ചിലിനിടയിൽ
എവിടെവെച്ചെങ്കിലും കാണാം.
വീണ്ടും കാണുമ്പോൾ ഒന്നു ചിരിക്കണേ,
ഒരുവാക്കു പറയണേ............

ഇന്ന് പരീക്ഷയുണ്ടെന്ന ബോധം
തലച്ചോറിലെത്തിയത് പെട്ടെന്നാണ്.
ചോദ്യകടലാസിലെ അക്ഷരങ്ങൾ
എന്നെനോക്കി പല്ലിളിക്കും പോലെതോന്നി
പരീക്ഷാഹാളിൽ നിന്ന് എനിക്ക്
ബോധം തിരിച്ചു കിട്ടുന്നില്ലല്ലോ.

"എന്തുപറ്റി" — സാർ
"ഒന്നുമില്ല, ഒന്നുമില്ല ........സാർ"
അമ്മയുടെ കരച്ചിൽ ഇപ്പോഴും തലയിലടി
ക്കുന്നു.
ഒരു പെങ്ങളുടെ വിങ്ങിക്കരച്ചിൽ
ഞാനിപ്പോഴും കാണുന്നു.

വയ്യാ.........

എല്ലാവരോടും യാത്രചോദിച്ചു
മൂന്നുവർഷം ഈ വരാന്തയിലൂടെ പലരും പല
രോടും പറഞ്ഞു നടന്നതാണ്.
പലരോടും യാത്രപറയാനുണ്ട്.
പ്രിയപ്പെട്ട പലരോടും.
പുറത്ത്
ജീവിതം തന്റെ ഭയാനകമായ വായും തുറന്ന്
തന്നെ കാത്തിരിക്കുന്ന വിവരം താൻ അപ്പോഴും
അറിഞ്ഞിരുന്നില്ല.
ഗേറ്റിനു പുറത്തേക്ക് കാൽവെക്കവേ വീണ്ടും
ഞാൻ നിന്നു.
ഇനിയും ആരോടോ യാത്രചോദിക്കാനുണ്ടല്ലോ
ആരോടാണ്. ?
ഹൃദയത്തിന്റെ ഓരോ കോണിൽ നിന്നും
ചിരിക്കുന്ന മുഖം ആരുടേതാണ് ?

ഹൃദയത്തിന്റെ ഓരോമൂലയിൽനിന്നും
ഉയരുന്ന ശബ്ദം ആരുടേതാണ് ?
ആരോടാണ്,
ആരോടാണിനി യാത്ര പറയാനുള്ളത്
ഹോ! ഓർക്കുന്നു
പക്ഷേ എനിക്ക് നിന്നോട്
യാത്ര ചോദിക്കാൻ വയ്യല്ലോ !
ഒരിക്കലും.

**സുരേഷ് മാത്യു,**
രണ്ടാം വർഷ ഡിഗ്രി കണക്ക്.

# തിത്തോണസ്



വരണ്ട ചുണ്ടിൽനിന്നും വേദനാനിരാഗത്തെ
ഉതക്കഴിച്ചും കൊണ്ടും ഓർക്കയോർന്നു വൃദ്ധൻ,
യവനൻ, സൗഭാഗ്യത്തിൽ സൗധങ്ങളൊരായിരം
പണിതീർത്തതിൽ മേലേ വെൺകൊടിപറപ്പിച്ചോൻ
കിടപ്പൂപരിതാപം ! കരുമ്പൻ ദയാഹീനൻ
യമന്റെ വരവിനായ്, നീറുന്ന കൺകോണുമായ്.

ഉഷസ്സിൽ ദേവി തന്റെ പുഞ്ചിരി തൂവിൽ നിത്യം
ഭാസുരപ്പുലരികൾ ചാർത്തിടുന്നിപ്പോഴുംപോലും.
അവൾതൻ ചുണ്ടിന്നരുണാഭയാൽ കിഴക്കിന്റെ
കോട്ടകൾ ജ്വലിക്കുന്നൂ മാണിക്യപ്രഭയാലെ.
അവൾതൻ വിരലുകൾ പ്രപഞ്ച ക്ഷേത്രത്തിലെ
നൂതന വർണ്ണങ്ങൾക്ക, കറിക്കൂട്ടൊരുക്കവേ
അവൾതൻ നാദം ദൂരെ തോപ്പിലെ കുയിലിന്റെ
ചുണ്ടിലൂടൊരു ഗാനധാരയായ് ലയിപ്പുവേ;
വൃദ്ധനാണെങ്കിൽകൂടി, മനസ്സിൽ യൗവനത്തിൻ
ജ്വാലകളനവധിയുണ്ടവനാരാധിക്കാൻ.

ഇന്നവൻ വിധിതീർത്ത കയത്തിന്നടിത്തട്ടി-
ലൊരു പുൽക്കൊടി തേടി അലസമലയവേ
തെല്ലലൊന്നായൊരു ദേഹിയായ് കഴിഞ്ഞതൻ—
ദയിത പരിഹസിച്ചകന്നു മറയവേ
അപ്പരിഹാസത്തെയും അമൃതായ് മാററി സ്വയം,
നസ്സുന്നതീർത്തിയും വിട്ടവനയിർക്കുന്നു.

"മരിക്കുമെന്നോ നിങ്ങൾക്കിനിയും കൊതിയില്ലേ
അല്ലെങ്കിൽ മരണത്തിന്നാവതില്ലത്ര നൂനം
യൗവനത്തിൽ മാസ്മര ലഹരിയ്ക്കടിമയായ്
സർവ്വവും മറന്നനാളിനിയില്ലാരിലും."
മർത്ത്യനെങ്കിലും മൃത്യുഞ്ജയനായവൻ സ്വയം
ദേവിയെ പാണിഗ്രഹം ചെയ്യുവാനുറച്ചവൻ
കരവീര്യത്താൽ ശത്രുനിരകൾ മുറിച്ചവൻ
കാമനെ സ്വസൗന്ദര്യ കാമിതനാക്കിത്തീർത്തോൻ
പറഞ്ഞൂ മന്ദം "പ്രിയേ നിൻസ്വരം കേൾക്കുന്നേരം
കുറഞ്ഞീടുന്നൂ നിത്യമൊരു നൂററാണ്ടിൻപ്രായം !"

തനുകാന്തിയിൽ സ്വയമഹങ്കരിച്ചവൾക്കൊട്ടു
തിരിഞ്ഞുനോക്കി ഞെട്ടി വികൃതമാം തൽപ്പത്തിൽ
വൃദ്ധനാകിലും പതി ചിത്തമിന്നും യൗവ്വന
യുക്തമെന്നറിഞ്ഞവൾ ലജ്ജയാൽ മുഖംതാഴ്ത്തെ
വിരിഞ്ഞു യവനന്റെ ചുണ്ടുകളിന്മേലൊരു
പുഞ്ചിരി, വസന്തമായ്, അലിഞ്ഞാളവൾ വണ്ടായ്.

**ജയിംസ് പി. ജെ.**
മൂന്നാംവർഷ ഡിഗ്രി മലയാളം.

# ഇന്ത്യയുടെ ആത്മനൊമ്പരങ്ങൾ

1990 ആഗസ്റ്റ് 15 ഭാരതത്തിന്റെ 45-ാം സ്വാതന്ത്ര്യദിനമാണ്. ഭാരതജനതയുടെ ഏറ്റവും വലിയ സ്വപ്നം സ്വതന്ത്രമായ ഭാരതമായിരുന്നു. ആ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടപ്പോഴും ആഹ്ലാദം അടക്കാൻ കഴിയാതെ ആർത്തുവിളിച്ച ഭാരതമക്കൾ അതേ നാട്ടിൽ ഇന്ന് ദുഃഖം സഹിക്കാനാവാതെ വിങ്ങിപ്പൊട്ടുകയാണ്. സന്തോഷംകൊണ്ട് ആനന്ദനൃത്തം ചവിട്ടിയവർ തന്നെ ദുഃഖമകറ്റുവാൻ ഏതെങ്കിലും ധ്യാനമണ്ഡപത്തിൽ പ്രാർത്ഥനാനിരതനായ ഒരു ഏകാകിയെപ്പോലെ ആകുവാൻ ആഗ്രഹിക്കുന്നു. മാലാഖയെപ്പോലെ നൈർമല്യത്തോടെ സ്വാതന്ത്ര്യത്തെ പുൽകിയ ജനത ഇന്ന് ഏതൊക്കെയോ ശക്തികളെ ഭയപ്പെടുന്നു.

മോഹനാംഗിയായ നർത്തകി നിറപ്പകിട്ടാർന്ന വസ്ത്രങ്ങൾ മാറി മാറി അണിഞ്ഞ് വേദിയിൽ വർണ്ണം വിതറുന്നതുപോലെ, മാറി മാറി ഭാഷ സംസാരിക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ മുഴുവൻ ജനങ്ങളും ഏകമനസ്സോടെ ഇന്ത്യയുടെ അരങ്ങത്ത് വർണ്ണങ്ങൾ വിരിയിച്ചു. നാനാത്വത്തിൽ ഏകത്വം പ്രകടിപ്പിച്ച ആ ഫെഡറൽ സംവിധാനം ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ജനാധിപത്യ രാജ്യത്തിന്റെ മാന്യത കൂടുതൽ ഉയരങ്ങളിലേക്ക് ഉയർത്തി.

ഒരേ മനസ്സും ഒരേ ശരീരവുമാണെന്ന് ലോകം ഇന്ത്യയിൽ ദർശിച്ചിരുന്നെങ്കിൽ ചീട്ടുകൊട്ടാരംപോലെ ആ യാഥാർത്ഥ്യങ്ങൾ നാളുകൾക്കുശേഷം തകർന്നടിയുന്നു. നാം അനുഭവിച്ച സത്യങ്ങൾ കളിമൺപാത്രങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന നിധിപോലെ സുരക്ഷിതമല്ലാതെ തകരുന്നു. സമാധാനത്തിനുവേണ്ടി ദാഹിച്ച ലോകത്തിന് ശാന്തിമന്ത്രം ഓതിക്കൊടുത്ത ഭാരതാംബിക ശാന്തിക്കുവേണ്ടി അലയുന്നു. ലോകസമാധാനത്തിനു വേണ്ടി എന്നും നിലകൊള്ളുവാൻ വിധിയുടെ [illegible] മാനവ മനസ്സാക്ഷിയെ ആകർഷിച്ചവർ ശാന്തിയിൽനിന്നും അകലുന്നു.

ഈ അവസ്ഥയിൽ ഇന്ത്യയെ എത്തിച്ച സാഹചര്യങ്ങൾക്കെതിരെ ദേശസ്നേഹികളായ മുഴുവൻ പൗരൻമാരുടെയും മനഃസാക്ഷി ഉണരേണ്ടിയിരിക്കുന്നു. കക്ഷിരാഷ്ട്രീയത്തിന്റെയും സാമുദായിക, വിഭാഗീയ, വിഘടന സ്വാർത്ഥ താൽപ്പര്യങ്ങളുടെയും പേരിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ഊതിവീർപ്പിക്കുകയും ചെയ്യു നാം തന്നെവേണം ഇതിനെതിരെയും പ്രതികരിക്കുവാൻ.

ഇന്ത്യയുടെ ഐശ്വര്യത്തിലും നിലനില്പിലും വളർച്ചയിലും നിർണായക പങ്കുവഹിച്ച പഞ്ചാബ്. രാജ്യത്തിന്റെ സ്വാതന്ത്ര്യം നേടിത്തരുവാൻ ആത്മാർപ്പണം ചെയ്ത ധീരദേശാഭിമാനികളുടെ നാട്. അയൽരാജ്യങ്ങളുടെ ആക്രമണങ്ങളിൽനിന്ന് നാടിനെ സംരക്ഷിക്കുവാൻ പോരാടുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്ത മഹാരഥന്മാരുടെ ദേശം. പുണ്യനദികളുടെ സംഗമം കൊണ്ട് അനുഗ്രഹീതമായ ആ പുണ്യഭൂമി ഇന്ന് കൊലക്കളമായി മാറിയിരിക്കുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടനയെപ്പോലും ചോദ്യം ചെയ്തുകൊണ്ട് തീവ്രവാദികൾ ഉയർത്തിവിട്ട മുദ്രാവാക്യങ്ങൾ ഇന്ന് രാജ്യമാകെ അപലപിക്കുന്നു. രാജ്യത്തിന് അനുവദിക്കുവാൻ കഴിയാത്ത ആവശ്യങ്ങളുടെ പേരിൽ എത്രയോ നിരപരാധികളുടെ ജീവൻ അപഹരിക്കപ്പെട്ടു. ആ നീക്കങ്ങളെ അടിച്ചമർത്താൻ വേണ്ടി ഭരണകൂടങ്ങൾ നടത്തിയ ശ്രമങ്ങളും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനപ്പുറത്ത് ഗുരുതരമാക്കിമാറ്റി. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും കാത്തുസംരക്ഷിക്കുവാനുള്ള പോരാട്ടത്തിൽ നാടിന്റെ പ്രധാനമന്ത്രി ഇന്ദിരാ പ്രിയദർശിനി ഉൾപ്പെടെ രക്തം ചിന്തി ജീവാർപ്പണം ചെയ്തവരേറെ. പക്ഷേ പഞ്ചാബ് കത്തിജ്വലിക്കുകയായിരുന്നു. തീവ്രവാദികൾ കാട്ടിക്കൂട്ടിയ ക്രൂരമായ ഇത്തരം സാഹചര്യങ്ങളെ പഞ്ചാബിലെ ദേശസ്നേഹികളായ മുഴുവൻ ജനതയും ഒറ്റക്കെട്ടായി അപലപിക്കുക എന്നത് ആശ്വാസകരവും പ്രതീക്ഷാനിർഭരവുമായി നമുക്കുകാണാം.

ബ്ലൂസ്റ്റാർ ഓപ്പറേഷന്റെ പേരിൽ വർഷങ്ങൾക്കുമുമ്പ് രാജ്യ സിരാകേന്ദ്രമായ ഡൽഹിയിൽ അരങ്ങേറിയ ഭീകരാന്തരീക്ഷവും മനുഷ്യവേട്ടയും ആരുടെ മനസ്സുകളെയാണ് വേദനിപ്പിക്കാത്തത്. മനസാ വാചാ കർമ്മണാ കുറ്റക്കാരല്ലാതിരുന്ന ആയിരക്കണക്കിന് സിക്ക് സ്നേഹിതന്മാരുടെ രക്തം പുരണ്ട ശരീരങ്ങളും ആത്മാവ് നഷ്ടപ്പെട്ട് തലസ്ഥാന നഗരിയിൽ അവശേഷിച്ചു. എപ്പോഴും വേണമെങ്കിലും എന്തും സംഭവിക്കാമെന്ന അവസ്ഥയിൽ ഭീതിയുടെ നിഴലിൽ കഴിയേണ്ടിവന്ന പൗരന്മാർ നിരവധി.




വർഗ്ഗീയതയുടെ പേരിൽ വിവിധ സംസ്ഥാനങ്ങളിൽ രൂപംകൊള്ളുന്ന ചിന്താധാരകൾ മുളയിലേ നുള്ളിക്കളയേണ്ടത് ആവശ്യമാണ്. ജമ്മുകാശ്മീരിലും ആസ്സാമിലും ഒക്കെ പൊട്ടിപ്പുറപ്പെട്ടവയും ഗുരുതരമായ പ്രശ്നങ്ങൾതന്നെ. ഹരിജനങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി പത്തുവർഷത്തേയ്ക്കുകൂടി സംവരണം തുടരുമെന്ന് പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഉത്തർപ്രദേശിലും സമീപപ്രദേശങ്ങളിലും പൊട്ടിപ്പുറപ്പെട്ട സാമ്പത്തിക സംവരണ സമരം—സാമ്പത്തിക സംവരണം നടപ്പിലാക്കുവാൻ അനുയോജ്യമായ നടപടികൾ സ്വീകരിക്കുമെന്നും സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ഉയർത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമെന്നും ഉറപ്പ് ലഭിച്ചിട്ടും ലഹളകൾ നടത്തുന്നവർ ജനോപകാരികളല്ല-ജനവിരുദ്ധരാണ്. സമരവും ലഹളയും രണ്ടും രണ്ടാണ്. ഈ ലക്ഷ്യവും നേടിയെടുക്കുവാൻ ചിലർ കണ്ടുപിടിച്ചിരിക്കുന്ന കുറുക്കുവഴികൾ തികച്ചും കുത്സിത മാർഗ്ഗങ്ങളാണ്. പൊതുമുതൽ നശിപ്പിക്കലും അക്രമ ഭീകര പ്രവർത്തനങ്ങളുമാണ് ഇവരുടേയും ലഹളമാർഗ്ഗങ്ങൾ. സാമ്പത്തിക സംവരണം നടപ്പിലാക്കേണ്ടത് സമൂഹത്തിലെ ദരിദ്ര വിഭാഗങ്ങളുടെ ഉയർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. പക്ഷെ അതിന്റെ പേരിൽ നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളും സംവരണവും നിർത്തലാക്കണമെന്ന് പറയുന്നതിൽ അർത്ഥമില്ല. ഈ ആവശ്യങ്ങൾ അംഗീകരിപ്പിക്കുവാൻ ജീവൻ അപഹരിച്ചു കൊണ്ടുള്ള സമരങ്ങളാണോ നമുക്ക് ആവശ്യം. ഒരു തലമുറയ്ക്ക് നേതൃത്വം നൽകാനുള്ള ഇന്നത്തെ സ്നേഹിതന്മാർ ചിന്തിക്കണം.

മനീഷ് ജോസഫ് ഒന്നാംവർഷ ഡിഗ്രി ഇക്കണോമിക്സ്

# പോത്തുട്ടൻ

'ററ', കളിനിറുത്തുന്നതു്വരെ എന്റെ കൂടെണ്ടാർന്നു്. പെലാ ല്ച്ചെ് തടഞ്ഞാൻ കാലത്തു് ത്തു്ക്ക്, മമ്പാണു് വെള്ളംകൂടി ക്കാനാന്നു്പറഞ്ഞു് മാറിയതു്, അവ്ടേം ഇവ്ടേംമൊക്കെ തപ്പി നോക്കി, എങ്ങുംല്യ ഞാൻ ങ്ങ്ട് പോന്നു. അല്ലാണ്ടെന്താചെയ്യാ ഇനിപ്പം പകൊരത്യാടു്? പറ യാം, തുന്നെ'' – പോത്തുട്ടൻ ക ണ്ണു്മിഴിച്ചുകൊണ്ടു് പറഞ്ഞു് നിറുത്തി. കൂടുതലൊന്നും പറയാ നില്ലാത്ത 'കമ്പൻ' പോത്തുട്ടൻ പടിഞ്ഞാറെകോയിക്കലെ നാ ലുകെട്ടിന്റെ മൂലയിൽ വളഞ്ഞു കൂടി കിടക്കാൻ പോയി. ഇനി പ്പം, ആകാശം ഇങ്ങ്ട് ഇടി ഞ്ഞു വീഴ്ണൂന്നു് പറഞ്ഞാലും, പോത്തുട്ടൻ അയാളുടെ ചാക്കി ന്റെ ഉള്ളീന്നു് പൊറത്തു് വ രൂല്ല. കാരണം, ഇന്നലെ രാത്രി റക്കം ഒഴിച്ചിട്ടു് വരാ.

നട്ടപ്പാതിരക്കും മററും ചില പ്പോഴം പോത്തുട്ടൻ കാവിലേ ക്ക് പോകുന്നതു് കാണാം. ചളി യുടെ നിറമുള്ള ഒരു തോർത്താണ് വേഷം. കോണകത്തിന്റെ വാ ൽ അടിയിലേക്ക് തൂങ്ങികിട ക്കുന്നതു് കണ്ടു് സ്കൂൾ കുട്ടികൾ കളിയാക്കാറുണ്ട്. എല്ലാ സമയ ത്തും ഒരു റാന്തൽ വിളക്ക് കൈ യ്യിലുണ്ടാവും. ഉരുണ്ടുകുണ്ടു്കൊ ണ്ടുള്ള തീക്ഷ്ണമായ നോട്ടം, നരച്ചതാടി, ഒക്കെക്കൂടെ ആകെ വികൃതം. രാത്രി ഒററയ്ക്കെ ണ്ടാൻ കണ്ടുപോയാൽ ഭയന്നു് ഓടിപ്പോകും. മുത്തച്ഛൻ മേതല മലയിൽനിന്നും പോന്നപ്പോഴം ഒരു ദിവസം കൊണ്ടുവന്നതാ ണു്. കാവിലെ കഴകത്തിനാ യിരുന്നു ഇയാളെ കൊണ്ടുവന്ന തു്. പിന്നെ ഇവിടുന്നു് പോ കാറില്ല. ലോകം [illegible] ള്ള മാററമായിട്ടും പോത്തുട്ടനു് മാററം ഉണ്ടായില്ല.

ഇന്നലെ കുഞ്ചുമ്മാനെ "ദു ര്യോധന വധം" കാണിക്കു വാനി കറുകടത്തേക്ക് കൊണ്ടു പോയതു് പോത്തുട്ടനാണ്. ദു ര്യോധന വധം കഥയവിടെ യുണ്ടെങ്കിലും കുഞ്ചുമ്മാൻ പോ കാറുണ്ട്. കൃഷ്ണൻനായരു് ദുര്യോ ധനൻ കെട്ടുന്നതാണ്. അതാവ നിശ്ചും. നമ്പീശനാശാൻ പദ്യോം വേണം. ആഹാ......... സുഖമി ല്ലാതായതിൽ പിന്നെ കഥക ളിക്ക് ദൂരെയെങ്ങും പോകാറി ല്ല. പിന്നെ പത്തറുപത് വയ സ്സും ആയില്ലേ. അടുത്ത കാല ത്താണ് അസുഖം ഉണ്ടായതു്. ചിലപ്പോഴം കണ്ടതൊക്കെ വി ളിച്ചുപറയും. "മനസ്സിലെ ആന യെ പാടത്തു വച്ചു് കൊന്നതും. കുതത്തോലവെട്ടി ഇറങ്ങുമ്പോ ഴം കോന്നൻ പുലയൻ താഴെച്ചാ ടി ചത്തതും'' മററും. പൊറ ത്തെ നായന്മാരൊക്കെ പറയ ണതു് ഭ്രാന്താണെന്നൊക്കെയാ ണു്. എന്നാൽ, കുഞ്ചുമ്മാനു്



സി. കെ. ദിനേശ്

കാര്യങ്ങളെക്കുറിച്ചു് നല്ലതിരി ച്ചറിവുണ്ടുതാനും. ഓപ്പ പറ ഞ്ഞാൽ കുഞ്ചുമ്മാവൻ അങ്ങനെ അനുസരിക്കുന്ന ആളായിരുന്നു. ഒരിക്കലൊഴിക്കാനൊന്നും ഓപ്പ വിടാറില്ല. നിർബന്ധം പിടി ച്ചാൽ ആരുടെയെങ്കിലുംകൂടെ വിടും.

പോത്തുട്ടൻ ഒററ്ച്ചുകൊടു ത്തുകൊണ്ടാണു് കറുകടത്തേക്കു് ഓപ്പ വിട്ടതു്. "തിരുമ്പാനെ, എൻ നോക്കിക്കോളാം നാലും ദുര്യോധനവധം കാണട്ടെ. നട്ട പ്പാതിരക്ക് റാന്തൽ വിളക്കും കൊണ്ടു് ലോകം മുഴുവൻ ചുററു ന്ന പോത്തുട്ടൻ കുഞ്ചുമ്മാനെ നോക്കി കൊള്ളുമെന്നു് ഓപ്പ ക്കും ഉറപ്പുണ്ടായിരുന്നു വെയി ലാറി ഏറെ കഴിഞ്ഞില്ല. കുഞ്ചുമ്മാൻ കോടിമുണ്ടും, അല ക്കിവച്ചിരുന്ന ജുബ്ബായും ധരി ച്ചു് ഒരു കസവു് തോർത്തും എടുത്തു് ഇറങ്ങി, പോത്തുട്ടനു്, വേഷംമാററാ പരിപാടിയൊ ന്നുമില്ലല്ലോ. പോത്തുട്ടന്റെ പിറകെ കുഞ്ചുമ്മാനും ഇറങ്ങി കിഴക്കേ പാടത്തിന്റെ ഓരത്തു കൂടെ മറയുന്നതുവരെ ഓപ്പ നോ ക്കിനിന്നു.

കുഞ്ചുമ്മാൻ ചെറുപ്പംമുതലേ ഒരു കലാകാരനായിരുന്നു വെ ന്നു് കേട്ടിട്ടുണ്ട്. സംസ്കൃതംപഠി ക്കുമ്പോഴം തന്നെ നാരായണൻ മൂസ്സിന്റെടുത്തു് പോയി തായ മ്പക വശത്താക്കിയിരുന്നു. 'മൂസ്സ്'ാണ് കഥകളിയെക്കുറിച്ചു് പറഞ്ഞുകൊടുത്തതു്. ഒപ്പം കൊ ണ്ടുപോയി കഥകളി കാണി ക്കാറുണ്ട്. പിന്നെ കഥകളി യോടു് കമ്പമായിരുന്നു കുഞ്ചു മ്മാന്. നാട്ടില് കഥകളിക്ലബ്ബ് ഉണ്ടാക്കിയതു് കുഞ്ചുമ്മാനാണ്. മാസത്തിലൊരിക്കൽ ഒരു കഥ യും വയ്ക്കാറുണ്ട്. ഒരിയ്ക്കൽ പാട്ടുകാരൻ കൈരവക്കുറുപ്പ് എ ത്താൻ വളരെ വൈകി. കാണി കളുടെ ബഹളംമൂലം കുഞ്ചുമ്മാ നും അല്പം ദേഷ്യത്തിലായി രുന്നു കുറുപ്പിന്റെ നേരെ കുഞ്ചു മ്മാൻ തട്ടിക്കയറി. മൂക്കററം കുടിച്ചിരുന്ന കുറുപ്പിനു് ദ്വേഷ്യ ത്താണ്ട് ശുണ്ഠി. കുഞ്ചു മ്മാൻ പറഞ്ഞതൊന്നു*

കുറുപ്പിനു് ഇഷ്ടപ്പെട്ടില്ല. പോരാത്തതിനു്, കുറുപ്പ് പേരു കേട്ട പാട്ടുകാരനുമാണല്ലോ. കുറുപ്പ് എന്തു ചെയ്തെന്നോ, കയ്യിലിരുന്ന ചേങ്ങില വച്ച് കുഞ്ചുരാമന്റെ തലയ്ക്കിട്ട് ആഞ്ഞൊരടി. പാവം, കുഞ്ചുരാമൻ നിലത്തുവീണു. ആർക്കും ഇതു് സഹിച്ചില്ല. പിന്നെ എന്താണവിടെ നടന്നതു്. ഒന്നും പറയണ്ട. "പാട്ടുകാരൻ കുറുപ്പിനെ മൃഗീയമായി ആക്രമിച്ചു" എന്നൊക്കെയാണു് പത്രങ്ങളിൽ വന്നതു്. ആ വീഴ്ചയോടെയാണു് കുഞ്ചുരാമന്റെ ഓർമ്മ നശിച്ചതും വേണ്ടാത്തതൊക്കെ വിളിച്ചു പറയാൻ തുടങ്ങിയതും. പിന്നീട് അവിടെ കഥകളിയും ഉണ്ടായിട്ടില്ല.

ചില സമയത്തു് കുഞ്ചുരാമൻ പെട്ടെന്നു് ഓർമ്മയില്ലാതെ വരും. ഏതാണ് സ്ഥലമെന്നും, എന്തിനാണ് വന്നതെന്നും മറ്റും കൂടെയുള്ളയാളാം പറഞ്ഞുകൊടുക്കണം. അതുകൊണ്ടാണ് എപ്പോഴും കുഞ്ചുരാമന്റെ കൂടെ ആളുവേണമെന്നു് ഓപ്പ പറയാറുള്ളതു്. പോത്തുട്ടന്റെ കൂടെ വിടാൻ ഓപ്പക്കു് മടിയായിരുന്നു. കാരണം പേരുപോലെ തന്നെയായിരുന്നല്ലോ ആളും. "അതൊന്നും കൊഴപ്പോല്യാ എന്റെ ഓപ്പേ, എന്റെ കാര്യം ഇനി ഞാൻ തന്നെ നോക്കിക്കോളാം" എന്നു് കുഞ്ചുരാമനും പറഞ്ഞിരുന്നു. പക്ഷേ കഥകളി കഴിഞ്ഞു് മടങ്ങിയപ്പോഴും, പടിഞ്ഞാറെ കോയിക്കലേക്കു് പോത്തുട്ടൻ മാത്രമേ എത്തിയുള്ളൂ.

"കറുകടം തോടിന്റെ വശത്തുള്ള മുളം കാട്ടിൽ ഏതോ ഒരു വൃദ്ധന്റെ ശവം അടിഞ്ഞിരിക്കുന്നു" എന്നു് ആരോ പത്രത്തിൽ വായിക്കുന്നതു് കേട്ടു് പടിഞ്ഞാറെ കോയിക്കൽ ഉറക്കം ഉണർന്നു തുടങ്ങിയിട്ടേയുള്ളൂ. കിഴക്കേ മുറിയിലെ കട്ടിലിൽ ഓപ്പ കരയാനാവാതെ കമഴ്ന്നുകിടന്നു. പോത്തുട്ടൻ പതിവുപോലെ ഒരു കൊട്ട പൂവുമായി കാവിലേക്കു നടന്നു നീങ്ങി. കൂടെ റാന്തൽ വിളക്കുമുണ്ടായിരുന്നു.




നമ്മുടെ കോളജ് മാഗസിൻ നടത്തിയ അന്തർസർവ്വകലാശാല ചെറുകഥാമത്സരത്തിൽ ഒന്നാംസമ്മാനർഹമായ കഥയാണ് "പോത്തുട്ടൻ". പെരുമ്പാവൂർ S. S. V കോളജിലെ സി. കെ. ദിനേശനാണ് കഥാകൃത്ത്. കഥകൾ മൂല്യനിർണ്ണയം നടത്തിയ പ്രൊഫ: സി. റ്റി ഫ്രാൻസിസ്, (സെ. തോമസ് കോളജ്, പാലാ) ബ്രദർ സാജു പൈനാടത്ത് എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

—എഡിറ്റർ.

# A FEARLESS KID

"What are you doing, Mister ?

Reen forze, the arch of his boot suspended above the spade. Slowly he brought his foot down and pushed the shovel into the deepening hole.

'Is'nt it late for a little fellow like you to be out ?" Reen asked as he scanned the trees at the edge of the clearing. All the houses in the subdivision beyond were dark, as they should be at three o'clock in the morning.

'I am camping,' the child declared. "My dad pitched a tent in our back yard and I'm staying in it all night".

"By yourself?" Reen querried. "Yeah. All by myself. I'm eight, you know". "Eight, huh?" Reen resumed digging. "Didn't your folks warn you that it could be dangerous to wander around alone at night?"
"Sure"

But it apparently didn't frighten this kid. Murder and kidnapping and child - molesting were themes for TV serials, not real life. Reen swore under his breath. No wonder there was so much depravity in the world. People went around asking for trouble. Reen studied the silent boy, who was staring into the black void, spell bound.

"Ever been to China?" Reen asked, remembering his child - hood.
"No"
"Me neither". Reen continued scooping out mounds of dirt. "Always wanted to go to someplace exotic. Can't afford it, though, so I decided to dig my own passage".

"That's silly. If I really believed you, I'd think you were awfully dumb". A disgusted look crossed the young features "Don't you know that the middle of the earth is probably metal or something real hot like lava?"

"How did you get so smart, kid?"

"I'm in the third grade. We have big pictures of the earth in our class and we even read a book all about rocks and volcanoes and earthquakes. I have my own library card."

"That's nice. Now don't you think it is time you climbed into your sleeping bag so you won't fall asleep in school tomorrow?"

"Tommorrow is Saturday".

"Little kids need lots of sleep".

"I'm not tired. Wants me to dig, for a while?"

"No!"

Reen hadn't meant for that to com out so harshly. He liked kids. He really did. Wasn't it for their sakes that he came out to this power line once every month, neatly lifted out a patch of sod, and dug a hole just to the bottom of the water penetration level ? The future, that's all he was thinking of....... .

"Are you breaking the law?" the boy asked, not fearfully, but just curious.

"Me ?" Reen managed to laugh.
"Is it against the law to dig for buried treasure?" That ought to get the kid.
"This land belongs to the Power Company. My dad said so. They keep it all mowed, but we can play in it. Mummy said it was just like owing a bigger lot because there'll never be any houses behind ours".
"That's well, kid".

"So, if you find treasure, it won't belong to you, will it ?"
"Finders keepers. You won't tell on me, will you, kid?" Reen furrowed his brow and scowled in what he hoped was a very intimidating way.
"Why shouldn't I ?"
Since when were eight-year-olds so totally fearless?

Try another tactic......
"I need this money" Reen leaned wearily against his shovel.
"I have got four kids of my own to feed". He wasn't even married, but the kid did not have to know that. And money wasn't a problem for Reen, either. He was doing this for the principle of the thing, that's all.
"Name them".
"What ?"
"Name your kids".
"Well, let's see......"Was the boy actually trying to trap him? "There's Melissa, she is twelve, and Johny is nine........."
"What class is he in ?"
"Uh, third".
"Same as me. Did he flunk?"

"No. No. He was just sick a lot last year". Reen tromped the shovel hard. Finish, this task and get back to the apartment, that warren of six hundred people breathing the air, eating the food, using up coal and oil and gas and making waste. Tons and tons of waste every year.

",who else!"
"Who else what?" Reen retorted. Thank goodness the hole was almost deep enough. Now to get rid of the boy.
"What are your other kids' names?"
"Susie and Mary. Now run along home before I report you to your parents".
"You would not do that".
"Oh, want a bet?"
"Yeah".
Reen scowled for real.
"And what makes you think that?" he demanded.
"Because of whatever you have got in the plastic bag".
The boy nodded toward the dark bulk behind Reen.
"It's.............it's............look, kid, the truth is. I'm burying treasure, not digging it up".

"Oh?" How skeptical can a child get?
"Yeah". Reen warmed to his tale.

"You see, I inherited a.....................a million bucks from.....................from my

Great — uncle Joe, but I don't want my wife to know it".
"How come you don't wear a wedding ring?"
"What are you, a detective or something?"
"I watch the Bloodhound Gang on T V," the boy said by way of explanation.
"Good for you. Now run along or that blood hound will have to come looking for you by morning."

"It's not a dog. It's kids. Would you really hurt me?"
Reen lifted the bag, then paused. He had to dump the contents. The stuff had to rot. All his good intentions would be

for nothing if the bag stayed tied up, but he sure didn't want the boy watching. Damn the kid, any way.

"would you hurt me, Mister" he repeated. "May be." Reen looked as mean as he could, which was getting easier by the minute. He should have been back on his water bed by now, lulled to sleep by the warmth and motion instead of standing in a field arguing with this boy.

"What!" the child wrinkled his nose. "That sure stinks. It can't be money". He reached out and touched the bag.

It was rather squishy. Money wasn't squishy.

"It's Johny", whispered Reen. "He wasn't a good son,

He did not obey me. He was bad, very bad". The boy started backing away. "I had to punish him. I had to set an example for my other kids so they'd behave." Reen lifted the bag. "Too bad about Johny, though---------"

Suddenly the boy broke into a run. In an instant he had disappeared into the shadow of the trees. Doubtless he'd tell his father. Reen emptied the contents of his sack and began scraping dirt into the hole. Pity. This had been such a good place. Reen looked up at the power lines striping the starry night. The land wasn't being used. And it wasn't as though he was burying cans or glass or newspapers or plastic. Heck no, he recycled all those thing. But in the city you had to bag up your waste meterials and leave it out side the apartment door every Friday. Every Friday, hundreds and hundreds of plastic bags, last-forever plastic bags, lining the halls. It sickened Reen.

Shouldering his spade, he started toward his car. He'd just have to find another place to bury his garbage, that's all there was to it. He couldn't take a chance on coming back here and being caught. Didn't want to be fined. Sad, this had been such a perfect place, for more than a year. the perfect burial site. Still, Reen couldn't help grinning at the image of a group of policemen gathered around his latest hole, peering anxiously into the depths for blood a bone a flesh. Might be some chicken bones in there, OFFICERS.

EMMANUEL N. T.
Ist Year degree Botany.

# മൃത്യുഞ്ജയം



അനിൽ പെരവ
രണ്ടാംവർഷ ഡിഗ്രി കണക്ക്

അയാൾ നടക്കുകയാണ്; ബോധമണ്ഡലത്തിൽ ഉദ്വിഗ്നതകളില്ലാതെ കാലടികൾ മുന്നോട്ട് ചലിക്കുകയാണ്, യന്ത്രങ്ങളെപ്പോലെ. അയാൾക്ക് മുമ്പ് ഉണ്ടായിരുന്ന, അയാൾക്കു ശേഷം ഉണ്ടായിരിക്കുന്ന മറവിപ്പാതയിലൂടെ കാലുകൾ ചലിക്കുമ്പോൾ, ശരീരത്തോട് ചേർന്ന് അയാളുടെ ശിരസ്സ് സഞ്ചരിക്കുന്നു. മുൾപ്പടർപ്പിന്നിടയിലൂടെ തലനീട്ടിനിന്ന തെരുവനാരുകളിൽ തുള്ളികെട്ടിയ ഹിമകണങ്ങൾ പാറിവന്ന തണുത്ത കാറ്റിൽ മണ്ണിൽ വീണുചിതറി; മറുപറമ്പിലെ പൊന്തക്കാട്ടിന്റെ പിള്ളയിലിരുന്ന മഞ്ഞക്കിളി നേർത്ത ശബ്ദത്തിൽ കരഞ്ഞു. പറന്നകന്നപ്പോൾ മരിക്കാൻ കാത്ത പൂക്കളിലൊന്ന് അയാളുടെ മുന്നിൽ തലതല്ലിവീണു. ഒന്നും കാണുന്നുണ്ടായിരുന്നില്ല. കേൾക്കുന്നുണ്ടായിരുന്നില്ല; കാലുകൾ ചലിച്ചുകൊണ്ടേയിരിക്കുന്നു. ചെമ്പരത്തിപ്പൂവ്, പാദത്തിന്നടിയിൽ ചതഞ്ഞരഞ്ഞു.

ഹോസ്റ്റൽ മുറിയിലെ ടേബിൾ ലാമ്പിന്റെ ചെറിയ വെളിച്ചത്തിൽ, രസതന്ത്രത്തിന്റെ ഭൗതികതയിൽ വിലയിച്ചിരിക്കെ ഏതോ ഉൾവിളിയുടെ പ്രേരണയാലെന്നവണ്ണം ചലനമാരംഭിച്ചിരിക്കുകയായിരുന്ന ആ കാലുകൾ. ഒപ്പം അയാളും. എങ്ങോട്ടേക്കെന്ന് അറിഞ്ഞിരുന്നില്ല; ഇപ്പോഴും അറിയുന്നില്ല. എങ്കിലും അയാളറിയുന്നു, സുപരിചിതമത്രെ ഈ മൺപാത. ഈ പാതയുടെ ഓരോ മുക്കും മൂലയും തന്റെ ജീവനുള്ളതായിരുന്ന പാദങ്ങളാൽ ഇക്കിളി പൂണ്ടിരുന്നത്രെ! ചവട്ടിൽ തുടങ്ങി, തലക്കുമീതെ കൈകോർത്തു വളരുന്ന വേലിപ്പടർപ്പുകളിൽ ഒരുപാട് തവണ തന്റെ കൈവിരലുകൾ തട്ടി ചോര പൊടിഞ്ഞിരുന്നത് അയാൾ ഓർമ്മിച്ചു. പക്ഷേ... ഇപ്പോൾ തീരെ ഓർമ്മയില്ല. ഈ പാതയുടെ അന്ത്യത്തിലെ ഒന്ന്! പലവുരു ശ്രമിച്ചെങ്കിലും ഊഹിക്കാ

നായില്ല, ലക്ഷ്യമെന്തെന്ന്. തിരിഞ്ഞുനടക്കണമെന്ന് മനസ്സ് തീവ്രമായി മോഹിച്ചെങ്കിലും കാലടികൾ മുന്നോട്ട് നീങ്ങിക്കൊണ്ടേയിരുന്നു. വളവ് തിരിയുകയാണ്. ഇരുവശത്തേയ്ക്കും പിളരുന്ന പാതയുടെ വലതുവശം ലക്ഷ്യമാക്കി പാദങ്ങൾ ചലിച്ചു. എന്തേ ഇടതുവശത്തേക്ക പോയില്ല ?

ചിന്തിക്കണമെന്നാഗ്രഹിച്ചു... കഴിഞ്ഞില്ല. ചിന്തിക്കാൻ അക്ഷരങ്ങളില്ലായിരുന്നു...ആശയങ്ങളില്ലായിരുന്നു......... പകരം അമൂർത്തമായ ശൂന്യതമാത്രം...അപ്പോഴും അയാൾക്കറിയാമായിരുന്നു...തന്റെ പാത തെറ്റിയിട്ടില്ല. ആ അറിവ് എങ്ങിനെയായിരുന്നു...എന്തിനായിരുന്നു...ലക്ഷ്യമറിയാതെ പാത നിർണ്ണയിച്ചതെങ്ങിനെ...അയാൾക്കൊന്നും അറിയില്ല അയാൾ നടന്നുകൊണ്ടേയിരുന്നു...ചെരുപ്പിനും പാദത്തിനുമിടയിൽ ഇക്കിളിപ്പെടുത്തുന്ന പുൽനാമ്പുകളോരോന്നും തന്റെ സുഹൃത്തുക്കളായിരുന്നുവെന്ന് എന്തിനോ അയാൾ ഓർത്തു. എവിടെ വെച്ചാണ് ഇവറ്റകളോട് താൻ ചങ്ങാത്തം കൂടിയത് ? ഓർമ്മയില്ല... പുൽനാമ്പിലുറഞ്ഞുകൂടിയ ഈ മഞ്ഞുതുള്ളികൾ കാഴ്ച തെളിയുവാൻ തന്റെ കണ്ണുകളിൽ ഇററിച്ചുതന്നിരുന്ന ആരെയോ അയാൾ ഓർത്തു. പെട്ടന്നുണ്ടായ ആ സ്മരണയിൽ അയാളുടെ മിഴികൾ തിളങ്ങി...ചുണ്ടുകൾ വിറച്ചു. ആരായിരുന്നു അതു്. ആ മടിത്തട്ടിൽ തലചായ്ച്ചു കിടക്കുമ്പോൾ പുളകംകൊണ്ടിരുന്നതു്...ആ കരപല്ലവങ്ങൾ ശിരസ്സിൽ ഒഴുകിനടക്കുമ്പോൾ മയങ്ങിയുറങ്ങിയിരുന്നതു്...ആ നിശ്വാസങ്ങൾ കവിളിൽ വിയർപ്പിററിക്കുമ്പോൾ നിർവൃതി പൂണ്ടിരുന്നതു്...എല്ലാം അയാൾ ഓർത്തു. എത്ര ശ്രമിച്ചിട്ടും ആ രൂപം അയാളുടെ അയാളുടെ അന്തർനേത്രങ്ങളിൽ ജീവൻകൊണ്ടില്ല. അമ്മയായിരുന്നുവോ...? അല്ല. ചേച്ചിയായിരുന്നുവോ...? അല്ല. പിന്നെ...ഇല്ല. അയാൾക്കോർമ്മിക്കുവാനാകുന്നില്ല. അപ്പോഴും അയാൾ നടക്കുകയായിരുന്നു. വേഗം...വേഗം...ആരോ ധൃതികൂട്ടുന്നതുപോലെ... മിഴി തുറന്നു നോക്കി...ഇല്ല...ആരുമില്ല. പിന്നെ ശബ്ദമുണ്ടായതെങ്ങിനെ ? അയാൾ അങ്ങനെ ചിന്തിച്ചില്ല...ചിന്തിക്കാൻ കഴിഞ്ഞില്ല. ആരും വിളിച്ചില്ലെന്ന് അന്തരംഗം മന്ത്രിച്ചെങ്കിലും അയാൾ നടത്തത്തിനു വേഗം കൂട്ടുകതന്നെ ചെയ്തു. എങ്ങോട്ടേയ്ക്കെന്ന് അയാൾക്കറിയില്ലായിരുന്നു. പെട്ടെന്ന് ആരുടെയോ പ്രേരണയാലെന്നവണ്ണം അയാൾ ഇടതുവശത്തേക്ക് നോക്കി. പാതയിൽനിന്നു വെട്ടിയിറക്കിയ കൽപ്പടവുകൾക്കപ്പുറം ആമ്പൽക്കുളം. മനസ്സിന്റെ അടിത്തട്ടുകളിൽനിന്നും ഉറവയെടുത്ത ഓർമ്മയുടെ കുമിളകൾ മേൽപ്പരപ്പിൽ പൊട്ടിവിടരുന്നു. ആരോ തന്നെ നിയന്ത്രിക്കുന്നതായാളറിഞ്ഞു.

അതൊരറിവല്ലായിരുന്നു. ആ തോന്ന ലിൽ അയാളുടെ പാദങ്ങൾ നിശ്ചലമായി സായന്തനങ്ങളിൽ നിശ്ചലമായ ജലപ്പരപ്പി ചെറുകല്ലുകളെറിഞ്ഞ് ഓളങ്ങൾക്ക ജന്മംകൊ ക്കുമ്പോൾ ഈ പടവുകളിൽ കിലുങ്ങി വീഴുന്ന ചിരിയുടെ ശബ്ദങ്ങൾ അയാളുടെ കാതുകളിൽ വർഷാന്തരങ്ങളിൽനിന്നും ഒഴുകിയെത്തുന്നു. ന്റെയൊപ്പം ചിരിക്കുവാൻ കൂടെയാരോ ഉണ്ടാ യിരുന്നില്ലേ? അയാൾക്ക രൂപം കിട്ടുന്നില്ല ഈ കൽപ്പടവുകളിൽ എന്നോ ഒരായിരം ചുംബ നങ്ങൾ കൊഴിഞ്ഞു വീണതു് അയാൾ ഓർത്തു ആ കവിളിണകളാരുടേതായിരുന്നു? പണ്ടെങ്ങോ തന്റെ കൈവിരലുകൾക്കിടയിൽ കെട്ടുപിണ ഞ്ഞ ചുരുളൻ മുടിയിഴകൾ എന്തിനോ അയാ ളുടെ മനസ്സിൽ പാറിപറന്നു അപ്പോൾ ! അ മുടിയിഴകൾ ആരുടേതായിരുന്നു ? ഒന്നും അ മനക്കണ്ണാടിയിൽ തെളിഞ്ഞില്ല. ആമ്പൽകു ങ്ങളെ ഗ്രസിച്ചുകിടക്കുന്ന മഞ്ഞിന്റെ മാറാല പ്പുറം അരിപ്പല്ലുകാട്ടി ചിരിക്കുന്ന ഒരു മുഖം കാ ണാൻ കഴിയുന്നുണ്ടോ......? ഇല്ല ......അവി ടെ ശൂന്യത മാത്രം. ദിശകളില്ലാതെ കോറിയിട്ട നേർവരകൾപോലെ കെട്ടുപിണഞ്ഞ അയാ ളുടെ ചിന്തകൾ! എപ്പോഴോ ആ കാലടികളുടെ ചലനം പുനരാരംഭിച്ചു. അയാളറിയാതെ, എ ങ്ങോട്ടാണു താൻ നടക്കുന്നത് ? അപ്പോഴും ആ ചോദ്യത്തിനുത്തരം അയാൾക്കു കിട്ടിയിരു ന്നില്ല. പക്ഷെ...... അയാൾ നടന്നു കൊണ്ടേ യിരുന്നു. പെട്ടെന്ന് മുന്നിൽ ഇരുൾ പരക്കുന്ന തു് അയാൾ അറിഞ്ഞു. ഇരുട്ട് മുന്നിൽ ഏതോ ബിന്ദുവേ ലക്ഷ്യമാക്കി സംക്രമിക്കുന്നതു് അയാൾ കണ്ടു. കറുത്തിരുണ്ട മുടിയിഴകൾപോ ലെ ഇരുട്ട് ചിന്നിയിറങ്ങുന്നു. മുടിയിഴകൾക്കിട യിൽ കൊച്ചരിപ്പല്ലുകാട്ടി പുഞ്ചിരിക്കുന്ന ഒ സ്ത്രീ രൂപമായി അതുമാറുകയാണ്. മന്ദം മന്ദം ആ രൂപം അയാളോടടുക്കുന്നു. ഏതോ സ്മൃതി യിൽ മുഴുകി നിശ്ചേഷ്ടനായി നിന്ന അയാളുടെ കൈത്തലം കവർന്നുകൊണ്ട് അവൾ പുഞ്ചിരി ക്കുന്നു, ആ കണ്ണുകളിൽ അലൗകികമായ ഒര പ്രകാശം അയാൾ ദർശിച്ചു. അയാളുടെ നേത്ര അധരങ്ങൾ അവളുടെ തുടുത്ത കവിളിണകളെ ലക്ഷ്യമാക്കി നീങ്ങി. ഏതോ സ്വപ്നത്തിലെ ന്നപോലെ അയാൾ അവളെ മാറോടുചേർത്തു ചുംബിച്ചു. അവളുടെ മൃദുകരാംഗുലികൾ അയാ ളുടെ ശിരസ്സിലൂടെ പതിയെ ഒഴുകിയിറങ്ങുന്ന കൽപ്പടവുകളിൽ കൊഴിഞ്ഞുവീണ ഒരായിരം ചുംബനങ്ങൾ അവിടെ പുനർജ്ജനി തേടുന്നത് അയാൾ അറിയുന്നുണ്ടായിരുന്നു. പുൽനാമ്പുക ളിൽ ഉറഞ്ഞുകൂടിയ ഹിമകണങ്ങൾ അയാളുടെ നയനങ്ങളിൽനിന്നും തുള്ളികെട്ടി താഴേക്കു പതിച്ചു. വിടർന്നിരുന്ന രസതന്ത്ര പുസ്തകത്തി ന്റെ താളുകളിൽ വീണുചിതറി. പട ന്നൊഴുകി. □

# പരിവർത്തനത്തിന്റെ ശംഖനാദം

വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടമാണിത്. സമ്പദ് വ്യവസ്ഥയിൽ നിന്നു തുടങ്ങി ബൗദ്ധികവും, കലാപരവുമായ മേഖലയിലൂടെയുള്ള അഗാധതലസ്പർശിയായ പരിവർത്തനങ്ങളും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ പുനരാവിഷ്കരണവും നടക്കുന്ന കാലമാണിത്. ഇന്ന് ലോകത്തിൽ ഏററവും കൂടുതൽ അറിയപ്പെടുന്ന വാക്കുകൾ പെരിസ്ത്രോയിക്ക, ഗ്ലാസ്നോസ്റ്റ് എന്നിവയായിരിക്കണം. ലോകത്തെവിടെയും ഒരു പുനഃസംഘടന (Restructuring) ആവശ്യമായിരിക്കുന്ന അവസ്ഥ; ആ നിലയിൽ വേണം നാം ഇതിനെ വിലയിരുത്താൻ. ഗോർബച്ചോവിന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക, "നമുക്ക് ഭൂമിയിലുള്ളതുപോലെ മറെറാരു ബൗദ്ധിക സംസ്കാരം മറെറവിടെയെങ്കിലും ഉള്ളതായറിവില്ല, അങ്ങനെയൊരറിവ് ശാസ്ത്രകാരന്മാർക്ക് കിട്ടിയിട്ടുമില്ല. നാം വ്യത്യസ്തരാണെന്നതിന്റെ പേരിൽ ഈ ലോകത്തെ എരിച്ചുകളയുന്നതിനു പകരം പരസ്പരധാരണയിലെത്താനുള്ള വിവേകം നമുക്കില്ലേ? ഇതിനോടുള്ള ഈ ലോകത്തിന്റെ പ്രതികരണം തീർച്ചയായും ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങളുടെ ആഭ്യന്തര നയത്തിന്റെ തുടർച്ചയാണ് ഞങ്ങളുടെ വിദേശനയവും എന്നതാണ് മറെറാരു സത്യം. ഞങ്ങളുടെ രാജ്യത്ത് നടന്നു കൊണ്ടിരിക്കുന്ന പ്രക്രിയകളോട് ഉററബന്ധം നിലനിർത്തികൊണ്ട് പുതിയ സമീപനങ്ങളാൽ നയിക്കപ്പെടുന്ന വിദേശനയമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇതിനർത്ഥം ഇവിടെ മനുഷ്യന്റെ താൽപര്യങ്ങൾക്കും മാനുഷിക മൂല്യങ്ങൾക്കും ഞങ്ങൾ മുൻഗണന നൽകുന്നു എന്നതാണ്. ഞങ്ങളുടെ പ്രവർത്തികളോട് ലോകം പ്രതികരിക്കുന്ന രീതി ഞങ്ങൾ തീർച്ചയായും ശ്രദ്ധിക്കുന്നുണ്ട്. ഞങ്ങളുടെ ലക്ഷ്യങ്ങളെ കുറിച്ചും പദ്ധതികളെക്കുറിച്ചും സത്യസന്ധമായി ലോകത്തോട് തുറന്നടിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മററുള്ളവരുടെ അഭിപ്രായങ്ങൾക്ക് ഞങ്ങൾ ചെവികൊടുക്കുന്നു. കൃത്യമായി പറഞ്ഞാൽ ഇതിനെയാണ് ഞങ്ങൾ 'പുതിയ ചിന്ത' എന്ന് വിശേഷിപ്പിക്കുന്നത്".

ഈ കാഴ്ചപ്പാടിനെ വിലയിരുത്തിക്കൊണ്ട് വേണം നാം ഈ നയങ്ങളെ വിലയിരുത്താനും അവരുടെ ഉദ്ദേശശുദ്ധിയെ നോക്കിക്കാണാനും.

1985-ൽ മിഖായേൽ ഗോർബച്ചോവ് അധികാരത്തിൽ വന്നതുമുതൽ സോവിയററ് സാമ്പത്തിക രാഷ്ട്രീയ തലങ്ങളിൽ മാററങ്ങൾ വരുത്തുവാൻ വേണ്ടി അദ്ദേഹം നടപ്പാക്കികൊണ്ടിരിക്കുന്ന നയങ്ങളാണ് 'ഗ്ലാസ്നോസ്റ്റും' 'പെരിസ്ത്രോയിക്കയും'. ഇതിന്റെ ഫലമായി സോവിയററ് യൂണിയനിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങൾ ലോകജനത സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്നു.

## എന്താണീ പെരിസ്ത്രോയിക്ക ?

'പെരിസ്ത്രോയിക്ക' എന്ന റഷ്യൻ വാക്കിന്റെ അർത്ഥം പുനഃസംഘടന എന്നാണ്. ഇതു് പ്രധാനമായി രാഷ്ട്രീയ കാര്യമാണ്. വിപ്ലവാനന്തരം ബൂർഷ്വാസിയുടെ ചെറുത്തുനില്പിനെ തകർക്കുന്നതിനു നിലയിൽ വന്ന തൊഴിലാളി വർഗ്ഗമേധാവിത്വം ക്രമേണ അധികാരത്തിന്റെ ഉന്നതശ്രേണിയിലിരിക്കുന്നവരുടെ സർവ്വാധിപത്യമായി മാറി. ഒരു രാഷ്ട്രീയ പരിതസ്ഥിതിയെ മറന്നുകൊണ്ട് തങ്ങളെ നിയന്ത്രിക്കാനോ അധികാരങ്ങൾ നിഷേധിക്കാനോ കഴിയില്ലെന്നു വിശ്വസിച്ചു

പോന്ന ഒരു ജാതിയെ അധികാരത്തിൽനിന്നും നീക്കം ചെയ്യുക ഇതിന്റെ ലക്ഷ്യത്തിൽപ്പെടുന്നു.

കഴിഞ്ഞ ഏഴു പതിറ്റാണ്ടു കാലത്തെ സോവിയറ്റ് ഭരണത്തിന്റെ ഫലമായി ദേശീയ അഭിലാഷങ്ങളും സാക്ഷാത്കരിക്കാത്ത അസംതൃപ്തജനങ്ങളും രാഷ്ട്രീയ സാമ്പത്തിക തലങ്ങളിൽ ഒരു മാററത്തിനാഗ്രഹിച്ചു എന്ന് പെരിസ്ട്രോയിക്കക്ക് ജനങ്ങളും നല്കിയ സ്വീകരണത്തിൽ നിന്നും മനസ്സിലാക്കാം.

നാം ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണീ വസ്തുത.

പെരിസ്ട്രോയിക്ക ഫലപ്രദമായി നടപ്പിലാക്കുന്നതിനെതിരെ അധികാരകേന്ദ്രങ്ങളിൽ നിന്നും പ്രത്യക്ഷമായും പരോക്ഷമായും എതിർപ്പുകൾ വന്നുകൊണ്ടിരിക്കുന്നു. എന്നാൽ ജനങ്ങൾ പെരിസ്ത്രോയിക്ക ഫലപ്രദമായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് രംഗത്തിറങ്ങിയിരിക്കുന്നു.

സോവിയറ്റ് യൂണിയൻ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്ന കാലഘട്ടമാണിത്. പത്ത്പതിനഞ്ചു വർഷം കൊണ്ട് സോവിയറ്റ് യൂണിയന്റെ ദേശീയ വരുമാന വളർച്ചാ നിരക്ക് പകുതിയായി കുറഞ്ഞു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിനു കാരണം സോഷ്യലിസത്തിന്റെ മറവിൽ വർഷങ്ങളായി നടക്കുന്ന ദുഷിച്ച പ്രവണതകളാണ്. സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ആസന്ന ഭാവിയിൽ ആളിപ്പടരാൻ സാദ്ധ്യതയുള്ള ഒരു സമൂഹത്തെ തടഞ്ഞു നിർത്താനുള്ള മുൻകരുതൽ ആയിരുന്നു പെരിസ്ട്രോയിക്ക എന്ന് ഗോർബച്ചേവ് ഒരിക്കൽ പറഞ്ഞു. എന്തായാലും അദ്ദേഹത്തിന്റെ പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായി ദേശീയ വരുമാന നിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഗ്ലാസ്നോസ്തിന്റെയും, പെരിസ്ട്രോയിക്കയുടേയും ചുവടുപിടിച്ച് പ്രമുഖ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലെല്ലാം മാററത്തിന്റെ ശംഖനാദം മുഴങ്ങി കേൾക്കുന്നു.

മാർക്സിസം എന്ന പ്രത്യയ ശാസ്ത്രത്തിന്റെ മറവിൽ ഭരണം നടത്തുന്ന നേതൃത്വശ്രേണി ജനങ്ങൾക്കിടയിൽ നീറിപ്പുകയുന്ന സ്വാതന്ത്ര്യാഭിവാഞ്ഛയെ അടിച്ചമർത്താൻ ശ്രമിക്കുന്നു എങ്കിലും പോളണ്ടിലും ഹംഗറിയിലും, കിഴക്കെ ജർമ്മനിയിലും, ചെക്കോസ്ലോവാക്യയിലും നടന്ന ബഹുജന പ്രക്ഷോഭത്തിന്റെ ഫലമായി കിഴക്കേ യൂറോപ്പിൽ സ്വാതന്ത്ര്യത്തിന്റെ കുളിർക്കാററ് വീശിക്കൊണ്ടിരിക്കുകയാണ്.

ഈ മാററങ്ങൾക്കെല്ലാം മൂലകാരണം ഗോർബച്ചോവിന്റെ നയങ്ങളാണ്. ഏകകക്ഷി ഭരണത്തിന്റെ ദൂഷ്യവശങ്ങളും യാഥാർത്ഥ്യബോധത്തോടുകൂടി മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഗ്ലാസ്നോസ്റ്റിന്റെയും പെരിസ്ത്രോയിക്കയുടേയും ഫലമായി കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന ഭയത്തിന്റെ അന്തരീക്ഷം ഇല്ലാതാക്കാൻ സഹായിച്ചു. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ ജനാധിപത്യത്തിലേക്കുള്ള തിരിച്ചു വരവിന്റെ മുന്നോടിയാണോ ഈ അഴിച്ചുപണി എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും, ചരിത്രത്തിന്റെ മററൊരു നാൽക്കവലയിൽ ലോകം പകച്ചു നില്ക്കുന്നു.

ഇന്നത്തെ ഈ ചുററുപാടിൽ ലോകസംസ്കാരത്തിന്റെ അധികാരവക്താക്കളായ ബുദ്ധിജീവികളുടേയും രാഷ്ട്രതന്ത്രജ്ഞന്മാരുടേയും മററും വാക്കുകൾ നമുക്ക് വിലപ്പെട്ടതാണ്. കാരണം അതിന് അനുഭവങ്ങളേക്കാൾ കരുത്തേറും. ഈ ലോകം എങ്ങോട്ടാണ് നീങ്ങുന്നതെന്നും, ലോകത്തെ എങ്ങിനെയാണ് സൃഷ്ടിക്കേണ്ടതെന്നും, ഭൂമുഖത്തെ ജീവനും മാനവസംസ്കാരവും എങ്ങിനെയാണ് പരിരക്ഷിക്കേണ്ടതെന്നും മനസ്സിലാക്കാൻ അത് നമ്മെ സഹായിക്കുന്നു. കാത്തിരിക്കാം നമുക്ക്, മാററങ്ങൾ നോക്കിക്കാണാം, വിലയിരുത്താം, നല്ലതിനെ സ്വീകരിക്കാം, അല്ലാത്തവയെ പുറംതള്ളാം.

**ഷാജി. സി. ജെ.** രണ്ടാം വർഷ പ്രീഡിഗ്രി

പൂത്തുമ്പികളാം പാറി നടക്കും പൊന്നോണപ്പുലരി
പൂവേ പൊലി പാടിപ്പാടി നീയും വാ തുമ്പീ
പുന്നാരം ചൊല്ലി ചൊല്ലി പൂത്തേടും കാറേ
നീയും വാ നീയും വാ പൂവേ പൊലി പാടാൻ
കുളിർ മുറ്റത്തിൽ ചുറ്റാതെത്തും തിരുമുറ്റത്തിൽ ചുടി
വരു മഞ്ഞക്കുറിയും ചൂടി മുക്കുറ്റിപ്പൂവന്നു.
നറുകണ്ണീ തുമ്പികളൊക്കെ കളിമകൾ നാളിൽ
നീയും വാ നീയും വാ പൂവേ പൊലി പാടാൻ
കർക്കിടകക്കാറും പോയി പൂമാനം ചിരി തൂകി
അർക്കോദയ ശോഭയിലത്തം നാളണിഞ്ഞുവന്നു.
തുമ്പപ്പൂ കണ്ണുതുറന്നു തുമ്പീ നീ വാവാ
തുമ്പപ്പൂ കാത്തിരിപ്പൂ തുമ്പീ നീ വായോ
ഒരു മൂളിപ്പാട്ടും പാടി വണ്ടത്താൻ വന്നു,
ഒരു പൂവിൻ കവിളിൽ മുത്തി തേനുണ്ടു മയങ്ങി
വയലേലകളാം നൃത്തം വച്ചു വിളകൊയ്യാറായി
നീയും വാ നീയും വായോ കുഞ്ഞാറ്റക്കുരുവി
കളഗാനം പാടിപ്പായും അരുവി കാട്ടരുവി
കിലുകിലെ ചിരിയും തൂകി കിന്നാരം ചൊല്ലി
പൊന്നോണം വരവേല്ക്കാൻ പൂത്താലവുമായ് ഭൂമി
പത്തായ പുരകളിലെങ്ങും പുന്നെല്ലിൻഗന്ധം
അത്തം പത്തോടിയകന്നു പൊന്നോണം വന്നു
തൃക്കാക്കരയപ്പന്നിന്ന് തിരുമധുരം നൈവേദ്യം
അരിമാവിൻ കോലം ചുറ്റി അറപ്പുരയും തളവും
അവിടത്തേയ്ക്കാനയിക്കാം മാവേലിത്തമ്പ്രാനെ
ഉപ്പേരി പ്രഥമൻ കൂട്ടി ഉച്ചയ്ക്കൊരു സദ്യ
ഊഞ്ഞാലിൽ ആടിരസിക്കാം നീവാ എൻതുമ്പീ
മലനാടിനു പൊന്നോണം ഇതു മലയാളത്തിരുവോണം
മലനാടിൻ മക്കൾക്കെല്ലാം മനസ്സിന്നു പൊന്നോണം.



# പൊന്നോണം

പ്രിയ
രണ്ടാംവർഷ പ്രീഡിഗ്രി

# ഭരതന്റെ കഥ



ഓം
നാരായണം നമസ്കൃത്യം
നരം ചൈവ നരോത്തമം
ദേവീം സരസ്വതീം ചൈവ
തതോ ജയ മുദീരയേത്...

പരാശരപുത്രനായ വ്യാസന്റെ ചുണ്ടുകളിൽ, കർമ്മ ബന്ധങ്ങളാൽ സങ്കീർണ്ണമായ ഭരതചരിത്രം ഉതക്കഴിഞ്ഞു. അതിനെ തന്റെ എഴുത്താണിയിലേറ്റുവാങ്ങി വിഘ്നേശ്വരൻ കൃതാർത്ഥനായി.

അലയടിക്കുന്ന പദസമുദ്രത്തെ വൃത്തനിബദ്ധമാക്കാൻ ശ്രമിക്കുമ്പോഴും അയാളുടെ കണ്മുന്നിൽ, പോയ സായാഹ്നം കണ്ണീരൊഴുക്കിനിന്നു.

ആ സായാഹ്നം, ആത്മീയതയെക്കുറിച്ച് മനനം ചെയ്കയായിരുന്ന തന്റെ കർണ്ണപുടങ്ങളിൽ വന്നലച്ച കാററ് വിതുമ്പിയിരുന്നു.

— ആരാണ് ?

— കണ്ണോ, നീ എന്നെ അറിയുന്നില്ലേ ?

ഇത്, ദുഷ്യന്തന്റെ പുത്രനായ ഭരതനാണ്.

ചിരഞ്ജീവി അറിയാതെ കൈകൾ കൂപ്പി — ദിഗ്വിജയിയായ ഭാരത ചക്രവർത്തി തന്റെ ഇളയപ്പനായ ശന്തനുവിന്റെ വംശപിതാവ്.

പക്ഷേ...... പക്ഷേ......

— അങ്ങെന്തിനു വിലപിക്കുന്നു?

— നിന്റെ അനുജനായ വിചിത്രവീര്യനിൽ എന്റെ വംശം വഴി മുട്ടിയിരിക്കുന്നു. അതു തുടരാതെ ഭരതനു മോക്ഷമില്ല.

— നിനക്കതിനാവില്ലേ ഉണ്ണീ?

ത്രികാലജ്ഞാനിയായ ചിരഞ്ജീവിയുടെ മനസ്സ് ഭൂതത്തിലേക്ക് ഊളിയിട്ടു.

ദിഗ്വിജയിയായ ഭരതന്റെ ആത്മാവിലെ നോവുകളിലേക്ക് വ്യാസൻ തീർത്ഥയാത്ര നടത്തി. തനിക്കന്യനായ ആ വംശപുരുഷന്റെയുള്ളിലെ കുരുക്ഷേത്രത്തിൽ ധർമ്മാധർമ്മ ചിന്തകൾ തമ്മിൽ നടന്ന സംഘട്ടനം അയാൾ കണ്ടു.

വംശച്ചങ്ങലയിലെ ഒടുവിലെ കണ്ണികളായ ചിത്രാംഗദനും വിചിത്രവീര്യനും സന്താനങ്ങളെയുല്പാദിപ്പിക്കാതെ മരിച്ചു.

— അപ്പോൾ, തിലതർപ്പണങ്ങളില്ലാതെ 'പും' നാമ നരകത്തിൽ വീഴ്പ്പെടുന്നത് അവരല്ലേ ? അതോ ഭരതനോ?

ചിരഞ്ജീവി കുഴങ്ങി.

ഒടുവിൽ തന്റെ നിയോഗം പൂർത്തിയാക്കാനയാൾ തീരുമാനിച്ചു. തൂലികയിലൂടെ മാത്രമേ തനിക്കതിനാവൂ എന്നും അയാൾ

റിഞ്ഞു. ആ അറിവിന്റെ ജ്വാലയിൽ ആ മഹേതിഹാസം ഉരുകിത്തെളിഞ്ഞു. മഹാനായ ഭരതന്റെ കഥ—'മഹാഭാരതം'.

ചതുരംഗപ്പലകയുടെ ഒരരികിലിരുന്ന് കറുപ്പും വെളുപ്പും കരുക്കൾ നിരത്തി, ദുർവിധിയോടെ വ്യാസൻ കളിയാരംഭിച്ചു. പക്ഷേ, പതിയിരുന്ന ചാടിവീഴുന്ന കുതിര......മന്ത്രിയായും ആനയായും തേരായും രൂപപ്പെടുന്ന കാലാളും........

—ഭരതമനസ്സിനെ മഥിച്ചിരുന്ന സമസ്യകൾ പൂരകങ്ങളാകാതെ കിടന്നു.

ആ അപൂരക സമസ്യകൾ ഭരതന്റെ ഗാഥയെ ദുഃഖസങ്കുലമാക്കി.

മധ്യമപാണ്ഡവനെ വില്ലാളിവീരനെന്നു വിധിച്ചു. പക്ഷെ, ഏകലവ്യനും, സൂതപുത്രനും ചോദ്യചിഹ്നങ്ങളായി.

ഏകലവ്യനെ ഒഴിവാക്കാൻ ശ്രമിച്ചപ്പോൾ മഹത്തായ ഗുരുധർമം പതിതമായി.

ശാപത്തിന്റെ ഒഴിയാത്ത ചക്രംപേറിനടന്ന സൂതപുത്രനെ ഒഴിവാക്കാൻശ്രമിച്ചപ്പോൾ യുദ്ധനിയമങ്ങൾ ജലരേഖകളായി. അവിടെ പക ഉരുത്തിരിഞ്ഞു. ആര്യൻ ആര്യനോടെതിർത്തു.

പതിനെട്ടു ദിവസങ്ങളിലെ കുരുക്ഷേത്രയുദ്ധത്തിലൂടെ ചിരഞ്ജീവി വരച്ചുകാട്ടിയത് ശകുന്തളാതനയന്റെ മനഃസംഘർഷങ്ങളായിരുന്നുവോ? — അവിടെ രക്തത്തിന്റെ മുറിവുകൾ വ്യാസൻ സ്വാംശീകരിച്ചു.

ഒടുവിൽ പാണ്ഡുവിന്റെ മക്കളല്ലാത്ത പാണ്ഡവരുടെ സ്വർഗ്ഗാരോഹണം: ദ്രൗപദി വീണു — പക്ഷപാതം......... സഹദേവനും നകുലനും അർജ്ജുനനും ഭീമനും വീണു —ബുദ്ധിയുടെയും, സൗന്ദര്യത്തിന്റെയും, കഴിവിന്റെയും, കായബലത്തിന്റെയും അഹംഭാവം...... യുധിഷ്ഠിരൻ അവശേഷിച്ചു. — ധർമ്മത്തിന്റെ ശാശ്വത വിജയം!

ധർമ്മാത്മജന്റെ സ്വർഗ്ഗപ്രവേശചിത്രണത്തിലൂടെ, പരാശരപുത്രൻ ചെയ്തത്, കറകളഞ്ഞ ഒരാത്മാവിനെ കൈപിടിച്ച് സ്വർഗ്ഗാരോഹണം ചെയ്യിക്കുകയായിരുന്നു! ഒരു ദിഗ്വിജയത്തിന്റെ പാപം കഴുകിക്കളയാൻ ഒരു മഹേതിഹാസം.

ചിരഞ്ജീവിയായ വ്യാസൻ നിയോഗം നിറവേററി തൃപ്തനായി. വിഘ്നേശ്വരന്റെ എഴുത്താണി ചലനമററു. ○

സുനിൽകുമാർ കെ. വി.,
രണ്ടാം വർഷ പ്രീഡിഗ്രി


# കോ-ഓപ്പറേററീവ് കോളജ്

## കുറവിലങ്ങാട്

(മീനച്ചിൽ താലൂക്ക് എഡ്യൂക്കേഷണൽ കോ-ഓപ്പറേററീവ് സൊസൈററി Ltd., No. K. 785 ന്റെ ഒരു സംരംഭം.)

ക്ലാസ്സുകൾ: **S. S. L. C., P. D. C., B. A., B. Com.**

ട്യൂഷൻ ക്ലാസ്സുകൾ:

**കോളേജു ക്ലാസുകളിലേക്കും**

**സ്കൂൾ ക്ലാസുകളിലേക്കും എല്ലാവിഷയങ്ങൾക്കും**

സെക്രട്ടറി,
A. N. Satheesan, M. Com.

# മിസ്സിസ് ഗ്ലോറിയാ ജാക്സൺ



നോക്കു ടിജു ആരായിരുന്നു ഈ ആൻറി ?

ഇടിഞ്ഞുവീഴാറായ പായൽ പിടിച്ച കോട്ടയുടെ അവശിഷ്ടങ്ങൾക്കിടയിൽ ഇരിക്കുകയായിരുന്നു ഞങ്ങൾ. കടൽക്കാററിൽ ജൂലിയുടെ ബോബ് ചെയ്ത മുടിയിഴകളോടൊപ്പം എൻെറ ആ പഴയ ഡയറിയുടെ താളുകളും പറന്നുകൊണ്ടിരുന്നു. അതിലെ ക്രിസ്മസ് ദിനക്കുറിപ്പിൽ അവൾ വിരൽ തിരുകി അടയാളമാക്കി വച്ചിരുന്നു. എൻെറ ഡയറികൾ വായിച്ചിട്ടുള്ളത് ജൂലി മാത്രമാണ്. അവളെ മാത്രമേ ഞാനിതിനനുവദിച്ചിട്ടുള്ളു. ആ പഴയ ക്രിസ്മസ് ദിനത്തിൽ എൻെറ പഴയ ആൻറിയുടെ പരമക്കുറിപ്പായിരുന്നു.

"ടിജു ആർ യു ഡ്രീമിംഗ്...?"

"യെസ് ജൂലി.........ഐ ജസ്റ്റ് തിങ്ക് എബൗട്ട് ഹെർ..... ബട്ട് ഇററ് ഇസ് നോട്ട് എ ഡ്രീം.........."

അതെ ആൻറിയുടെ രൂപം എൻെറ മനസ്സിൽ പച്ച പിടിച്ച് നിൽപ്പുണ്ട്. ആൻറി യാഥാർത്ഥ്യമായിരുന്നു.........!

നാട്ടുകാർക്കെല്ലാം അവർ ആൻറിയായിരുന്നു......മിസ്സിസ് ഗ്ലോറിയാ ജാക്സൺ..........

ഗ്ലോറിയാൻറി......

എല്ലാവരും അവരെ ആൻറിയെന്ന് വിളിച്ചു. നാട്ടുകാരെല്ലാം ആൻറിയെ സ്നേഹിച്ചു. ആൻറി നാട്ടുകാരെയെല്ലാം സ്നേഹിച്ചു. ആൻറിക്ക് സ്നേഹിക്കാൻ മാത്രമേ അറിയാമായിരുന്നുള്ളു.

മുട്ടിനു താഴെയെത്തുന്ന പൂക്കളുള്ള ഫ്രോക്കും കഴുത്തുവരെയെത്തുന്ന നരച്ച മുടിയും ആൻറിക്കുണ്ടായിരുന്നു. സ്റ്റീൽ ഫ്രെയിമുള്ള കണ്ണട മൂക്കിനററത്തേക്ക് തള്ളിനിൽക്കും. ഇടത്തേത്താടിയിൽ മൈലാഞ്ചിക്കുരുവിനോളം പോന്ന കറുത്ത മറുകും അതിൽ നീളമുള്ള രണ്ട് മൂന്ന് കറുത്ത രോമങ്ങളും ആൻറിക്കുണ്ടായിരുന്നു. ആൻറി കാക്ക റിപ്പി തിന്നുകയും കൊണ്ടു[illegible]ടെ കടയിലെ തൊപ്പ് [illegible] വലിക്കുകയും ചെയ്തിരുന്നു.

ആൻറിയുടെ വീട് ഒരു കുടിലായിരുന്നു. നീ കണ്ടിരിക്കില്ല. ആ ലൈററ് ഹൗസിനു പിന്നിൽ കടൽ കാററേററ് നിന്നിരുന്ന മനോഹരമായ ഒരു കൊച്ചു കുടിൽ......! ആൻറിയും ഞാനും നല്ല കൂട്ടുകാരായിരുന്നു. സ്കൂളിൽ നിന്നു വന്നാൽ നേരെ ആൻറിയുടെ കുടിലിലേക്കാണ് ഓട്ടം. പിന്നെ അമ്മ വിളിക്കുന്നതുവരെ ആൻറിയുടെ കയററ് കട്ടിലിൽ മൂട്ടകളുടെ ശല്യം സഹിച്ച് ആൻറിയുണ്ടാക്കിത്തരുന്ന കാപ്പിയും കുടിച്ച്, ആ മടിയിൽ ആൻറി പറയുന്ന കഥകളും കേട്ട് കിടക്കും. അന്നൊക്കെ എനിക്കെപ്പോഴും തോന്നിയിട്ടുണ്ട്.......... ആ നരച്ച തലയ്ക്കുള്ളിൽ തീരാത്തത്ര കഥകളോ...... ?

'ഹൊ, ഈ ആൻറീടെ തലയിൽ എത്ര കഥകളാ.......'

'ലുക്ക് മൈ ബോയ്, ഈ തല നിറയെ തീരാത്തത്ര കഥകളാണ്. എല്ലാം കുട്ടനു പറഞ്ഞുതരാം. കേട്ടോ......!'

പോർച്ചുഗീസുകാരുടെ ഭരണവും അവർ ഇവിടംവിട്ട പോയതും, അക്കൂട്ടത്തിൽ ആൻറിയുടെ ഹസ് ജാക്സണും ഇവിടംവിട്ട് പോയി, ആൻറിക്ക് ഒരു കൊച്ചുമകനെ സമ്മാനിച്ചുകൊണ്ട്, അയാളും പോയി. ജാക്സണ് പോർച്ചുഗലിൽ ഭാര്യയും മക്കളുമൊക്കെ ഉണ്ടത്രെ ....

ഈ കഥകളൊക്കെ പറയുമ്പോൾ ആൻറിയുടെ കണ്ണുകൾ നിറയുന്നത് ആ കണ്ണടകൾക്കിടയിലൂടെ ഞാൻ കാണും. ആൻറി കരയുന്നതെനിക്കിഷ്ടമല്ല.

'ആൻറി കരയണ്ട......വേറെ കഥകൾ പറഞ്ഞാൽമതി.....'

'ജൂലി നാളെനിന്നെ ഈ പായയിൽ പിടിച്ച കോട്ടയുടെയും, അപ്പം കാണുന്ന മുയൽപ്പെട്ടികളും പേർന്ന കാട്ടുപിടിച്ച സെമി ത്തേരിയുടെയും കഥകൾ. ആ സെമിത്തേരിയിൽ വിശ്രമി ക്കാൻ വിധിക്കപ്പെട്ട പതി നാറും പതിനേഴും വയസുള്ള ചെറുപ്പക്കാരുടെ കഥകൾ......'

കഥകൾ പറയുമ്പോൾ ഞാ നാ മടിയിൽ കണ്ണടച്ചു കിട ക്കും. ഇടയ്ക്ക് വച്ച് കഥ നിൽ ക്കുമ്പോൾ ഞാൻ കണ്ണ് തുറന്നു നോക്കും. അപ്പോൾ ആന്റി ഉറക്കം തൂങ്ങുകയാവും. പിന്നെ ആ മാറിലുള്ള രോമങ്ങളിൽ പിടിച്ചു് വലിക്കുമ്പോൾ ആന്റി ഞെട്ടിയുണരും.

ടിജൂസൺ യൂ ആർ സ്ലീപ്പി. മോനിനി വീട്ടിലേയ്ക്ക് പൊ യ്ക്കോ ബാക്കി നാളെ പറയാം.

ആൻറിയുറങ്ങിയാലും എനി ക്കെന്ത് പേടി.

ചെട്ടിയാരുടെ കടയിൽ നി ന്നും ആൻറിക്ക് ബീഡി വാ ങ്ങി കൊടുക്കുന്നതും ഞാനായി രുന്നു. എത്ര ബീഡികളാണ് ആൻറി വലിച്ചിരുന്നത്!

'ആൻറിയെന്തിനാ ബീഡി വലിക്കുന്നേ? ആന്റിയെന്തി നാ കാക്കയിറച്ചി തിന്നുന്നേ?'

എന്റെ ചോദ്യങ്ങൾക്കെല്ലാം ആൻറിയുടെ ചിരിയായിരുന്നു മറുപടി. അച്ഛനമ്മയുമെല്ലാം ആൻറിക്ക് പൈസ കൊടുക്കു മായിരുന്നു. ആൻറിയുടെ മകൻ ജോസി വല്ലപ്പോഴുമേ വീട്ടിലേ ക്ക് വരുമായിരുന്നുള്ളൂ. ശവ പ്പെട്ടി ഉണ്ടാക്കി വില്ലലാണ് അയാളുടെ തൊഴിൽ. ഒരിക്ക ലും അയാളുടെ കാലുകൾ നില ത്തുറച്ച് ഞാൻ കണ്ടിട്ടില്ല. ഒരു മുഴ കുടിയൻ. പക്ഷേ ആൻറി യെ അയാൾക്ക് ജീവനായി രുന്നു. കുടിച്ച് ബോധമില്ലാതാ കുമ്പോഴൊക്കെ അയാൾ ആൻറിയുടെ വീട്ടിലേക്ക് വരും, കൈയ്യിലുള്ള രൂപയും കുറേ മുത്തവും നൽകി ആൻറിയെ കെട്ടിപ്പിടിച്ച് കരയും.

''മമ്മാ മൈ ഡിയർ മമ്മാ യ്ക്ക് ഞാനൊരു നല്ലപെട്ടി പണിയുന്നുണ്ട്.........''

ജോസിയെ കാണുമ്പോൾ ആൻ റിയും കരയുമായിരുന്നു.

കഥ പറഞ്ഞു കഴിയുമ്പോൾ കട്ടിലിനു മുകളിലെ ക്രൂശിത രൂപത്തിനു മുൻപിലെ മെഴുകു തിരികൾ കത്തിച്ച് ആൻറി വിറയ്ക്കുന്ന ശബ്ദത്തിൽ പ്രാർ ത്ഥിക്കും. ചുളിവ് വീണ കവി ളിലൂടെ കണ്ണീർ ഒലിച്ചിറങ്ങും.

അങ്ങനൊരു ക്രിസ്മസ് ദിന മായിരുന്നു...................എല്ലാ ക്രിസ്മസിനും ആൻറിയുണ്ടാ ക്കുന്ന വൈൻ ഞാനാണ് കുടി ച്ച് തീർക്കാറുള്ളത്. ആൻറിയു ടെ വൈൻ ആൻറിയുടെ സ്നേ ഹം പോലെയായിരുന്നു എനി ക്ക്.

''ഹാപ്പി ക്രിസ്മസ്, ആൻറീ''
''ഹാപ്പി ക്രിസ്മസ്, ടിജൂ സൺ''

എന്നെ കെട്ടിപ്പിടിച്ച് നെ റ്റിയിൽ മുത്തം തരവേ ഞാൻ ചോദിച്ചു:

''എനിക്ക് വൈനെവിടെ ആൻറീ?''

തുടച്ചു മിനുക്കിയ ഗ്ലാസിൽ ആൻറി വീണ്ടും വീണ്ടും വൈൻ നിറച്ചു തന്നു.

രാത്രി.

കരോൾപാർട്ടിക്കാരുടെ സം ഘങ്ങൾ തങ്കശ്ശേരിയിലെ നെട് ഷേയും കുറുകെയുമുള്ള റോഡുക ളിൽ ആനന്ദത്തിന്റെ സംഗീ തം പൊഴിച്ചുകൊണ്ട് പാടി നടന്നു......

സാന്താക്ലോസിന്റെ വേഷം കെട്ടാൻ കുട്ടിക്കാലം മുതൽക്കേ എനിക്ക് വളരെ ഇഷ്ടമായി രുന്നു, റാഫേൽ റോഡും പിന്നി ട്ട് ഞങ്ങൾ ആൻറിയുടെ വീട്ടി ലേയ്ക്ക് കരോൾ ഗീതവുമായി ചെന്നു,

ആൻറിക്കുള്ള സമ്മാനപ്പൊ തിയുമായ് ഞങ്ങൾ അകത്ത് കടന്നു.

ആന്റി കസേരക്കട്ടിലിൽ കി ടന്നിരുന്നു. ക്ലോക്കാടോട് ചില ന്തിന്റെ ആരവം കേൾപ്പിച്ച് ആൻറിയുടെ കട്ടിലിനരികിൽ മുട്ട് കുത്തിയിരുന്നു. ആ പഴയ കുസൃതി ഞാനാവർത്തിച്ചു. ആ മാറിലെ രോമങ്ങളിൽ പിടി ച്ച് വലിച്ചു. ആൻറി കണ്ണ് തുറക്കാതായപ്പോൾ എന്റെ ഉള്ള് പിടഞ്ഞു.

''ആൻറീ ഗെറ്റപ്പ്'' ആൻറീ,...

ഞാൻ ഉറക്കെ വിളിച്ചു. ആ കൈകളിൽ പിടിച്ചുണർത്താൻ ശ്രമിച്ചു. മൈ ഗോഡ് ആൻറി മരിച്ചിരുന്നു. കട്ടിലിനു മുക ളിലെ സ്റ്റാൻറിലെ ക്രൂശിത രൂപത്തിനു മുമ്പിൽ മെഴുകുതിരി കൾ കെട്ടുകൊണ്ടിരുന്നു.

Our father in heaven
Holy be your name...

ആൻറിയുടെ ചുണ്ടുകൾ മന്ത്രി ക്കുന്നതായി എനിക്ക് തോന്നി.

ഇല്ല.

ആൻറി മരിച്ചിരിക്കുന്നു.

ജോസി ഒരുപാട് കരഞ്ഞു. മമ്മായ്ക്ക് വേണ്ടി അയാളുണ്ടാ ക്കിയ നല്ല പെട്ടിയിൽ ആൻറി സെമിത്തേരിയിലേക്ക് യാത്ര യായി.

എനിക്ക് ഒരുതരം മരവിപ്പാ യിരുന്നു.

ഇപ്പോൾ വർഷം നാലാകുന്നു.

ഓരോ ക്രിസ്മസ് രാത്രി യും എന്നെ ആൻറിയെ ഓർമ്മി പ്പിക്കുന്ന ആ കഥയാണ് ജൂലി ഡയറിയുടെ താളുകളിൽ പച്ച നിറത്തിൽ കുറിച്ചിട്ടിട്ടുള്ളത്. അത് കാണുമ്പോഴൊക്കെ ആ ൻറിയുടെ സ്നേഹമോണോർമ്മ വരിക. ആ സ്നേഹം പോലെ മാധുര്യമുള്ള ആൻറിയുടെ വൈ നും ആ വൈൻ പോലെ മാധു ര്യമുള്ള ആൻറിയുടെ കഥകളും ഞാൻ മറക്കുന്നതെങ്ങനെ?

തിരകളോടൊപ്പം ഇരുട്ട് ക രയിലേയ്ക്ക് ചുരുണ്ടുകയറവേ ജൂലിയുടെ തോളിൽ കൈയ്യിട്ട് കോട്ടയുടെ പടവുകളിലൂടെ റോ ഡിലെത്തുമ്പോൾ ജൂലി നിശ ബ്ദയായിരുന്നു. ആ കണ്ണുകളിൽ വിഷാദം തളം കെട്ടിനിന്നി രുന്നു.........

നീ വേദനിക്കുന്നുവോ ജൂലി.

**ഹരീഷ് എസ്.**

രണ്ടാം വർഷഡിഗ്രി സുവോളജി

# *A Volcano In The Sea*

A huge rock amidst the waves was I,
With a broad chest toward the sky,
It was a game for the tiny rocks around
To play hide and seek in the tide.

A ship once struck me and was wrecked,
The ruins lay scattered with pearls and oysters
Around my feet at the bottom and
Were now destinations for water plants.



I was not friendly with fishes, crocodiles or whales,
Mosses were my friends - on my strong crust
They made colonies in large numbers,
And shielded me from the tickling touch of water.
The sun bathed me in his rays from side to side

And went to recline with the ocean in the evenings,
Moon and stars gazed at me gently with love during nights
And the storms struck my strong crust in vain:

Someday the sea wind reclined upon me,
She carried moving stories on her wings,
And got me absorbed in them with wondering eyes-
I forgot the attacking storms around;
I welcomed the breeze with prayer in the eyes
And bade her go with tears in them;
The breeze didn't stop with me for long, I discovered,
For she had others to hear her stories.
I couldn't control my anger, my inside melted.
My heart burst out and 'tsunamis' arose;
Fishes were melted in the boiling sea-
I was no more. .... the sea became calm once again:

Sabu James,
IInd year degree, Physics.

For Wedding Sarees

and

Other Fashion Sarees

*visit*

# M/s. S. Neelakanta Iyer

Wholesale & Retail Cloth Merchants

WESTERN GATE, VAIKOM

Pin: 686 141

PHONE Shop: 2260
Resi : 2216

# NICT കംപ്യൂട്ടർ കോഴ്സുകൾ

## കോട്ടയം & കുറവിലങ്ങാട്

Programming, Data Entry തുടങ്ങി മൂന്ന് മാസം മുതൽ ഒരു വർഷം വരെ കാലാവധിയുള്ള നിരവധി കോഴ്സുകൾ !

വളരെ കുറഞ്ഞ ചിലവിൽ കൂടുതൽ പരിശീലനത്തിനും ആധുനിക സൗകര്യങ്ങളോടു കൂടിയ എയർ കണ്ടീഷൻഡ് കംപ്യൂട്ടർ ലാബിൽ, IBM കംപ്യൂട്ടറുകളിൽ യഥേഷ്ടം പ്രാക്ടീസ് ചെയ്യുന്നതിനുമുള്ള വിപുലമായ സൗകര്യം **Govt Registration** ഉള്ള NATIONAL INSTITUTE OF COMPUTER TECHNOLOGY യുടെ മാത്രം പ്രത്യേകതയാണ്.

കൂടുതൽ വിവരങ്ങൾക്ക്: —

**NICT**
*3rd Floor,*
*TRIVENY COMPLEX,*
*T. B. ROAD, Kottayam.*

**NICT**
*Near Boy's H. S.*
*KURAVILANGAD*
*Phone: 327*

---

# To be an Excellent, Join............

## ALPHA MARIA ENGLISH MEDIUM SCHOOL

MARANGATTUPILLY

---

Best Compliments

# HOTEL SANYO

KURAVILANGAD

*Phone: 200*

Best Compliments:

Kala Studio

MARANGATTUPILLY

---

Best Compliments from:

The Makers

of

SUMMER TREAT ICE CREAMS

---

With Best Compliments:-

The Agro Commercial Corporation

P. B. No: 3

Kuravilangad - Kottayam.

# ലേബർ ഇൻഡ്യ പബ്ലിക്കേഷൻസ്

**മരങ്ങാട്ടുപിള്ളി**

**കോട്ടയം**

പഠിച്ചുവളരുവാൻ
ഉദ്യോഗം നേടുവാൻ
ലേബർ ഇൻഡ്യ പ്രസിദ്ധീകരണങ്ങൾ വാങ്ങുക.

പത്താം ക്ലാസിന് ലേബർ ഇൻഡ്യയും
ഒൻപതാം ക്ലാസിന് വിദ്യാദീപ്തിയും

ഒരു വർഷത്തേക്ക് 70 രൂപ
മണിയോർഡർ അയച്ച്
നിങ്ങളുടെ പേര് രജിസ്റ്റർ ചെയ്യുക.

പണം അയക്കേണ്ട വിലാസം-
മാനേജർ,
ലേബർ ഇൻഡ്യ,
മരങ്ങാട്ടുപിള്ളി.

(പണം അയയ്ക്കുമ്പോൾ ഏതു ക്ലാസ്സിലേക്കുള്ള മാസികയാണ്
ആവശ്യം എന്ന് പ്രത്യേകം എഴുതിയിരിക്കണം)



# വേഴാമ്പൽ

വാഹനങ്ങളുടെ ചൂളംവിളി, കൊട്ടും ബഹളവും. ഇതൊക്കെയാണയാൾക്ക് ശല്യമുണ്ടാക്കിയത്. വളരെ പണിപ്പെട്ട്, ഒട്ടിപ്പോയ കൺപോളകൾ വലിച്ചുകീറി വൃദ്ധൻ ചുററും നോക്കി. അവരെല്ലാം പോയിക്കഴിഞ്ഞുവോ. അല്ലെങ്കിലവർക്കെന്ത്? കടയുടമസ്ഥന്റെ ശകാരം കൊള്ളാതെ രക്ഷപ്പെടണമെന്ന വിചാരമേ അവർക്കുണ്ടാകൂ. ഒരിററു സ്നേഹത്തിനായി തന്റെ മനസ്സ് ദാഹിക്കുന്നുവല്ലോ. എന്ത്? മരവിച്ചിരുന്ന മനസ്സ് വീണ്ടും വികാരം കൊള്ളുവാൻ തുടങ്ങിയോ? എത്ര ലജ്ജാകരമാണ്. അത് തന്നെ നിത്യദുഃഖത്തിലാഴ്ത്തും. അവരുടെ സംഘത്തിൽ നിന്നും അകററും. വേണ്ട, അതുവേണ്ട ആത്മഹത്യക്ക് പോലും കഴിവില്ലാത്ത തനിക്ക് അവരുടെ ചെറിയ സഹായങ്ങളെങ്കിലും ഉണ്ടായെ മതിയാകൂ. അസഹ്യമായ തണുപ്പ് അയാൾ തന്റെ കീറമുണ്ടുകൊണ്ട് ദേഹമാസകലം മൂടാൻ ഒരു വിഫല ശ്രമം നടത്തി. തന്റെ ബന്ധക്കെട്ടപ്പോലും അവരുടെ കൈയ്യിലാണ്. തെണ്ടാൻ കഴിവില്ലാത്ത തനിക്കെന്തിനാണ്. ബന്ധമെന്ന് അവരെടുത്തോട്ടെ. തനിക്ക പരാതിയില്ല. പക്ഷെ ഈ തണുപ്പു സഹിക്കവയ്യ. ദേഹം മൂടാൻ ഒരു പുതപ്പെങ്കിലും ലഭിച്ചിരുന്നെങ്കിൽ. പണ്ടെന്നോ കമ്പിളി പുതപ്പിനടിയിൽ ഉറങ്ങിയിരുന്ന താൻ.............ഹാ! ആ സുഖങ്ങൾ ഇനി സ്വപ്നം കാണാൻ മാത്രം. ജീവിതത്തിന്റെ ഗതിയിൽ വരുന്ന മാററം! അയാളുടെ മുഖം എന്തിനെയോ ഓർത്തു ഭീകരമായി. കഠിനമായി വേദനിക്കുന്ന മനസ്സിനെ ആശ്വസിപ്പിക്കാനാവണം അയാൾ നെഞ്ചിൽ അമർത്തിപ്പിടിക്കുന്നത്. നിറയുന്ന കണ്ണുകളുയർത്തി അയാൾ ദൂരേക്കു നോക്കി. ആ 'മനുഷ്യൻ' എന്താണു ചെയ്യുന്നത്. തണുപ്പ്!.... അനുഗ്രഹമായി, ഇതെങ്കിലും തേടിക്കൊള്ളാതെ പോകുമല്ലോ. അയാൾ പതിയെ നിരങ്ങിനീങ്ങി. അല്പം ചൂടും തേടി.

നിരത്തിലൂടെ ധാരാളം ജനങ്ങൾ ഒഴുകുന്നുണ്ട്. പക്ഷെ ആരും തന്നെ ശ്രദ്ധിക്കുന്നില്ല. കാണാഞ്ഞിട്ടാകുമോ? ഒന്നു വിളിച്ചുനോക്കാം. ഇല്ല, ശബ്ദം പുറത്തേയ്ക്കു വരുന്നില്ല. ആരോടും മിണ്ടാതെ ഇത്ര ദിവസമായെന്ന് ഓർമ്മയില്ല. അല്ലെങ്കിൽ തനിക്ക് ആരോടും സംസാരിക്കേണ്ട ആവശ്യമില്ലല്ലോ. മൃഗങ്ങൾ സംസാരിക്കാറില്ല. മതി, അവയുടെ മൂല്യമെങ്കിലും തനിക്ക് ലഭിച്ചാൽമതി. മുൻപിൽ നിശ്ചലമായ രണ്ട് ചെറിയ കാലുകൾ, അയാളുടെ പീളകെട്ടിയ കണ്ണുകൾ അത്ഭുതത്തോടെ മുകളിലേക്കുയർന്നു. ഒരു കുട്ടി! തന്നെ ശ്രദ്ധിക്കുന്നുണ്ട്! ആർദ്രമായി നോക്കുന്നുമുണ്ട്! ആ കുട്ടി ട്രൗസറിന്റെ പോക്കററിൽ കൈയിട്ടു പരതി. അവന്റെ മുഖം മങ്ങി. വൃദ്ധന് അവന്റെ വിഷമം മനസ്സിലായി. 'മതി കുഞ്ഞേ......ഈ നോട്ടം മാത്രം മതി. എനിക്കു തൃപ്തിയായി.' ഞാൻ ഇതിനുവേണ്ടിയാണല്ലോ ദാഹിക്കുന്നത്. അല്പം സ്നേഹം! അല്പം മാത്രം'. അയാളുടെ കണ്ണുകൾ വാചാലമായി. കുട്ടി നടന്നകന്നു. പിറേറന്നും അതേ സ്ഥലത്ത് അതേ സമയം ആ കുട്ടി വന്നു. ദയയാർന്ന നോട്ടം. പത്തു പൈസ. പിറേറന്നും അയാൾ കാത്തിരുന്നു. കുട്ടി വന്നു. അതേ നോട്ടം. പുഞ്ചിരി.....പത്തു പൈസ. അങ്ങനെ ദിവസങ്ങൾ കടന്നുപോയി.

അന്നും അയാൾ നേരത്തെയെത്തി. കുട്ടിക്കു വേണ്ടിയുള്ള കാത്തിരുപ്പ് അതിനൊരു പ്രത്യേക സുഖമുണ്ട്. ഈയിടയായി കടയുടമസ്ഥന്റെ ആട്ടും തുപ്പും ഏല്ക്കാറില്ല. താൻ നേരത്തെതന്നെ ഉണർന്ന് പുറപ്പെടുന്നുണ്ടല്ലോ. ഒരു വലിയശല്യം ഒഴിഞ്ഞതിൽ അയാൾ ആശ്വസിക്കുന്നുണ്ടാവാം.

സ്വന്തം മച്ചിനെപ്പോലെ ഇഷ്ടപ്പെട്ടിരുന്ന സൂര്യന്റെ ചൂടിന്റെ കാഠിന്യമേറി. കുട്ടി പണിയും വൃദ്ധൻ ഉഴവിട്ടു. പ്രതീക്ഷയോടെ കാത്തിരുന്നു. സായാഹ്നം! അതാ, ആ കുട്ടി വരുന്നുണ്ട്. പക്ഷെ കൂടെയാരാണ്? വൃദ്ധന്റെ മുഖം മങ്ങി. കടയുടമസ്ഥൻ! കുട്ടി വൃദ്ധനെ ചൂണ്ടിക്കാട്ടിച്ച് പറഞ്ഞു. അപ്പൂ, ദാ, അവിടെ. കടയുടമസ്ഥന്റെ മുഖം ചുവന്നു. അയാൾ ആക്രോശിച്ചു. "എന്തിനെടാ പോടോ, ഇനി ഈ പ്രദേശത്തെങ്ങാനും കണ്ടുപോയാൽ......" അയാൾ കുട്ടിയുടെ നേരെ തിരിഞ്ഞ് അവന്റെ ചെവിയിൽ പിടിച്ച് ഇറക്കി "ഈ മതനിയാണോടാ നിന്റെ ചങ്ങാതി?" വൃദ്ധൻ വളരെ വിഷമിച്ച് നിലത്തിരുന്നു. അവ[illegible] ന്നെ തിരിഞ്ഞുനോക്കി കുട്ടിയുടെ കണ്ണുകളിൽ...............ഉണ്ട് അവിടെ [illegible] സ്നേഹം......! കുട്ടിയേയും വലിച്ചുകൊണ്ട് അവന്റെ അച്ഛൻ നടന്നകന്നു. വൃദ്ധനോ [illegible] അയാൾ തന്റെ അന്തിമ ലക്ഷ്യത്തിലേക്ക്... നോക്കും അപ്പോ, ഈ മഹാ നഗരത്തിൽ എവിടെയോ ആർപ്പോ "മരണ" ഒരു പുതിക[illegible]

*

**ഗ്ലെയ്സ് സേവ്യർ,**
മൂന്നാംവർഷ ഡിഗ്രി മലയാളം



# മുഴക്കോൽ

"പിന്നെ, നമ്മുടെ ഗീതമ്മേടെ മോടെ കല്യാണം നിശ്ചയിച്ചു."

"ഞാനറിഞ്ഞു, അവർക്ക് കുശുമ്പുണ്ട്. ചെറുക്കൻ കാശുകാരനാത്രെ!"

"എന്തോന്നാ കുശുമ്പം, കഷ്ടംതന്നെ"

"നിനക്കസൂയയാല്ലേടീ?"

"ഞാനുള്ളത് പറഞ്ഞെന്നേയുള്ളൂ"

"എനിക്ക മനസ്സിലായില്ല"

"ചെറുക്കന് എന്തോ തകരാറുണ്ടടീ"

"നേരാണോ, ആരാ പറഞ്ഞത്"

"ആരേലും പറയണോ, അവന് സ്ത്രീധനമൊന്നും വേണ്ടാത്രെ"

"നേരൊ, എങ്കിൽ വല്ല ചട്ടോ, വട്ടോ കാണും!"

"അതു തന്നെയാ ഞാൻ പറഞ്ഞതും."

"നീ ചില്ലറക്കാരിയല്ലല്ലോ. എനിക്കത്രയ്ക്ക് ബോധം പോയില്ല. എന്നാലും ആ പെണ്കൊച്ചിന്റെയൊരു കാലക്കേട് നോക്കണേ!

കഷ്ടം!"

**സാജു അഗസ്റ്റിൻ,** രണ്ടാം വർഷ ഡിഗ്രി മലയാളം



# ജീവിതവിജയത്തിന് ഒരുപിടി ചിന്തകൾ

"സംഗീത ഇന്ദിലം നൈമിഷികോജ്ജ്വലം
പിന്നെയോ ശൂന്യം പരമശൂന്യം."

എന്ന് ഈ ലോകജീവിതത്തെ കവി വിശേഷിപ്പിക്കുന്നു. ഒരർത്ഥത്തിൽ ശൂന്യതയിൽ നിന്നു ശൂന്യതയിലേയ്ക്കുള്ള മഹായാനമാണ് ജീവിതം. ആ മഹാപ്രയാണത്തിനു ഒരർത്ഥം കണ്ടെത്തുന്നതിലൂടെ മാത്രമേ ജീവിത വിജയം നേടാൻ സാധിയ്ക്കൂ. അതിലേയ്ക്കായി വേണ്ടത് ഉത്തമ ബോദ്ധ്യങ്ങളിൽ അടിയുറച്ച വിശാലമായ ഒരു കാഴ്ച്ചപ്പാടാണ്.

ഇരുപതാം നൂറ്റാണ്ട് യന്ത്രവൽകൃതയുഗമാണ്. ജീവിക്കുവാൻ വേണ്ടി യന്ത്രങ്ങളോട് മത്സരിക്കുന്ന ആധുനിക മനുഷ്യൻ 'ജീവിത'ത്തെച്ചൊല്ലി നിരാശനാകുന്നുവെങ്കിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. നിത്യജീവിതത്തിലെ നൂറുനൂറായിരം പ്രശ്നങ്ങളുടെ തിരക്കിൽ ജീവിക്കുക എന്ന കല അവൻ മറക്കുന്നു. ജീവിതത്തെച്ചൊല്ലി നിരാശരാകുന്നവരാണ് ഏറിയ കൂറും കൂടിവരുന്നു. എന്താണ് ജീവിതത്തിന്റെ അർത്ഥം? എങ്ങനെയാണ് ജീവിത വിജയം നേടുക? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക ശ്രമകരമായ ഒരു ഉദ്യമമാണ്.

ജീവിതവിജയത്തിനായി ഓരോ മനുഷ്യനും ആദ്യം സ്വയം അറിയുക. പിന്നെ ആ അറിവിന്റെ ബലത്തിൽ അദ്ധ്വാനിക്കുക. സ്വന്തമായി സ്വപ്നങ്ങൾ സൃഷ്ടിക്കുക. ജീവിതത്തെപ്പറ്റി വിശാലവും സ്വതന്ത്രവുമായ ഒരു കാഴ്ച്ചപ്പാട് പുലർത്തുക. അപ്പോൾ ജീവിതത്തിനൊരർത്ഥം വരും. അതുതന്നെയാണ് വിജയത്തിന്റെ അടിത്തറ.

ഓരോ മനുഷ്യനും "നീ ആര്?" എന്ന ചോദ്യത്തിനു മതിയായ ഉത്തരം തേടണം. ലഘുവായ ഈ ചോദ്യത്തിന്റെ ആശയലാളിത്യത്താൽ നാം വഞ്ചിതരാകരുത്. കാരണം ഇതു നമ്മുടെ ബുദ്ധിയേയും, ശക്തിയേയും മാത്രമല്ല, പലപ്പോഴും നമുക്കുതന്നെ അജ്ഞാതമായ നമ്മുടെ സത്തയേയും കുറിച്ചുള്ളതാണ്. ബെർലിൻ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനായിരുന്ന 'ഷോപൻ ഹോവർ (Arthur Schopenhauer) ഒരിക്കൽ തെരുവീഥിയിലൂടെ ചിന്താധീനനായി നടന്നുപോകവേ ഒരു യാത്രക്കാരനുമായി കൂട്ടിയിടിച്ചു. ക്ഷുഭിതനായ പഥികൻ ചൊടിച്ചു. "ഛീ, നീ ആര്?" ചിന്തയിൽ നിന്നുണരാതെ ഷോപൻ ഹോവർ ഉത്തരം നൽകി. "ഞാനാരെന്നോ? അത് എനിക്കറിയാമെങ്കിൽ!"

വർഷങ്ങൾക്കുമുൻപ് കാലിഫോർണിയ സർവ്വകലാശാലയിലെ മനഃശാസ്ത്രജ്ഞന്മാർ നടത്തിയ വിചിത്രമായ ഒരു സർവ്വേയുടെ കാര്യം ഒരു പ്രസിദ്ധീകരണത്തിൽ കാണാനിടയായി.

ആയിരക്കണക്കിനു ആളുകളെ സമീപിച്ച് സംഘാടകർ ലളിതമായ ഒരു ചോദ്യത്തിന് ഉത്തരം കുറിക്കാൻ അഭ്യർത്ഥിച്ചു. ആ ചോദ്യം ഇതായിരുന്നു — 'നീ ആര്? നീ എന്തിനു ജീവിക്കുന്നു?" ഒട്ടേറെപ്പേരെ ആ ചോദ്യം അമ്പരപ്പെടുത്തി. ചിലർ വിക്കി വിക്കിപ്പറഞ്ഞു: 'ഞാനോ, എന്റെ കാര്യമോ......കൊള്ളാം എന്തൊരു ചോദ്യം?" ഒരുവനെഴുതി "ഞാനാരെന്ന് എനിക്കറിയില്ല. ഏതായാലും ഞാനല്ലം പിന്നോക്കമാണ്." അങ്ങനെ അവ്യക്തങ്ങളായ കുറെ ഉത്തരങ്ങൾ. അതിൽ നിന്നും സംഘാടകർ ഒരു സാധാരണ ഗൃഹനായികയുടെ ആത്മാവബോധം വ്യക്തമാക്കുന്ന ഒരു ഉത്തരം

തെരഞ്ഞെടുത്തു. അത് ഇതായിരുന്നു. "കൊള്ളാം, ഞാനാണ് (ഇന്ന വീട്ടിലെ) മേരി. ഞാൻ ഞാനാണ്, അതേ ഞാൻ എനിക്കുവേണ്ടി ജീവിക്കുന്നു."

ഒരു അലക്കുസോപ്പിനുവേണ്ട പച്ചിരുമ്പു കല്ലും, അരഡസൻ പിരിയാണിക്കുവേണ്ട ഇരുമ്പും, ഒരുകൂട്ട തീപ്പെട്ടിക്കുവേണ്ട ഫോസ്ഫറസും, 10 കപ്പ് ചായക്കുവേണ്ട പഞ്ചസാരയും, ഒരു നുള്ള് പൊട്ടാസ്യവും, ഒരു പട്ടിയെ വിരട്ടാൻ വേണ്ട ഗന്ധകവും കുറെ വെള്ളവും ചേർന്നതാണ് നമ്മുടെ ശരീരമെങ്കിൽ, അതിനെല്ലാം കൂടി 10 രൂപ വില വന്നേക്കും. പക്ഷേ ഇതാണോ സ്വന്തം വില എന്നു നാം തന്നെ ചിന്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്, ഭൂമിയുടെ അധിപനാണ്, ലോകത്തിന്റെ ഭാവി നിർണ്ണേതാവാണ്. സ്വന്തം മഹത്വവും വിലയും നാം സ്വയം അറിയണം, പക്ഷേ അഹന്ത പാടില്ല. അങ്ങനെ സ്വന്തം ശക്തിയിൽ, ബുദ്ധിയിൽ, ആത്മവിശ്വാസം കണ്ടെത്തി, ആ അടിത്തറയിൽ ജീവിതം പണിതുയർത്തുകയാണ് വേണ്ടത്. എന്നിരുന്നാലും നമ്മുടെ സംസ്കാര ബോധത്തെത്തന്നെ തകർക്കുന്ന വിധത്തിൽ ജീവിതത്തെ ചൊല്ലി നിരാശരാകുന്നവരുടെ എണ്ണം വർദ്ധിക്കുന്നു.

പ്രവർത്തിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, സ്നേഹിക്കുവാൻ ആരെങ്കിലുമുണ്ടായിരിക്കുക, ആശിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, ഇവ മൂന്നിലുമാണ് ജീവിതത്തിന്റെ സുഖം അന്തർഭവിച്ചിരിക്കുന്നത്. ജീവിതം സുന്ദരവും ശാന്തവും ആക്കിത്തീർക്കണമെങ്കിൽ ഒട്ടേറെ കാര്യങ്ങൾ ശ്രദ്ധിക്കണമെങ്കിലും അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ ഈ മൂന്നു കാര്യങ്ങൾ തന്നെ.

മരണശയ്യയിൽ വച്ച് സോക്രട്ടീസ്, തന്നെ കാണാൻ വന്ന യുവാക്കളോടായി പറഞ്ഞു, "നിങ്ങൾ പിറന്നുവീണ ലോകത്തേക്കാൾ മെച്ചപ്പെട്ട ഒരു ലോകമായിരിക്കട്ടെ നിങ്ങളുടെ മരണം. ഈ സമൂഹത്തിനായി എന്തെങ്കിലും ചെയ്തു എന്ന സംതൃപ്തിയോടെ വേണം മരിക്കാൻ". സ്വന്തം ബോദ്ധ്യങ്ങൾക്കുവേണ്ടി ജീവിച്ചുമരിച്ച ഒരു മഹാനായിരുന്നു അദ്ദേഹം. ജീവിതത്തെപ്പറ്റി ഒരു നയം (Policy) നമുക്കുണ്ടായിരിക്കണം. അതു വിശാലമായിരിക്കണം. സമസ്തലോകസുഖത്തിനായി ജീവിക്കുമ്പോൾ മനസ്സ് ശാന്തിയും സമാധാനവും കണ്ടെത്തും. അദ്ധ്വാനം ആരാധനയാണ്. (work is worship) പരാജയങ്ങളിൽ പതറാതെ, വിജയങ്ങളിൽ മതിമറക്കാതെ, പടികൾ ശ്രദ്ധയോടെ കയറണം. സ്വന്തം ചെവികൾ കൊണ്ട് സ്വരങ്ങൾ വിവേചിച്ചറിയുകയും സംസാരിക്കുന്നതിനേക്കാൾ കണ്ണുകൊണ്ട് കാണുകയും വേണം. ബുദ്ധികൊണ്ട് ചിന്തിച്ച് കൈകൾ കൊണ്ട് അദ്ധ്വാനിക്കണം. "നീ നിന്റെ കർമ്മങ്ങൾ ശരിയായി ചെയ്യുക. കർമ്മഫലങ്ങളെപ്പറ്റി ചിന്തിക്കാൻ നിനക്കധികാരമില്ല", എന്ന് 'ഗീത' പറയുന്നു. Accept life as it comes.

സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയുമാണ് ജീവിതത്തിലെ ഏറ്റവും വലിയ നന്മ. പക്ഷേ സ്നേഹം ഇന്ന് സ്വാർത്ഥതയുടെ മാനങ്ങൾ തേടുന്നു. തോമസ് ഹാർഡിയുടെ 'Are you digging my grave' എന്ന കവിതയിൽ മരിച്ചടക്കപ്പെട്ട ഒരു ജീവിതാവസാനത്തിൽ ഒരു മണ്ണു യുവതിയുടെ കഥ പറയുന്നുണ്ട്. തന്റെ കഴിമാടത്തിന്റെ മേൽമണ്ണ് കാലത്ത് ആരോ ഇളക്കുന്നതായി അവൾക്ക് തോന്നി. അത് ആരായിരിക്കും എന്നവൾ ചിന്തിച്ചു. അത് തന്റെ കാമുകനാവുമോ? ഇല്ല അയാൾ വേറെ വിവാഹം കഴിച്ചിരുന്നല്ലോ. അത് തന്റെ കുടുംബാംഗങ്ങളാകുമോ? ഇല്ല. അവർ മരിച്ചുപോയ ഒരാളെ ഓർക്കുവാൻ സമയം കളയില്ല. ഇനി ആര്? ശത്രുക്കളാവുമോ? ചിന്തയുടെ അവസാനം മേൽമണ്ണ് പൂർണ്ണമായും നീക്കപ്പെട്ടു. അത്ഭുതം! അതവളുടെ പട്ടിക്കുട്ടിയായിരുന്നു. ആ നിസ്സാര ജീവിയെ തന്നെ സ്നേഹിച്ച ഓർത്ത് അവൾ പുളകംകൊണ്ടു. പക്ഷെ ആ പട്ടിക്കുട്ടി പറഞ്ഞു 'യജമാനത്തി ക്ഷമിക്കണം. ഇവിടെ ഒരിക്കൽ ഞാനൊരു എല്ലിൻകഷണം കുഴിച്ചിട്ടിരുന്നു. അത് മാന്തിയെടുക്കാനാണ് ഞാൻ ഇപ്പോൾ വന്നത്'. ഇവിടെ ആ പെൺകുട്ടിയുടെ മരണം പൂർത്തിയാകുന്നു. സ്നേഹമെന്ന പദത്തിനെന്തർത്ഥം? എന്നു ചോദിക്കുന്നവരുടെ എണ്ണം കൂടിവരുന്നു.

ജീവിതത്തിനൊരർത്ഥം വരുവാൻ ആഗ്രഹങ്ങൾ നമുക്കുണ്ടായിരിക്കണം. ലക്ഷ്യങ്ങൾ മുന്നിൽ കാണണം. എവറസ്റ്റ് കീഴടക്കാൻ ശ്രമിച്ച് മൂന്നു പ്രാവശ്യം പരാജയപ്പെട്ടപ്പോൾ എഡ്മണ്ട് ഹില്ലാരി വെല്ലുവിളിച്ചു. "എവറസ്റ്റ്, ഞാൻ തിരികെ വരും. ജയിക്കും. കാരണം നിനക്കിനി വളരാനാവില്ല. പക്ഷേ എനിക്കിനിയും വളരാം." ഇതുപോലെ തടസ്സങ്ങളെ നേരെ വെല്ലുവിളിയുയർത്താൻ നമുക്ക് കഴിയണം.

ചുരുക്കത്തിൽ, ജീവിതം ഒരു കലയാണ്. 'ഞാൻ ആര്' എന്നു കണ്ടെത്തി സ്വന്തം മനോധർമ്മമനുസരിച്ച് ജീവിതപാത തെരഞ്ഞെടുത്തു മുന്നേറുക. നന്മയെ മുന്നിൽ കണ്ടുകൊണ്ട് ഭീതിരഹിതമായ മനസ്സോടും, ഉയർത്തിപിടിച്ച ശിരസ്സോടും കൂടി ശുഭാപ്തി വിശ്വാസത്തോടെ സത്യത്തിന്റെ അഗാധകളിലേക്ക് ഇറങ്ങിച്ചെല്ലാൻ പര്യാപ്തമായ ബോധത്തോടെ പ്രവർത്തിക്കുമ്പോൾ ജീവിതവിജയം നമുക്ക് കരഗതമാകും എന്ന ബോദ്ധ്യം ഉൾക്കൊണ്ട്, ജീവിതനൈരാശ്യത്തിൽ 'ആത്മഹത്യകൾ' ചെയ്തു കൂട്ടാതെതന്നെ ജീവിതം ജീവിച്ചു തള്ളുവാൻ നമുക്ക് കഴിയും.

—ബോബി പോൾ, രണ്ടാംവർഷ പ്രീഡിഗ്രി

# കാർട്ടൂൺ—









വരകൾകൊണ്ട് ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത അനശ്വരനായ കാർട്ടൂണിസ്റ്റ് ശങ്കറുടെ ഒരു കാർട്ടൂൺ. നമ്മുടെ കാമ്പസ് കലാകാരന്മാരുടെ കാർട്ടൂണുകളോടൊപ്പം ചേർത്തിരിക്കുന്നു.

ശങ്കറിന്റെ സ്മരണക്ക് മുമ്പിൽ ആദരാഞ്ജലികൾ.

മനസ്സിന്റെ പൊടിപിടിച്ച ജാലകങ്ങൾ തകർത്തെത്തുന്ന വെളിച്ചം —

ഇരുവായ്ത്തലയുള്ള
വാൾ പോലെ

മേഘത്തുണ്ടുകൾ ജനലുകളിലൂടെ അകത്തേക്കു പാറിക്കുന്നു. സ്വപ്നങ്ങളുടെ ചിറകുകൾക്ക് ഗുഞ്ജനം. തംബുരു മീട്ടി ആരോ പാടുന്നു.......

കടലിന്റെ തിളങ്ങുന്ന, ആഴമേറിയ നീല......... ഇരമ്പിക്കുതിച്ച് ഉള്ളിലെത്തിച്ച് പുണരുവാനടുക്കുന്ന തിളങ്ങുന്ന കരങ്ങൾ. ആലിംഗനത്തിന്റെ നിർവൃതി. അഭൂത നിമിഷങ്ങൾ വേർപെടുത്തി വിവേചിക്കാനാവാത്ത നിഗൂഢത പേറി വീണ്ടും പിന്നോട്ട്. തംബുരുവിൽ സ്വപ്നങ്ങളുടെ ധ്വനി സാന്ദ്രത.......

അവൾ അണിഞ്ഞിരുന്ന ചുവന്ന പൊട്ട്.

കടൽ ഇപ്പോൾ ശാന്തമാണ്. ഒരു കണ്ണാടിച്ചില്ല് പൊട്ടിയടർന്നു വീഴുന്നു .. വർണ്ണങ്ങൾ ചിതറിത്തെറിക്കുന്നു...

കണ്ണാടിച്ചില്ല് —

ഇവിടെ രക്തം കിനിയുന്ന ഒരു ഹൃദയമുണ്ട്. സ്വപ്നങ്ങളെ ഉള്ളിലൊതുക്കാൻ വിധിക്കപ്പെട്ട ഒരു പ്രണയിതാവിന്റെ ഹൃദയത്തിൽ ആഴത്തിൽ ഒരു മുറിവ് പടർന്നതിന്നലെയാണ്. കുസൃതിയും ധാർഷ്ട്യവും കലർന്ന വാക്കുകളിൽ മനം അലിഞ്ഞ യൗവനത്തിന്റെ ഹൃദയം സത്യത്തിന്റെ ലോകത്ത് സ്വയം അറിഞ്ഞതും ഇന്നലെയാണ്. സ്വപ്നങ്ങളിൽ യാഥാർത്ഥ്യങ്ങൾ നിപതിക്കുന്നത് മത

തിനപ്പുറം ഇ... നിഴലിച്ചിരിക്കുന്ന സത്യങ്ങളുണ്ടെന്ന് തിരിച്ചറിയുന്ന നിമിഷങ്ങൾ നെഞ്ചിലെ ഘടികാരത്തിൽ നൊമ്പരമാവുന്നു... ഇത് സ്നേഹത്തിന്റെ വേദന, ഇത് സ്നേഹമല്ല എന്ന് ആരോ ഉള്ളിലെവിടെയോ പറയുന്നു. ഉള്ളിലെവിടെയോ. നക്ഷത്രം പോലെ, നിയന്ത്രണാതീതമായ, ഉള്ളിന്റെ ഉള്ളിലെവിടെയോ നീലക്കണ്ണുള്ള ഒരു കിളി പാടുന്നു. വയലിന്റെ തന്ത്രികളിൽ ഉരുവായി മീട്ടപ്പെടുന്നപോലെ. നോവിന്റെ രാഗം.........

ഇവിടെ, അന്താണിയില്ലാത്ത, തിരിച്ചു നല്കപ്പെടാത്ത സ്നേഹത്തിന്റെ ആണികൾ ക്രൂശിലടിക്കപ്പെട്ട് ഞാൻ...... കണ്ണീരിന്റെ നനവുകൾ തുടച്ചുമാററപ്പെടാത്ത ഞാൻ...... തെററിദ്ധാരണകളുടെ അമ്പുകളേററ ഞാൻ......

കടലിന്റെ ഇരമ്പൽ നെഞ്ചിൻകൂടിനെ തകർത്ത് ഉള്ളിലേക്കു കയറുന്നു.

എനിക്കുവേണ്ടത്, ചുണ്ടുവിരൽത്തുമ്പിലെ സ്നേഹത്തിന്റെ ഒരു സ്പർശമാണ്, അതുമാത്രമാണ്.




കറുകിയ ചുണ്ടുകളിൽ ഒരായുസ്സിന്റെ മുഴുവൻ സ്നേഹവും ഘനീഭൂതമായിരുന്നു.

വടിവൊത്ത നാസിക ആജ്ഞാശക്തിയുടെ തീക്ഷ്ണതയാർന്നിരുന്നു. തിളങ്ങുന്ന ആ കണ്ണുകളിൽ കൗമാരത്തിന്റെ മുഴുവൻ കൗതുകവും പറന്നുനടന്നിരുന്നു. കറുകറുത്ത പുരികക്കൊടികൾ, ചാരുതയേകുന്ന വിശാലമായ നെററി... ഹൈന്ദവസ്ത്രീകളുടെ അവകാശമാണ്, കടമയാണ് എന്നൊക്കെ വാദിച്ച്

അശനിപാതത്തിന്റെ ക്രൂരതയോടെയാണ്.

കാററിന്റെ മർമ്മരം ഈ കടൽത്തീരത്ത് എന്നെ വീണ്ടും കീറിമുറിക്കുന്നു.

നക്ഷത്രങ്ങൾ കൺമിഴിച്ചു തുടങ്ങിയിരിക്കുന്നു. ഇതുപോലെയാണ് അവളുടെ കണ്ണുകൾ —

വേണ്ടാ —

നൊമ്പരത്തിന്റെ നിനവുകൾ ഇനി വേണ്ടാ —

പക്ഷേ, എനിക്കതിനാവുമോ? ഫിലോസഫിയുടെ ചാതുര്യ

സ്വയം സൃഷ്ടിച്ച സിംഹാസനത്തിൽ ഇല്ലാത്ത കിരീടം ധരിച്ച് വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ ഞാൻ......... ചുററും കാണുന്നത് ആരാധനയുടെ, സ്നേഹത്തിന്റെ കണ്ണുകളാണെന്നായിരുന്നു തെററിദ്ധാരണ. സ്വയം അറിവിന്റെ നിമിഷങ്ങളാണിത്. തട്ടിത്തെറിപ്പിക്കപ്പെട്ട കിരീടം, സിംഹാസനത്തിൽനിന്ന് ചവുട്ടിത്തെറിപ്പിക്കുന്ന സത്യത്തിന്റെ കാൽ. ശുദ്ധവും ശ്രേയമായ സ്നേഹം വേണം എനിക്ക്. ഹൃദയത്തിന്റെ ധമനികളിൽത്തുടിപ്പാവാൻ പ്രേമം വേണം എനിക്ക്. എവിടെ?

നിറകണ്ണുകൾ എവിടെ ?
കാകിയ ചുണ്ടുകൾ എവിടെ?
നിന്റെ നാസിക എവിടെ ?
മലരിനോ വിരൽ സ്പർശം ?
കണ്ണടച്ചുണ്ട് എന്നത്തിൽ
പിരിയും ആഴുന്ന വേർപാടി
ന്റെ നൊമ്പരവും കഴിഞ്ഞത്,
സത്യത്തിന്റെ അവസാനപടി

കുളം കടന്ന് ഞാൻ കേഴുന്നതെ
ന്തിനാണ് ?
പ്രേമം !
കടൽക്കാറ്റ് എന്നിലെയ്ക്ക്
നിറനിറച്ചുടൻ, കടൽവിനം
എന്നിൽനിന്നകലെയ്ക്കവി,
മാത്രി കഴ്ണു........
ഇവിടെ ഞാൻമാത്രം തനിയെ

ഉയർന്ന കിടക്കണ്ണ......
മണലിൽ നിറലൂമാകുന്ന
കണ്ണടിച്ചിട്ടുകളും........

*

സന്തോഷ് ഫിലിപ്പ്
മൂന്നാം വർഷ ഡിഗ്രി ഇംഗ്ലീഷ്




Estd: 1979

**ADMISSION**

X RAY, LAB & E. C. G.

Applications are invited for job-oriented Medical X-Ray, Laboratory & E. C. G. Technican Courses (6 Months and 1 Year)
Minimum Qalification S. S. L. C.
Hostel facilities Both Theory and Practical facilities in well enquiped and modern Departments.
Send Rs. 10/- as M. O. for Application Form and Prospectus to

**The Director**
**Jyothis Institute of Medical Technology**
**(Govt. Regd) Vaikom 686 141**
**Kottayam - Kerala**

രാക്കിളീ, നിൻെറ ദൈന്യമാം തന്ത്രി—
ലേതോ ശോകാർദ്രരാഗങ്ങളായി
വീശും വസന്താനിലനിലലിയവേ
നിൻെറ നോവിൻെറ 'മണി'യുയർന്നു
ദൂരെയാമരത്തിൻെറ ചില്ലയിൽതീർത്തതാം
കൂരതൻ 'മണിമേറ'ത്തിരിക്കെ,
നീ കണ്ടു ദിനത്തിൻെറ മരണവും
നീ 'അണഞ്ഞ'തിൻ മൂകമാം താളങ്ങളും !
നീ കണ്ടു, ആളുന്ന ചിതയും
വെണ്മതകം പകലിൻെറ നഗ്നമാം മേനിയും
ഞെട്ടി, നീയൊന്നു നിന്നുള്ളിലെന്തോ,
പൊട്ടിത്തകർന്നതും നീയറിഞ്ഞു,
നിൻെറ ചങ്കിലെ ഘലാരമാം ചക്രത്തി—
ന്നാഘാതമേററിളകുന്നയോർമ്മക—
ളുതിർക്കുന്നദ്രുതമാം മണിനാദത്താൽ
നിന്നിലെയോരോ അണുവും സ്പന്ദിച്ചു നിൽക്കെ,
അന്നു നീ മോഹിച്ച മോഹത്തിൻ ചിത
നിൻെറ കാന്തൻെറ ചിതയായെരിയുന്നു !
'രാരീരം, രാരീരം' പാടുന്ന രാവിൻെറ,
താരാട്ടു കേട്ടുറങ്ങീടുവാനാവാതെ
ഏകാകിനിയായി, നീയേതോശൂന്യമാം.
തലങ്ങളിൽ നിന്നു തിരയവെ,
നീയെത്തി, ഞരക്കവും മൂളലുമു—
യരുമാ, പൊയ്ക ത'ന്നീററില്ല'ത്തിൽ
നീ കണ്ടു 'ചേറിൻെറ' പേററുനോവും
പിന്നെയാ പൂക്കൾ തൻ മന്ദഹാസവും !
നീയറിഞ്ഞീടവെ, യേതോ പുളകവു—



# രാക്കിളിയോട്

ഏതോ കുളിരീയം നിന്നെത്തലോടി
പുന്നാഗച്ചില്ലയിൽ, നിൻ പൂമരത്തിന്റെ
കിന്നരഗാനമായ കേട്ടതെ
നിന്നിലെയേതോ കണ്ടിയെത്തേതോ—
ദിവ്യാനുഭൂതിയാൽ മിന്നിത്തുടിച്ചു
ആളുകാൺകെ പൊയ്കയിൽ നീരാട്ടിനെത്തിയ
'കന്യയാം' തിങ്കളിൻ നാണത്താലോ?
നീയാന്തനൊതലി, പിന്നെയും നോക്കി
പെട്ടെന്നു, നീ ഞെട്ടിത്തരിച്ചു നിന്നു
രാവിന്റെ വൈധവ്യയാഗഭൂവിലെ —
മയറിയാത്ത കൊള്ളിതൻ നെടുവീർപ്പുകൾ
ഒതിതൻ മേനിത്തുടിപ്പിലായ് —
വിഷനാഗമായി പുറപ്പെടവെ,
അന്നുയർന്നു, രാക്കിളി നിന്റെ തേങ്ങലേ —
തോ ശപ്തസങ്കൽപ്പ'പ്പൂ' വിരികയാൽ!
'താരിരം, താരിരം' പാടുവാനെത്തുന്ന
രാവിനെ നീയിന്നു കാത്തുനിന്നീടുക
രാക്കിളീ, നീ കണ്ടു, നിന്റെ പകലിന്റെ
ക്ഷണികമാം ജീവനം, വായ്ക്കരിയാത്തതല്ലം!
ഏതിലുമിനിയും നിന്നിലുദ്ദീപ്തമാം പകലിന്റെ
ശോഭയാർന്നൊരു മുഖം ദർശിക്കുവാൻ
ഇനിയുമൊരു രോമാഞ്ചബാഷ്പത്തിൽ കുളി—
രണിഞ്ഞുലഞ്ഞു പൂത്തു തളിർക്കുവാൻ !
രാക്കിളീ, നീ കാതോർത്തിരിക്കുക,
നീ നിന്റെ തേങ്ങലകററി നിന്നീടുക!



ഒന്നാം വർഷ ഡിഗ്രി, മലയാളം, ജിജു ജോസ്, പാലാ

The class rooms today have a martial or market atmosphere rather than an air of enlightenment. Some teachers impose themselves upon the students. Sometimes the class turns out to be a bargain between the ego of the teacher and that of the students. Some teachers "Play Safe", letting the harness off the horse. But there are also a few teachers who make the best use of both freedom and control. Of course, the teacher is put in a difficult position between the national interest (also institutional), and the interests of the students. While the home atmosphere and personal ambitions form the interests of the students, the interests of the nation are expressed through the syllabus. The class room being a meeting place of both the interests and the teacher being an agent of mediation, it is not that easy for a teacher to strike a balance and not be one sided.




Students come from various backgrounds and value sustems. Some are motivated while others are aimless. A few are aimless because they think that they have everything they require and there is nothing more to strive for while a majority of the aimless are those who feel defeated in the midst of neck - breaking competition - where the nation seems to offer very little and the future looks bleak. They tend to be time - killers, waiting to pass time without gettingbord up some fussy. some wanting attraction, some aggressive and some sleepy. Even the motivated enthusiasts get frustrated when classes do not meet the requirements of an eger student.

The orientation to life is supplied by home or the larger social atmosphere of the student while the orientation in education is determined and almost imposed by the syllabus makers. Any organic unit, any organization has its systems, sub-systems and master - systems. The master - system gives directives controls means, and sets ends; in fact, the biggest of all blunders and the greatest of all achievements are at its disposal. The syllabus will clearly show whether it aims at true seekers or pretenders, researchers or obedient data-eaters, industrious nation builders or lazy parasites, persons of supreme values or base values. So the syllabus makers stand as the representatives of the national interest.

There is no topic that could not be a subject of enquiry - and there is the possible process of data collection, analysis, classification, distinctions, definition, comparison, interpretations, evaluations and application. Thus, study has got to be an adventure. But today the students are forced to be like a tape recorder, doing a parrot's job, mugging up what



the teacher or the book says and reproducing the same on demand. A student who learns by action (doing all possible exercises carefully) and is well guided, is far better than one who from dawn to dusk sits passively, and listens indifferently to discourses, at tutorials in addition to the regular classes. Learning means a process of assimilation, incorporation and creativity rather than mere swallowing up and vomiting out.

Education must strive to foster physical fitness, mental balance, emotional maturity and character formation. Formation of character is not a matter of mere role-play as the behaviourists would put it. It is a co-ordination of value systems, perspectives and attitudes, which are to find expression in upright behavioural patterns. Education is to foster openness determination and sincerity. If one has to learn proper behaviour, there is to be someone to behave with. And nothing is learnt without at least initial mistakes. So if there is to be right attitudes and true feelings, then there is to be proper understanding between the self and the others. Thus true education is to be thought-provoking, setting orientations, inspiring convictions and finally leading to action in harmony.

In the development of personality right attitude to and proper understanding of sexuality is important. Sex does not merely mean a biological drive or physical structure. It is basically a source of creative energy with a purpose, an orientation to fullness through a process of interdependance and accomodation acceptance and assertion. Sex is an integral, multidimensional aspect of personality-physical, biological, psychological, social and cultural. A male or female is an incomplete personality due to its complementary nature. Though one may grow biologically in the absence of the complementary sex, it creates a great vacuum in the psychological, social and cultural aspects of personality development. The innocent childern are sexually isolated - in many a school they have separate classes, and in some places they have even different schools. The sexual isolation fosters a generation of sentimental and weak females, and aggressive males. They are prone to develop illusory and unhealthy notions about the other sex.

In the general curriculum, there should not be any sort of specialization in topics, and isolation in any form, until one finishes the 12th standard. It does not mean that one should not have an orientation to a particular profession or any field of interest, but that it should be besides the essential aspects, the general agenda and overall development. I only hope that one day our educational system would be set with clear purpose, and guided by noble aspirations.

JOSE K. J.
Ist. year degree. — English.



# യാത്ര

അജ്ഞാത നീണ്ടയാത്രയായിരുന്നു. കിഴക്ക് സൂര്യന്റെ ഉദയത്തോടുകൂടിയാണ് ആ യാത്ര ആരംഭിച്ചത്. ആ കർമ്മസാക്ഷിയുടെകൂടെ സഞ്ചരിക്കുവാൻ അയാളാഗ്രഹിച്ചു. സൂര്യന്റെ ഉയരങ്ങളിലേയ്ക്കുള്ള യാത്ര അയാളെ ഹരംപിടിപ്പിച്ചു. അതിന്റെ ലഹരിയിൽ അയാൾ സ്വയം മറന്ന് ഒരു സഹയാത്രികനായി മാറി.

ആദ്യം യാത്ര സുഖകരമായിരുന്നു. ബാലസൂര്യന്റെ ഇളം രശ്മികളിൽ അയാൾ പ്രപഞ്ചത്തിന്റെ എല്ലാ മനോഹാരിതകളും ദർശിച്ചു. ആ ഇളം രശ്മികൾ തട്ടി പരശ്ശതം പൂക്കൾ വിടർന്ന ഉദ്യാനത്തിൽ നിന്ന് ഹൃദ്യമായ സുഗന്ധവുംപേറി വന്ന ഇളംതെന്നൽ അയാൾക്കു ചുറ്റും പരന്നിരുന്നു. അത് ഏറ്റവും ഉന്മേഷദായകമായിരുന്നു. അവൻ, ആ ഉദ്യാനത്തിൽ ശിഷ്ടകാലം കഴിയാൻ ആഗ്രഹിച്ചുപോയി.

പക്ഷെ സൂര്യൻ ഉദ്യാനത്തിൽ നിന്നകന്ന്, അജ്ഞാതസുന്ദരമായ താഴ്‌വരകളിലേക്ക് അയാളെ നയിച്ചുകൊണ്ടിരുന്നു. സൂര്യൻ വിശ്രമിച്ചില്ല. അയാൾക്കും അതിന് കഴിഞ്ഞില്ല.

യാത്ര അയാളെ ഹർഷപുളകിതനാക്കിയിരുന്നെങ്കിലും ഉഗ്രസ്പർശനമേകിയിരുന്ന ഇളവെയിൽ തന്റെ ചുമലിൽ നഖക്ഷതങ്ങളേൽപ്പിക്കുന്നതയാളറിഞ്ഞു. അപ്പോൾ താഴ്‌വരയിൽ കണ്ട ഏതെങ്കിലും പൂമരത്തിൻ കീഴിൽ അല്പം വിശ്രമിക്കാൻ അയാളാഗ്രഹിച്ചു. എന്നാൽ അത് വഴികാട്ടിയുടെ ആഗ്രഹത്തിന് നിരക്കുന്നതായിരുന്നില്ല.

വീണ്ടും യാത്ര! അപ്പോഴും തളർച്ചയിൽനിന്ന് ഉയർന്ന് നടക്കാൻ ശ്രമിക്കവേ, അയാളുടെ അന്തഃകരണം മന്ത്രിക്കുവാൻ തുടങ്ങി.

കളകളാരവം പൊഴിക്കുന്ന ഏതെങ്കിലും ഒരു കൊച്ചരുവിയുടെ തീരത്ത് ഒരു പൂമരമായി വളർന്നു നിൽക്കുക! ഭംഗിയേറിയ തൂവൽക്കുപ്പായമിട്ട അനേകം പക്ഷികൾക്ക് വിശ്രമകേന്ദ്രമാവുക! അന്ന ചാറിപ്പുലർന്ന് അതിസുന്ദരിയായ ഒരു "വനജ്യോത്സ്ന"യും. ആ സങ്കൽപ്പം അയാളിൽ എന്തെന്നില്ലാത്ത അനുഭൂതിയുണർത്തി, അജ്ഞാത വലിയ നിർവൃതിയായി അയാളെ കീഴടക്കി. കർമ്മസാക്ഷിയോട്, താൻ യാത്രയിൽനിന്ന് പിൻവാങ്ങുന്നു എന്നയാൾ അറിയിച്ചു.

ആ വാർത്ത കർമ്മസാക്ഷിയെ ചൊടിപ്പിച്ചു! അസാദ്ധ്യം!!

പിന്നീട് അതിന് ശിക്ഷയും ഉണ്ടായി — യാത്രാ മാർഗ്ഗം, പൂച്ചെടികളില്ലാത്ത ഭീകരവനവും കുറ്റിക്കാട്ടുകളും മരുഭൂമിയുമായി മാറുന്നതയാളറിഞ്ഞു. എങ്കിലും അവന് പിന്തിരിയുവാനാകുമായിരുന്നില്ല.

മദ്ധ്യാഹ്നത്തെ സമീപിച്ചുകൊണ്ട് യാത്ര തുടരവെ, അയാളുടെ ചിന്തകൾ വിപ്ലവകരമായ പല മാറ്റങ്ങൾക്കും വിധേയമായി, അതയാൾ കൂടെക്കൂടെ ഇങ്ങനെ പ്രഖ്യാപിച്ചുകൊണ്ടിരുന്നു.

"ഈ മരുഭൂമിയെ ഞാൻ ഉന്മൂലനംചെയ്യും! ഈ കാഴ്ചകൾ സഹിക്കാൻ വയ്യ! പിന്നിട്ടുപോന്ന ആരാമങ്ങളെ ഞാനിവിടെ വളർത്തിയെടുക്കും. പാലും തേനുമൊഴുക്കുന്ന കാനാൻദേശമാക്കി ഞാനീസ്ഥലത്തെ മാറ്റും."

അയാൾ യാത്രയുടെ ഭീകരതയും യാഥാർത്ഥ്യങ്ങളുടെ ബീഭത്സതയും നേരിൽ കണ്ടുതുടങ്ങിയിരുന്നു.

പക്ഷെ എല്ലാം വ്യാമോഹങ്ങളായിരുന്നു. ഏകനും നിരാലംബനും ദുർബ്ബലനുമായ അയാൾക്ക് ഒന്നും സാധിക്കുമായിരു

ന്നില്ല. ഏതോ ഒരു കർമ്മസാക്ഷി അയാളെ നയിച്ചുകൊണ്ടിരുന്നു. അയാളുടെ ലക്ഷ്യവും സ്വപ്നവും ഇനിയും അകലെയാണ് എന്നും അതിനെ പ്രാപിക്കുകയാണ് യാത്രയുടെ ലക്ഷ്യം എന്നും കർമ്മസാക്ഷി അയാളെ ഉദ്ബോധിപ്പിക്കുവാൻ തുടങ്ങി.

അയാൾ വിശ്വസിച്ചു! പിന്നീട് അയാൾ അതിനായി യാത്ര തുടർന്നു. കഴിഞ്ഞതെല്ലാം മറക്കാൻ ശ്രമിച്ചു.

മദ്ധ്യാഹ്നം പ്രാപിച്ച സൂര്യൻ കഠിനമായ രശ്മികളെ അയച്ചു. അയാളിലെ ദുഷ്ചിന്തകളെ ഉരുക്കിയൊലിപ്പിച്ച് അയാളെ പരിശുദ്ധനാക്കാൻ ശ്രമിച്ചു. അയാൾ നിരന്തരം പരീക്ഷിക്കപ്പെട്ടുകൊണ്ടിരുന്നു. മരുപ്പച്ചകളിൽ വിശ്രമിക്കാൻ അയാളാഗ്രഹിച്ചില്ല. ആഗ്രഹിച്ച മരുപ്പച്ചകളും വെറും മരീചികകളായിരുന്നു.

നിരന്തരമായ യാത്ര അയാളെ വല്ലാതെ തളർത്തി. എങ്കിലും ഊന്നുവടിപോലുമില്ലാതെ നടക്കാൻ അയാൾ നിർബന്ധിതനായി. സൂര്യന്റെ ചൂടേറിയ രശ്മികൾ അയാളിൽ നടനമാടി ക്രൂരമായ ആനന്ദമനുഭവിച്ചു.

അവസാനം യാത്രയുടെ ഏതോ ഒരു ധന്യനിമിഷത്തിൽ അയാൾ തളർന്നു വീണു. അപ്പോൾ അയാൾ പൊട്ടിക്കരഞ്ഞു പോയി.

മരുവിൽ തളർന്നു കിടക്കവേ നിലാവുതോൽക്കുന്ന മന്ദപുഞ്ചിരിയും, ശരീരത്തിന്റെ ഉടലഴകളാൽ, ശാലീനമായ ഒരാലിംഗനവും, ആ വിരൽത്തുമ്പിൽ നിന്നും വരുന്നതൊന്നുമല്ലാത്ത അല്പം കുളിർമ്മയും സ്വപ്നം കണ്ട് അയാൾ തളർന്നുറങ്ങി. വഴികാട്ടിയായ കർമ്മസാക്ഷി പിന്നീടെപ്പോഴോ പടിഞ്ഞാറൻ ചക്രവാളത്തിൽ മരിച്ചു വീണപ്പോഴും, അയാളുടെ ജീവൻ അയാളെയും വിട്ടകന്നിരുന്നു. അപ്പോഴും അയാൾ ലക്ഷ്യം കണ്ടിരുന്ന മോക്ഷം കാതങ്ങൾ അകലെയായിരുന്നു.

മോളി മാത്യു
ഒന്നാം വർഷ ബി.കോം

Best Compliments from:

Phone: K R P N. 201

JAIHIND MEDICALS

KADUTHURUTHY

# സ്റ്റിൽ ഫോട്ടോഗ്രഫി

ഫോട്ടോഗ്രഫിയുടെ ഉത്ഭവത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ B. C. 4-ാം നൂറ്റാണ്ടു വരെ നമുക്ക് പുറകോട്ട് പോകേണ്ടിവരും. ഒരു ചെറിയ സുഷിരത്തിൽ കൂടി ഇരുളടഞ്ഞ മുറിയിലേക്ക് കടന്നുവരുന്ന പ്രകാശത്തിന് ഒരു വസ്തുവിന്റെ പ്രതിബിംബം എതിർവശത്തെ ഭിത്തിയിൽ പതിപ്പിക്കുവാൻ സാധിക്കുമെന്നുള്ള യൂക്ലിഡിന്റെയും അരിസ്റ്റോട്ടിലിന്റെയും കണ്ടുപിടുത്തമാണ് ഫോട്ടോഗ്രഫിക്ക് നാന്ദികുറിച്ചത്. ഒരു Convex Lens ഉപയോഗിച്ചും വസ്തുക്കളുടെ പ്രതിബിംബം ഒരു പ്രതലത്തിൽ സൃഷ്ടിക്കാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പ്രതിബിംബത്തെ ഒപ്പിയെടുത്ത് സൂക്ഷിച്ചുവയ്ക്കുവാൻ സഹായിക്കുന്ന ഉപകരണമാണ് ക്യാമറ.

ക്യാമറയുടെ മുൻവശത്ത് പിടിപ്പിച്ചിരിക്കുന്ന ലെൻസ് ഉപയോഗിച്ച് ഫോട്ടോയെടുക്കേണ്ട വസ്തുവിന്റെ ഫോക്കസ് ചെയ്ത ഷാർപ്പ് ആയിട്ടുള്ള പ്രതിരൂപം നാം ലോഡ് ചെയ്തിരിക്കുന്ന ഫിലിമിൽ പതിപ്പിക്കുന്നു. പ്രിന്റ് ഫിലിമിൽ ഇമേജ് നെഗറ്റീവ് ആയിട്ടാണ് പതിയുന്നത്. പിന്നീട് ഫിലിം ഡവലപ്പ് ചെയ്ത് അതിൽനിന്നും നമുക്ക് ആവശ്യമായ പോസിറ്റീവ് പ്രിന്റുകൾ എടുക്കുന്നു. (സ്ലൈഡ് ഫിലിമിൽ ഇമേജ് പോസിറ്റീവ് ആയിട്ട് പതിയുന്നു. ഇതിൽനിന്നും പ്രിന്റ് എടുക്കുവാൻ ബുദ്ധിമുട്ടാണ്.) ഇതുകൂടാതെ ഏതൊരു സ്റ്റിൽ ക്യാമറ ഉപയോഗിച്ച് ഫോട്ടോയെടുക്കുമ്പോഴും നാം യഥാർത്ഥത്തിൽ ചെയ്യുന്നുള്ള ഫോട്ടോയെടുക്കുമ്പോൾ ക്യാമറയുടെ ഉള്ളിലേയ്ക്ക് പ്രവേശിക്കുന്ന പ്രകാശത്തിന്റെ അളവും നിയന്ത്രിക്കേണ്ടതുണ്ട്. ക്യാമറയുടെ അകത്തുള്ള ഷട്ടറിന്റെ സ്പീഡും (ഷട്ടർ തുറന്നിരിക്കുന്ന സമയം) ലെൻസിന്റെ aperture (opening) ഉം വ്യത്യാസപ്പെടുത്തിയാണ് ഇതു നിയന്ത്രിക്കുന്നത്. പ്രകാശം അധികമുള്ളപ്പോൾ ഉയർന്ന ഷട്ടർ സ്പീഡ് അല്ലെങ്കിൽ ചെറിയ aperture ഉപയോഗിച്ചാൽ മതിയാകും. ആക്ഷൻ ഫോട്ടോകൾ എടുക്കേണ്ടി വരുമ്പോൾ വളരെ ഉയർന്ന ഷട്ടർ സ്പീഡ് ആണ് ഉപയോഗിക്കുന്നത്. ലെൻസിന്റെ aperture വ്യത്യാസപ്പെടുത്തി Depth of the field (ഫോക്കസ് ചെയ്തു കിട്ടുന്ന പ്രദേശത്തിന്റെ ഡെപ്ത്) ക്രമീകരിക്കാവുന്നതാണ്. Aperture കൂടുന്നതനുസരിച്ച് Depth of the field കുറയുന്നു.

രണ്ടുതരം ക്യാമറകളാണ് സാധാരണ ഉപയോഗിക്കുന്നത്. SLR (Single Lens Reflex) ക്യാമറകളും Compact ക്യാമറകളും. (കളർ ഫോട്ടോയെടുക്കുവാനും ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോയെടുക്കുവാനും ഒരേ ക്യാമറ തന്നെ മതി. ഉപയോഗിക്കുന്ന ഫിലിമിന്റെ മാത്രം പ്രത്യേകത കൊണ്ടാണ് കളർ ഫോട്ടോകളും

...ള്ളാക്ക് ആവറേജ് മെമ്പററ് ഫോട്ടോകളും കിട്ടുന്നതു്.) ഇതിൽ ഏററവുമധികം പ്രചാരമുള്ളതു് SLR-കളാണു്. പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരും കൂടുതലായി ഇത്തരം ക്യാമറകൾ ഉപയോഗിക്കുന്നു. ക്യാമറയുടെ മുൻവശത്തുള്ള ലെൻസ് മാററിയിടുവാൻ സാധിക്കുമെന്നുള്ളതാണു് ഇവയുടെ ഏററവും വലിയ പ്രത്യേകത. കോംപാക്ട് ക്യാമറകൾ ടൂറിസ്റ്റുകളും മററുമാണു് കൂടുതലായിട്ടു് ഉപയോഗിക്കുന്നതു്. ഉയർന്ന ഷട്ടർ സ്പീഡുകളും (ആയിരത്തിലൊന്നു് സെക്കൻറു് വരെ) മററനവധി പ്രത്യേകതകളുമുള്ള computerised ക്യാമറകളും മററും രംഗത്തിറങ്ങിയതോടെ, ഈ രംഗത്തുള്ള മത്സരം കൂടുതൽ ശക്തിപ്പെട്ടിരിക്കുകയാണു്. ഓട്ടോഫോക്കസ് SLR-കളുടെ രംഗപ്രവേശനമാണു് ഈയിടെയുള്ള ഫോട്ടോഗ്രഫിയിൽ ഉണ്ടായ പ്രധാന സംഭവങ്ങളിലൊന്നു്, നേരത്തെ compact ക്യാമറകൾക്കു് മാത്രമേ ഓട്ടോഫോക്കസ് സൗകര്യം ഉണ്ടായിരുന്നുള്ളു.

SLR ക്യാമറകൾക്കു് ഉപയോഗിക്കുന്ന ലെൻസുകൾ പലതരമുണ്ടു്. വൈഡ് ആംഗിൾ ലെൻസുകൾ, സ്റ്റാൻഡേർഡ് ലെൻസുകൾ, സൂം ലെൻസുകൾ, ടെലിഫോട്ടോ ലെൻസുകൾ (ഫോക്കസ് ദൂരം വ്യത്യാസപ്പെടുത്താവുന്ന ലെൻസുകൾ) എന്നിങ്ങനെ സ്പെഷ്യൽ ഇഫക്ടുകൾ ഉണ്ടാക്കുന്നതിനു് ഇത്തരം ലെൻസുകളുടെ മുമ്പിൽ ഫിൽററുകൾ ഘടിപ്പിക്കാവുന്നതാണു്. 35mm ഫിലിം ഉപയോഗിക്കുന്ന ക്യാമറകൾക്കു് 50mm ഫോക്കസ് ദൂരമുള്ള ലെൻസ് ആണു് സ്റ്റാൻഡേർഡ് ലെൻസ് ആയിട്ടു് ഉപയോഗിക്കുന്നതു്. 50mm നു് മുകളിലുള്ളവ ടെലിഫോട്ടോ ലെൻസുകളും, 50mm- ൽ താഴെയുള്ളവ വൈഡ് ആംഗിൾ ലെൻസുകളും ആയിരിക്കും.

ക്യാമറാ ഫ്ളാഷുകളുടെ power അവയുടെ ഗൈഡ് നമ്പർ നോക്കിയാണു് കണക്കാക്കുന്നതു്. ഗൈഡ് നമ്പർ കൂടുന്നതനുസരിച്ചു് power ഉം കൂടും. ഗൈഡ് നമ്പറിനെ ക്യാമറായും ഫോട്ടോയെടുക്കേണ്ട വസ്തുവും തമ്മിലുള്ള അകലംകൊണ്ടു് ഹരിക്കുമ്പോൾ ലെൻസിനു് ഉപയോഗിക്കേണ്ട aperture ലഭിക്കുന്നു. ഫ്ളാഷിന്റെ കൂടെ ഉപയോഗിക്കുവാൻ ക്യാമറകൾക്കു് പ്രത്യേകം ഷട്ടർ സ്പീഡ് ഉണ്ടു്. ഫ്ളാഷ് ഉപയോഗിക്കുമ്പോൾ ഈ ഷട്ടർ സ്പീഡേ ഉപയോഗിക്കാവൂ.

**ജോൺ ജോൺസ്**
മൂന്നാംവർഷ ഡിഗ്രി, കണക്കു്


# രാമാനുജാസ് കോളജ്

**പള്ളിക്കവല - കുറവിലങ്ങാട്**

(Tuition and Session) Classes

**P. D. C.**

**Physics, Mathematics**
**Chemistry, English**

**D. C.**

**Mathematics (Main & Sub)**
**Statistics**

സയൻസ് വിഷയങ്ങൾക്ക് പ്രാക്ടിക്കൽ സൗകര്യം ഉണ്ടായിരിക്കും.

N. B. പ്രാക്ടിക്കലിനു് മാത്രമായും ചേരാവുന്നതാണു്

PRINCIPAL



# FADING DREAMS

Lonely once that I walked
In the hours dark of napping night
Musing upon my fortune future,
chanced I to feel then
A streak of golden light
Filtering through the drowsy trees
Fall upon my dreamy eyes.
To the origin did I trace
And me met a smiling face
Fairer than the Chaste Queen.
Little could I sleep that night
The fair fairies drove I away;
I pined for that face, that dear face,
And helpless cried in vain.
Upon me dawned that night
A thought rare and true;
Such faces come and go
And leave you alone in the dark.

Suresh. V. C,
IIIrd year degree English.

# Principal's Report 1989-90

**Strength:**

This year we admitted 743 students to the Pre-Degree course, 409 to the Degree and 15 to the I M. Com. At present we have 2560 students on the rolls, of whom 1362 are girls.

**Staff:**

There are 113 members on the teaching staff and 60 on the non-teaching staff.

During this year Prof. K. K. Joseph, Sri. A. Cyriac Sebastian and Sri. Jacob Thoompumkal joined M. Phil course and Sri. V. M. Mathew joined Ph.D. course under F. I. P.

Rev. Fr. M. M. Mathew, after completing his M. Phil course, joined St. Thomas College, Palai. I record here my sincere thanks to him for his selfless efforts for the development of this college during his service here as the Bursar of the College.

Dr. K. C. Kurian left the college, to join the school of Letters, Mahatma Gandhi University.

The following members joined the college this year in different vacancies.

M/s. Babu Joseph, Rev. Fr. P. T. Thomas, Joshy Varghese, Philip John, Roy Sebastian, M. S. Michael, M. J. Joseph, K. J. Mathew and V. K. Jose.

I wish them all a very bright career.

Prof. E. M. Joseph, Head of the Department of Chemistry, will retire this year after 25 years of meritorious service in this college. I wish him a very happy retired life

**Result:**

Brother James Mathew of III DC Zoology, got First rank in the University during 1989 March Examinations. Congratulations to Brother James.

This is the fourth time that we get first rank in Zoology in the University Examinations. I Congratulate, the Head of the Department and members of the faculty of Zoology for this praiseworthy achievement.

**The detailed results are as follows:-**

University Examination Results April/May 1989

| | I Class | II Class | III Class | Total | Percentage |
|---|---|---|---|---|---|
| Pre - Degree | 51 | 94 | 187 | 332 | 55.24 |
| Final Year B. Sc. | | | | | |
| Mathematics | 22 | 5 | 2 | 29 | 100 |
| Physics | 14 | 2 | — | 16 | 80 |
| Chemistry | 12 | 8 | — | 20 | 91 |
| Zoology | 11 | 9 | 4 | 24 | 83.7 |
| Botany | 14 | 10 | 1 | 25 | 96.1 |
| Final Year B. A. | | | | | |
| Economics | — | 8 | 11 | 19 | 57.5 |
| Malayalam | 6 | 13 | 6 | 25 | 100 |
| English | — | 5 | 3 | 8 | 28.5 |
| Final Year B. Com. | 2 | 3 | 12 | 17 | 53.1 |
| M. Com. | — | 8 | 2 | 10 | 100 |

**College Union**

The College Union elections were conducted as usual. Prof. T. M. Devasia officiated as the Returning Officer. The following students were elected.

Chairman: Tose J. Malickal, Vice-Chairperson: Jeena John, General Secretary: Shaji Augustine, University Union Councillors: Sunil Raj Philip, Santhosh T. Varghese, Editor: Jomon Thomas, Arts Club Secretary: Biji Joseph,

**Physical Education :**

Our Ball bad-minton team was the south zone winners and 3rd in the University.

Our Women's Kabady Team won the Inter Zone competitions of the University. Our students Ancy P. Lukose, Beena Jose and Lissy Mathew represented the University in the Inter University Women's Kabady Tournament held at Palai. Congratulations.

**Oratory Club & Quiz Club :**

Under the guidance of Prof. K. M. Chacko, the Oratory club and Quiz club participated in many Inter Collegiate competitions.

**AICUF**

Rev. Fr. Joseph J. Puthumana gives guidance to our students in the formation of good catholic life. We have a prayer group. Catholic students attend the First Friday Mass in the college. They participate in all the activities conducted by the AICUF Regional Committee.

**Film Club :**

This year we started a film club. We conducted film shows and film appreciation seminars.

**Nature Club and Social Forestry:**

Sri. George Mathew Muricken and Sri. James Philip of the Department of Botany organized a Nature Club. The members of the club conducted a 'Vanadarsanam' tour and a Nature study camp at Thekkady.

**N. C. C.**

Capt. Isac Thomas is the guiding force behind the company of N. C. C. our college. Training is given to students in drill, weaponery, map-reading and other branches of military science. They attend trekking camps, Army Attachment Camps, Annual Training Camps, and participated in a Cycle expedition to Palghat.

**N. S. S.**

The Programme Officers are M/s. T. T. Thomas and Babu Joseph. During Christmas Holidays we conducted the 'Desa Dina' Camp. The theme for this years camp was "Literacy for All". They also conducted two mini camps and celebrated National Integration Week, Literacy Day, Youth Day, Kerala Piravy etc.

**P. T. A.**

The Parent Teacher Association is very active. It is the only agency that help the management in the development and maintenance of the Library and Laboratory. The New block is completed with the help of P. T. A.

**Conclusion :**

I take this opportunity to thank almighty God for showering his bountiful blessings on all of us. I also thank, our beloved patron Rt. Rev. Dr. Joseph Pallickaparampil, Bishop of Palai, our Manager Very Rev. Fr. Thomas Melvettom, our Bursar, Rev. Fr. Joseph J. Puthumana, the members of the executive committee of P. T. A., members of the staff-both teaching and non-teaching for their guidence and co-operation. Finally I thank my dear students for their good behaviour.

Thanking you all once again I, present before you this report.

Principal
Prof. N. George John

# Reports

സെക്രട്ടറി - സാജു മണ്ണേൽ.

## മലയാളസമാജം

1989—90 ലെ മലയാള സമാജത്തിന്റെ ഉദ്ഘാടനം പൂർവ്വാധികം ആഘോഷപൂർവ്വം നിലവിളക്കുകൊളുത്തി നടത്തപ്പെട്ടു. ദീപിക ആഴ്ചപ്പതിപ്പ് എഡിറ്റർ പ്രൊ. മാത്യു ഉലകംതറ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് വിവിധ സാഹിത്യകൃതികളും, സാമൂഹ്യ പ്രശ്നങ്ങളും വിഷയമായെടുത്ത് ചർച്ചകൾ സംഘടിപ്പിച്ചു. അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തിയ സാഹിത്യ ക്വിസുകൾ പ്രവർത്തനങ്ങൾക്ക് തിളക്കം പകർന്നു. പ്രശസ്ത സാഹിത്യകാരനായിരുന്ന ശ്രീ. എൻ. വി. കൃഷ്ണവാര്യരുടെ നിര്യാണത്തിൽ അനുശോചനയോഗം കൂടുകയും അദ്ദേഹത്തിന്റെ കൃതികളെ വിലയിരുത്തുകയും ചെയ്തു.

## MATHEMATICS ASSOCIATION

Secretary - T. N. Sreekumar

Under the guidance of Prof. M. V. Peter, the Association started functioning right at the beginning of the academic year. The formal inauguration of its activities was held on 5th December 1989 by Dr. V. K. Ramachandran, of the Cochin University.

The Association conducted several programmes.
Outdoor programmes such as study tours were also conducted. In connection with the College Union Election, II D. C., Maths students conducted a Galluppoll.

I thank the Principal, the Professor, our beloved teachers and all our benefactors for their help and co-operation.

## CHEMISTRY ASSOCIATION

Secretary - Paulson Mathew

The activities of the association were formally inaugurated by Mr. Babu Mathew (PETROL BABU) on 25th January 1990. The function was presided over by our beloved Prof. E. M. Joseph. The Chief guest talked about the production of Synthetic petrol in a less expensive way from lignite and water. Various cultural programmes of students made the function colourful.

We organised a farewell function for our beloved Prof. E. M. Joseph and the out-going students on 22nd March 1990. There were cultural programmes at the function.

I would like to express my thanks to our principal Prof. George John Nidhiri and our beloved Prof. E. M. Joseph for their guidance. My thanks are due to all the teachers of the Chemistry department and all members of the Association for their kind co-operation.

## BOTANY ASSOCIATION

Secretary- Saji Joseph.

The various activities of the Association were inaugurated by Dr. N. P. Ashokan, Deputy Director Bio-Technology. Rubber Board Research Institute, Puthuppally, on 22-1-1990. Prof. George John Nidhiry presided over the function. The chief guest talked about "Tissue Culture". A number of colourful programmes were conducted at the function

A study tour was conducted under the auspices of the Association to Mysore, Ooty, National Botanical Garden and Coimbatore Agriculture College.

Members of the association actively participated in the activities of the Forestry Club.

I conclude this brief report by thanking Prof. George John Nidhiry our Principal, Prof. C. O. Varkey Head of the Department Our beloved teachers and friends for their guidance and Co-operation.

ZOOLOGY ASSOCIATION

Secretary -Shaji Bellarmin.

The association was inaugurated by Dr. K. J. Mathew, Director of Preventive Medicine and Public Health, Medical College, Kottayam, on 17th November 1989. The function was presided over by Prof. V. J. Mathew. On that occasion a special award instituted by the Kuravilangad Panchayat Committee, was given to Mr. James Mathew, first rank in B. Sc. Zoology 1989. Mr. P. D. Paul, President Kuravilangad Panchayat gave the award. The Principal awarded the scholarship instituted by the 1986-87 Zoology final year students. The Chief guest gave a very useful talk on Health, with the aid of minihead projector.

Dr. K. L. Mathew M. Sc., Ph. D. (Agriculture University, Gujarat) gave a talk on 'Economic Ornithology'.

The Zoology Day was celebrated on 28th January 1990. Mr. K. Gopalakrishnan Nair. Cheruvallil, Assit: Director, Dairy Development Department, was the chief guest. He talked on 'Modern trads in Dairy Science'.

The association donated some fish tray to our acquarium, A study tour was conducted to Tellichery, Bangalore, Mysore, and Ooty.

o

Best Compliments

A BENEFACTOR

KURAVILANGAD

*Best Compliments*

# ശുശ്രൂഷാ ഹോസ്പിറ്റൽ

&

# E. N. T. ക്ലിനിക്

## പള്ളിക്കവല, കുറവിലങ്ങാട്

---

ശബ്ദം വെളിച്ചം

# സൂര്യാ

## കുറവിലങ്ങാട്

---

## മരിയ സ്‌റ്റുഡിയോ

&

## വീഡിയോവിഷൻ

ഗേൾസ് ഹൈസ്‌കൂളിന് എതിർവശം — കുറവിലങ്ങാട്

അർജൻറ് പാസ്‌പോർട്ട് സൈസ് ഫോട്ടോകൾ ഒരു മണിക്കൂറിനുള്ളിൽ

ഹായ് ഞാനും വരും

കല്യാണച്ചെറുക്കന്റെ വീടെവിടാ നാണീ?
അങ്ങു തുരുത്തിക്കാ തിരുമേനീ!
അപ്പോഴാരാ പാർട്ടി?
അതു പോപ്പുലറിൽ നിന്നാ
ഹായ് ഞാനും വരും,
എനിക്കും വേണം പോപ്പുലർ കേക്ക്!

അതുല്യ സ്വാദ്
ആകർഷകമായ വിലക്കുറവ്
ആഹ്ളാദകരമായ പരിചരണം
വരൂ - അനുഭവിച്ചറിയൂ.

M/s.

**ന്യൂ പോപ്പുലർ ബേക്കറി**

കുറവിലങ്ങാട്

# അനശ്വര
# മെററൽസ്

**പള്ളിക്കവല**

കുറവിലങ്ങാട്

# രാസാ ഇലക്ട്രിക്കൽസ്

**പള്ളിക്കവല**

**കുറവിലങ്ങാട്**

ഫോൺ: 282

Khaitan ഫാനുകൾ, Sumeet മിക്സികൾ, Anchor ബ്രാണ്ട് ഇലക്ട്രിക്ക് ഉപകരണങ്ങൾ, Crompton, Sharp, Sieco, Besto മോട്ടോറുകൾ, പമ്പുസെററുകൾ, അരവു യന്ത്രങ്ങൾക്കും എല്ലാവിധ വയറിംഗ് സാമഗ്രികൾക്കും

Rasah Electricals
**Pallikkavala**
**Kuravilangad**
Phone: 282

# ബഷീർ ദ മാൻ



മൂവാറ്റുപുഴ ആറിന്റെ തീരത്ത് തലയോലപ്പറമ്പിൽ ജനിച്ചു. വൈക്കം ഇംഗ്ലീഷ് ഹൈസ്കൂളിൽ വിദ്യാഭ്യാസം. 5-ാം ക്ലാസിൽ പഠിക്കുമ്പോൾ സ്വാതന്ത്ര്യ സമര സേനാനി. ട്യൂഷൻ മാസ്റ്റർ, കൈനോട്ടക്കാരൻ, ന്യൂസ്പേപ്പർ ബോയ്, കമ്പൗണ്ടർ, ബുക്ക്സ്റ്റാൾ ഓണർ, പത്രാധിപർ.

അദ്ദേഹത്തിന്റെ 'ബാല്യകാലസഖി', 'പാത്തുമ്മയുടെ ആട്', 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' തുടങ്ങിയ പ്രശസ്ത കൃതികൾ പതിനെട്ട് ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. സ്കോട്ട്ലണ്ടിലെ എഡിൻബറോ യൂണിവേഴ്സിറ്റിപ്രസ്സ് വഴി ഇംഗ്ലീഷിലും, ഫ്രഞ്ച് മുതലായ ഭാഷകളിലും ഉടനെവരും. 1982-ൽ ഇന്ത്യാ ഗവൺമെന്റ് 'പത്മശ്രീ' ബഹുമതി നൽകി ആദരിച്ചു. 1987 ൽ കാലിക്കട്ട് യൂണിവേഴ്സിറ്റി ഡോക്ടർ ഓഫ് ലെറ്റേഴ്സ് ബിരുദം നൽകി. ഇപ്പോൾ താമസം കോഴിക്കോട്ടിനടുത്ത് ബേപ്പൂരിൽ. നമ്മുടെ കോളജ് മാഗസിനുവേണ്ടി ശ്രീ. വൈക്കം മുഹമ്മദ് ബഷീറുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

**താങ്കൾ സാഹിത്യരംഗത്തേക്കിറങ്ങാൻ എന്താണ് കാരണം?**

ഞാൻ ഒരു പത്തുകൊല്ലം ഇന്ത്യമുഴുവൻ കറങ്ങി. തിരികെ നാട്ടിൽവന്നു. അപ്പോൾ വെയിലും മഴയുമേല്ക്കാതെ വല്ലയിടത്തും കുത്തിയിരുന്ന് ചെയ്യാവുന്ന ജോലി സാഹിത്യമാണെന്ന് മനസ്സിലായപ്പോൾ ഞാൻ സാഹിത്യമെഴുതാൻ തുടങ്ങി.

**എഴുതിയില്ലെങ്കിൽ മനസ്സിന് സ്വസ്ഥത ലഭിക്കുന്നില്ല എന്ന പരിതസ്ഥിതിയിലാണോ താങ്കളുടെ രചന?**

അങ്ങനെയൊന്നുമുണ്ടാവില്ല. അതൊക്കെ ചുമ്മാ പറയുന്നതാണ്. എഴുതണമെന്നു തോന്നുമ്പോൾ എഴുതുന്നു.

**സാഹിത്യകാരന് സമൂഹത്തോടുള്ള കടപ്പാടിനെപ്പറ്റി തങ്ങളുടെ അഭിപ്രായമെന്താണ്?**

സമൂഹത്തോട് കടപ്പാട് എല്ലാവർക്കും ഉള്ളതാണ്. സാഹിത്യകാരന് പ്രത്യേകിച്ചൊന്നുമില്ല. നിങ്ങൾക്ക് നിങ്ങളുടെ കുടുംബത്തിനോട്, നിങ്ങളുടെ അയൽപക്കക്കാരോട്, നിങ്ങളുടെ രാജ്യത്തോട്, ജനങ്ങളോടുള്ള കടപ്പാട് എല്ലാവർക്കുമുള്ളതാണ്.

**മറ്റു വ്യക്തികളെക്കാൾ കൂടുതൽ സമൂഹത്തിന് ചെയ്യാൻ സാഹിത്യകാരന് സാധിക്കില്ലേ?**

സാഹിത്യകാരന് സമൂഹത്തിൽ പലതും ചെയ്യാൻ സാധിക്കും. കഴിയുന്നതും ചീത്ത വഴിക്ക് വായനക്കാരെ തിരിച്ചുവിടാതിരിക്കാൻ ശ്രമിക്കുക. നല്ലത് ഗുണകരമായി വല്ലതുമുണ്ടെങ്കിൽ അത് ചെയ്യുക, അതുപറയുക.

**മുസ്ലീം സമുദായത്തിന്റെ പുരോഗതി താങ്കളുടെ ലക്ഷ്യമായിരുന്നോ? അതിനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായിരുന്നോ താങ്കളുടെ ചില കൃതികൾ?**

പ്രത്യേകിച്ചൊരു സമുദായത്തിന്റെ പുരോഗതിയൊന്നും ലക്ഷ്യമായിരുന്നില്ല. പിന്നെ കുറെ അനുഭവങ്ങളുണ്ട്. ഞാൻ ഒരു മുസ്ലീമാണ്. അതുകൊണ്ട് എന്റെ സമൂഹത്തോട് എനിക്ക് അടുപ്പമുണ്ട്. അതുവച്ച് കുറെ എഴുതിയിട്ടുണ്ട്. അത്രെയുള്ളൂ.

**തകഴി, ദേവ്, എസ്. കെ, ഉറൂബ് ഇവരുടെ രചനകളെപ്പറ്റി വിമർശനാത്മകമായ ഒരു വിലയിരുത്തലിന് താങ്കൾ തയ്യാറാവുമോ?**

അവരെക്കുറിച്ച് പ്രത്യേകിച്ചെന്തുപറയാനാണ്. അവരെല്ലാവരും എന്റെ സ്നേഹിതരാണ്. അവരുമായി വളരെക്കാലത്തെ പരിചയമുണ്ട്. അവരെല്ലാം എന്റെ സമകാലികരാണ്.

**മുൻ പറഞ്ഞവരിൽ താങ്കൾക്കേറ്റവും ഇഷ്ടപ്പെട്ട എഴുത്തുകാരനാരാണ്? കൃതിയേതാണ്?**

ഞാൻ അധികം വായിക്കാറില്ല. എനിക്ക് കണ്ണിന് തിമിരമുണ്ട്. വായിക്കുമ്പോഴും എഴുതുമ്പോഴും കണ്ണിന് നീറ്റലുണ്ടാവും, വളരെ അത്യാവശ്യത്തിനുമാത്രമേ വായിക്കാറുള്ളൂ. പിന്നെ കേരളത്തിലെ എല്ലാ സാഹിത്യകാരന്മാരും, സാഹിത്യകാരികളും എന്റെ സുഹൃത്തുക്കളാണ്. എനിക്കാരോടും പകയില്ല. ഉള്ളത് സ്നേഹം.

**ഒ. വി. വിജയൻ, കാക്കനാടൻ, സേതു, മുകുന്ദൻ, ആനന്ദ് ഇവരുടെ രചനകളെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്?**

ഒരു മട്ട് അവരെഴുതുന്നു. അവർക്ക് തോന്നിയമാതിരി അവരെഴുതുന്നു. എനിക്ക് തോന്നുന്നമാതിരി ഞാനെഴുതുന്നു. അത്രെയുള്ളൂ.

**കഴിഞ്ഞ കുറെ വർഷങ്ങളായി കനപ്പെട്ട സംഭാവനകളൊന്നും താങ്കളിൽനിന്നും മലയാളസാഹിത്യത്തിനു ലഭിക്കുന്നില്ല കാരണമെന്താണ്?**

എനിക്ക് സമയമില്ല. ഇപ്പോൾ നിങ്ങൾ വന്നതുപോലെ വളരെയധികം ആളുകൾ ഇവിടെ വരികയും പോകുകയും ചെയ്യുന്നു. അപ്പോൾ നഷ്ടപ്പെടുന്നത് എന്റെ സമയമാണ്.

എഴുതുവാനുള്ള ഫ്രീ ടൈമാണ്. എഴുതുകയെന്നത് ടൈപ്പ് റൈറ്റിംഗ് മറ്റോ ആണോ ? കൂടാതെ എന്റെ ആരോഗ്യം മോശമാണ്. പ്രായം കുറെയായി അപ്പോൾ അവശതയൊക്കെ ഉണ്ടാവും. പിന്നെ കുടുംബജീവിതം നയിക്കുകയാണ്. അപ്പോൾ ഒരുപാട് പ്രശ്നങ്ങളുണ്ടാകും.

**സാഹിത്യ ജീവിതത്തിന് കുടുംബ ജീവിതം ഒരു തടസ്സമാണോ ?**

സാഹിത്യജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കുടുംബജീവിതം എപ്പോഴും തടസ്സമായി നിൽക്കും. മുമ്പ് ഞാൻ തനിച്ചായിരുന്നു. മാസം റൂമിന്റെ വാടകമാത്രം കൊടുത്താൽ മതി. ഇന്ന് ഞാനൊരു വലിയ കുടുംബജീവിതം നയിക്കുകയാണ്. കുട്ടിക്ക് അസുഖം വന്നാൽ ആശുപത്രിയിൽ കൊണ്ടുപോകണം. ദിവസവും സമൂഹത്തിന്റേതായ പ്രശ്നങ്ങളുണ്ടാവും. ഞാനതിൽ involved ആയിരിക്കണം. അങ്ങനെ സാഹിത്യ ജീവിതത്തിന് ധാരാളം തടസ്സങ്ങളുണ്ട്. പിന്നെ സമയം കിട്ടുമ്പോൾ എഴുതും.

**ഇതര സാഹിത്യകാരന്മാരിൽ സാർവ്വത്രികമായി കാണാത്ത തിര്യക്കുകളുടെ ചിത്രീകരണം താങ്കളുടെ കൃതികളിൽ സുലഭമായി കാണുന്ന കാരണമെന്ത് ?**

ഇവിടെ ഒരുപാട് പക്ഷിമൃഗാദികളുണ്ട്. അവയുമായി നിത്യ സമ്പർക്കമാണുള്ളത്. പട്ടി, പൂച്ച, കാക്ക, കോഴി—ഇവയെല്ലാമായി എനിക്ക് ബന്ധമുണ്ട്. അതുകൊണ്ട് അതേക്കുറിച്ചെഴുതി.

**താങ്കളുടെ സ്ത്രീ കഥാപാത്രങ്ങളെക്കാൾ പുരുഷകഥാപാത്രങ്ങൾ ദുർബ്ബലരായി കാണപ്പെടുന്നതിന് കാരണമെന്ത് ?**

പുരുഷന്മാർ weaker set ആണല്ലോ.



ജോമോൻ തോമസ് വൈക്കം മുഹമ്മദ് ബഷീറുമൊത്ത്

**താങ്കളുടെ കൃതികളൊന്നും വിശാലമായ ക്യാൻവാസിൽ ചിത്രീകരിക്കപ്പെട്ടതല്ലല്ലോ. അതിനു പ്രത്യേക വല്ല കാരണവുമുണ്ടോ ?**

പ്രത്യേക കാരണമുണ്ട്. ഏതെങ്കിലും ഒരു കഥ വായിക്കുമ്പോൾ അതിന്റെ കാവ്യാനുഭൂതി നഷ്ടപ്പെടാതിരിക്കണമെങ്കിൽ ഒറ്റയിരുപ്പിനു വായിച്ചുതീർക്കാൻ സാധിക്കണം. വലിപ്പം കൂടിയ കൃതികളിൽ കാവ്യാനുഭൂതി അനുഭവവേദ്യമാകില്ല. കൂടാതെ ഇതു് പുസ്തകമാക്കാനുള്ള വിഷമം, അച്ചടിക്കാനുള്ള മുടക്ക്, പേപ്പറിന്റെ വില, പുസ്തകത്തിന്റെ വിലയിടുക. ഇവയെല്ലാം വലിയ ക്യാൻവാസാകുമ്പോൾ ബുദ്ധിമുട്ടായിരിക്കും. വലിയ ക്യാൻവാസ് എന്നതൊക്കെ ഒരു fashionable പറച്ചിലാണ്. ഞാൻ വലിയ ആളൊന്നുമല്ല. ചെറിയ മനുഷ്യനാണ്. ചക്രവാളത്തിന്റെ അകമാണ് ലോകം. ഇന്നു വായനാശീലം കുറഞ്ഞിരിക്കു

യാണ്. പത്രങ്ങളും, റേഡിയോ, ടെലിവിഷൻ ഇവമൂലം വായിക്കുവാൻ ഇന്ന് ആർക്കും സമയമില്ല. ഇതിനിടയിൽ വല്യകാൻവാസിലുള്ളതെല്ലാം ഷെൽഫിന്റെ മൂലയിൽ തേങ്ങിക്കുന്നു. പുസ്തകങ്ങളുടെ വില്പനയിൽ മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. Books are dying. വലിയ ക്യാൻവാസ്. വലിയ ഫ്രീ ടൈം. തിന്നാനും കുടിക്കാനും വലിയ ഉറക്കയുംവേണം. എനിക്ക് ഒരാശയമുണ്ട് അത് കഴിയുന്നതു ചുരുക്കി ആസ്വാദ്യകരമാക്കി ഞാൻ തയ്യാറാക്കുന്നു. എന്റെ പുസ്തകങ്ങൾ ബുദ്ധിമുട്ടുകൂടാതെ വാങ്ങാൻ കഴിയും. വാങ്ങുന്നവരുണ്ട്. എന്റെ എല്ലാകൃതികളും മാർക്കറ്റിലുണ്ട്.

**താങ്കളുടെ സാഹിത്യ ജീവിതത്തിൽ മറക്കാനാവാത്ത അനുഭവങ്ങൾ എന്തെങ്കിലുമുണ്ടോ?**

ജീവിതത്തിൽ മറക്കാനാവാത്തതായി ഒന്നുമില്ല. എല്ലാം നാം മറക്കണം. എന്റെ ജീവിതത്തിലെ അനുഭവങ്ങളാണ് ഞാൻ എഴുതിയിട്ടുള്ളത്. എന്റെ പുസ്തകങ്ങൾ ഇൻഡ്യയിലെ പത്തുപതിനെട്ടുഭാഷകളിൽ തർജ്ജിമചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പിന്നെ ഇംഗ്ലീഷ് ഫ്രഞ്ച്, റഷ്യൻ, ജർമ്മൻ, അറബിക് മുതലായ ഭാഷകളിലും. പത്മശ്രീ, ഡോക്ടർ മുതലായ ബിരുദങ്ങളുണ്ട്.

**ദേവമാതാ കോളജിലെ വിദ്യാർത്ഥി സമൂഹത്തിന് നൽകുവാനുള്ള സന്ദേശമെന്താണ്?**

വെറും കച്ചവടം മാത്രമായ രാഷ്ട്രീയത്തിൽ കിടന്നുഴലാതെ വിദ്യാർത്ഥികൾ നന്നായി പഠിക്കുക. ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുക. എല്ലാവർക്കും എന്റെ ആശംസകൾ.

ശ്രീ. വൈക്കം മുഹമ്മദ് ബഷീറുമായി അഭിമുഖം നടത്താൻ അവസരം ഉണ്ടാക്കിത്തന്ന ശ്രീ ഡി. സി. കിഴക്കേമുറിക്കും, ചോദ്യങ്ങൾ തയ്യാറാക്കിയ മലയാളം ഡിപ്പാർട്ട്മെന്റിലെ ബഹുമാനപ്പെട്ട അദ്ധ്യാപകർക്കും, അഭിമുഖവേളയിൽ എന്നോടൊപ്പമുണ്ടായിരുന്ന മനോജ്കുമാർ, പോൾ പി. ജെ എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

— എഡിറ്റർ.

**ഉത്തിഷ്ഠത ! ജാഗ്രത !**

നിങ്ങളുടെ വിജയം ഞങ്ങൾ ഉറപ്പുതരുന്നു.
പ്രിഡിഗ്രി, ബി. കോം. ക്ലാസുകൾ വിജയകരമായി നടത്തിവരുന്നു.
ഇംഗ്ലീഷ്, അക്കൗണ്ടൻസി, സ്റ്റാറ്റിസ്റ്റിക്സ്, സംസ്കൃതം
ഈ വിഷയങ്ങൾക്ക് സമർത്ഥമായ ട്യൂഷൻ ക്ലാസ്സുകൾ

# പ്രകാശ് കോളജ്

**കുറവിലങ്ങാട്**

I can seduce you and make you my slave,
I can even send you to your grave.
With grass, the hash and sweet cocaine,
I can nearly drive you insane.
At first you try me just for fun,
And too late you will realize the damage done.
As the poision trickles deep into your vein,
Slow but steadily I will make you mine.
And one day you will decide to leave me alone,
But the withdrawal signs will mrke you moan,
The vomit, cramps, the jangling nerves,
The sweat, the tears and pains I give
Will bring out the morals and conscience in you.
Once finding all your money gone,
Your "friends" will leave you one by one.
That day You'll realize the monster-
you have grown
By what you tried for sake of fun.
With failing health and vanishing wealth,
The only way out is a painful death.




Roy P. Lukose.
IIIrd year degree Economics.







## സബ് എഡിറ്റേഴ്സ്



പോൾ ജോസഫ്





ലേഖ കെ.സി.
കവർ ഡിസൈൻ



ഫ്രാൻസിസ് സേവ്യർ
(N.S.S. ജനറൽ ലീഡർ)



ബിജു മാത്യു
ഫോട്ടോ ലേ ഔട്ട്



ജസ്റ്റിൻ ജോസഫ്
(ഫീച്ചർ യൂണിറ്റ് അംഗം)



സി.പി. ജോ
ട്രഷറർ



എഡിറ്റോറിയൽ ബോർഡ്

# കോളേജ് യൂണിയൻ



ചെയർമാൻ
ടോംസ് ജെ. മാളിയേക്കൽ



ജനറൽ സെക്രട്ടറി
ഷാജി അറസ്ദിൻ



വൈസ് ചെയർമാൻ
ജീനാ ജോൺ.



ആർട്സ് ക്ലബ്ബ് സെക്രട്ടറി
ബിജു ജോസഫ്.



കൗൺസിലർ
സന്തോഷ് ടി. വർഗ്ഗീസ്.
(ക്വിസ് ക്ലബ് സെക്രട്ടറി)



കൗൺസിലർ
സുനിൽ രാജ് ഫിലിപ്പ്
മഹോത്സവ് വിജയി (ചെറുകഥ)



എഡിറ്റർ
ജോമോൻ തോമസ്.

# പ്രതിനിധികൾ

വനിതാ പ്രതിനിധി
ജയശ്രീ കെ.





വനിതാപ്രതിനിധി
ഷൈനി ജോസ്.



ഒന്നാം വർഷ
പ്രീഡിഗ്രി
ജോസഫ് കെ.ജെ.

രണ്ടാം വർഷ
പ്രീഡിഗ്രി
ചാർളി





ഒന്നാം വർഷ ഡിഗ്രി
ജോസ് കെ. മാനുവൽ.



രണ്ടാം വർഷ ഡിഗ്രി
ഹരീഷ് എസ്.
ഫോട്ടോ ലേ ഔട്ട്,
ഇല്ലസ്ട്രേഷൻ,
ടൈറ്റിൽസ്,
പെയിന്റിംഗ് മത്സരവിജയി.



മൂന്നാം വർഷ ഡിഗ്രി
സാബു സി.വി.
പോസ്റ്റർ ഡിസൈനിംഗ്
മത്സരവിജയി.

ഒന്നാം വർഷ
ബിരുദാനന്തര ബിരുദം
അരവിന്ദൻ പി.ആർ.





രണ്ടാം വർഷ
ബിരുദാനന്തര ബിരുദം
ബെന്നി ടി.യു.

# കോളജ് യൂണിയൻ ഉദ്ഘാടനം



സ്വാഗതം
ഷാജി അഗസ്റ്റിൻ.



അദ്ധ്യക്ഷ പ്രസംഗം
ഫോസ്ജെ മാളിയേക്കൽ.



ഉദ്ഘാടകൻ
ശ്രീ. വി.ആർ. രാജീവൻ I.P.S.
(കോട്ടയം S.P.)



ബ്രദർ കൃഷ്ണൻകുട്ടിയുടെ
ആശംസകൾ



പ്രിൻസിപ്പാളിന്റെ
ആശംസകൾ





ഉദ്ഘാടനം



നന്ദി,
സുനിൽ രാജു ഫിലിപ്പ്.

# അസോസിയേഷൻ ഭാരവാഹികൾ



സുവോളജി
ഷാജി
ബെല്ലാർമിൻ.



മലയാളം
സാജു
അഗസ്റ്റിൻ.



ഇംഗ്ലീഷ്
പ്രേംകുമാർ
എസ്.



ബോട്ടണി.
സജി
ജോസഫ്.



മാത്സ്.
ശ്രീകുമാർ
ടി.ആർ.



കെമിസ്ട്രി.
ജോൺസൺ
മാത്യു



കൊമേഴ്സ്.
ജോസ്
ജോസഫ്



ഇക്കണോമിക്സ്.
പോൾ
ജോസഫ്.







കൊമേഴ്സ്, സുവോളജി, കെ...
അസോസിയേഷൻ ഉദ്ഘാടന...



സ്വാഗതം
വില്ലി ജോസഫ്

ഉദ്ഘാടന-
പ്രസംഗം

# ആർട്സ് ക്ലബ്ബ് ഉദ്ഘാടനം



ശ്രീ തിക്കൊടിത്താനം ഗോപിനാഥൻ നായർ.



അദ്ധ്യക്ഷ പ്രസംഗം
ടോംസ്



ആശംസകൾ
ശ്രീ ടി തങ്കരാജ്



നന്ദി
ഷീനാ ജോൺ.



കോളേജ് ഓർക്കസ്ട്ര



ഓറട്ടറിക്ലബ്ബ്




ഫിലിംക്ലബ്ബ് ഉദ്ഘാടനം.



ക്വിസ് ടീം
രാജേഷ് എസ്, നേണിജോർജ്ജ്, ജോർജ്ജ്



തീയറ്റർ യൂണിറ്റ്
ഷാജി കെ.കെ, ബോബി പോൾ, മിനി സെബാസ്റ്റ്യൻ

## മഹോത്സവ് 90 മത്സര വിജയികൾ



ജിജിമോൻ സ്കറിയാ.
ക്ലേ മോഡലിംഗ്
രണ്ടാം സ്ഥാനം



ശ്രീകല ജി.
ലളിത ഗാനം
രണ്ടാം സ്ഥാനം
കവിതാപാരായണം
മൂന്നാം സ്ഥാനം

## യാത്രാ മംഗളങ്ങൾ



25 വർഷക്കാലം നമ്മുടെ കെമിസ്ട്രി വിഭാഗം അദ്ധ്യക്ഷനായി സേവനമനുഷ്ഠിച്ച പ്രൊഫ. ഇ.എം. ജോസഫ് ഈ വർഷം കോളേജിൽ നിന്നും വിരമിക്കുന്നു. അദ്ധ്യാപകൻ എന്ന നിലയിലും വ്യക്തി എന്ന നിലയിലും ഏവരുടെയും സ്നേഹാദരവുകൾ ആർജ്ജിച്ച ജോസഫ് സാറിന് നന്ദിയുടെ നറുമലരുകൾ! ഭാവുകങ്ങൾ!!

# ഇവർ എഴുതുന്നു..





സുനിൽ കുമാർ



പ്രിയ



ജിജു ജോസ് (ഫിലിംക്ലബ്ബ് സെക്രട്ടറി)



അനിൽ പെരുവ



ജോസ് കെ. ജെ.



ജാൻസി രാജു



ജോമോൻ ജോർജ്ജ്



ദിന ചന്ദ്രൻ



സുരേഷ് വി. സി.



മോളി ജോർജ്ജ്



ഇമ്മാനുവൽ എൻ. ടി. (ഫോറസ്ട്രി ക്ലബ്ബ് സെക്രട്ടറി)



സാബു ജെയിംസ് (വെയ്റ്റ് ലിഫ്റ്റിംഗ്)



അനിൽ മാത്യു



സുനില കെ. ബി



മനീഷ് ജോസഫ്



അലക്സ് ജോസഫ്



ജോയി പി. ലൂക്കോസ്



കുസുമ കുമാരി



ജോർജ്ജ് ജെയിംസ്



ജെയിംസ് പി. ജെ.



മനോജ് കുമാർ ബി.



ഗ്രേസ് സേവ്യർ (മലയാളം ചെറുകഥ)



സുരേഷ് മാത്യു



ജോൺ ജോൺസ്



ബിജി തോമസ്



ജെസിമോൾ വി. ജോസഫ്












# കായികരംഗം


സ്പോർട്സ് സെക്രട്ടറി
സാജു സ്കറിയ






പുരുഷ വിഭാഗം ചാമ്പ്യൻ
ഡിജ്ജി പാലപ്ലിലോട്ട്,
100 മീറ്റർ, 200 മീറ്റർ
മത്സര വിജയി


വനിതാ വിഭാഗം ചാമ്പ്യൻ
ആൻസി പി. ലൂക്കോസ്
200 മീറ്റർ, 400 മീറ്റർ 800 മീറ്റർ
മത്സര വിജയി


റോയി പി. മാത്യു
ഇന്റർ കോളേജിയേറ്റ്
ചെസ് ചാമ്പ്യൻ


പൗലോസ് ഏബ്രഹാം
ഡിസ്കസ്, ഷോട്ട്പുട്ട്, ഹാമർത്രോ
മത്സര വിജയി


ബിജു തോമസ് പാലയ്ക്കൽ
1500 മീറ്റർ, 5000 മീറ്റർ
മത്സര വിജയി



...കാന്ത് എം.
...ർട്ടിസ് ചാമ്പ്യൻ
...ശാസ്ത്രീയസംഗീതം
[illegible]





സെബാസ്റ്റ്യൻ ജോസഫ്
മികച്ച നടൻ
400 മീറ്റർ, 800 മീറ്റർ
ഓട്ടം



...വിൻകുമാർ പി.റ്റി.
ലളിതഗാനം
...ഉപകരണസംഗീതം
(സുഷിരം, തന്ത്രി)

# കലോത്സവ വിജയികൾ



ജോഷി ചെറിയാൻ
മിസ്റ്റർ ദേവമാതാ
പഞ്ചഗുസ്തി



...ബി ക്രിസ്തുരാജ്
കവിതാപാരായണം



സിലാസ് കെ.എസ്.
ചെണ്ട



റീസാമേരി പി.ജെ.
ഉപന്യാസം. മലയാളം



സൂസമ്മ ജോസഫ്
കഥാപ്രസംഗം



ജോബോയ് ജേക്കബ്
ചെറുകഥ - ഇംഗ്ലീഷ്



...ജമ്മ അഗസ്റ്റിൻ
ലളിതഗാനം



സന്തോഷ്കുമാർ
ഹാസ്യനടൻ



ജോൺസൺ ജെ.
പ്രച്ഛന്നവേഷം



സേവ്യർ കെ.പി.
കവിത - മലയാളം



എൽസി മാത്യു
നാടോടി നൃത്തം



ജാസ്മിൻ ഡി.
[illegible] രംഗോലി



സിബി അഗസ്റ്റിൻ
മിസ്റ്റർ [illegible]



ബിജ്ജു തോമസ്
ഹെയർ സ്റ്റൈൽ



ആൻസി സെബാസ്റ്റ്യൻ
മിസ് ദേവമാതാ



മെറീനാ ജോസ്
ഫാഷൻ പരേഡ്








U/O അശോകൻ പി
മികച്ച കേഡറ്റ്



U/O പ്രകാശ് മാത്യു



U/O റോയ്...



U/O തോമസ് കെ.ജെ.



Sgt. രാജു വി.ഒ



Sgt. സാജു...



പ്രൊഫ: ജോസഫ് മാത്യു അഞ്ചേരി (പാലാ. മുനി: ചെയർമാൻ) സൈക്കിൾ റാലി ഫ്ളാഗ് ഓഫ് ചെയ്യുന്നു.



ബഹു. പ്രിൻസിപ്പളിൽ നിന്നും രക്ത-നേത്ര-ദാന സർട്ടിഫിക്കറ്റ് കോട്ടയം ഗ്രൂപ്പ് കമാൻഡർ കേണൽ പി.എസ്.സി നായർ സ്വീകരിക്കുന്നു.



ഇവർ വിട പറയുന്നു



രണ്ടാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ



പ്രവർത്തനോദ്ഘാടനം
ശ്രീമതി ശ്രീലേഖ I.P.S.




യുവാക്കൾ
പണിയായുധങ്ങളുമായ്

യുവജനങ്ങൾ
ബഹുജനസാക്ഷരതയ്ക്ക്



ദശദിന ക്യാമ്പ് ഉദ്ഘാടനം
ശ്രീ. പി.ഡി. പോൾ.

ശ്രീ ബാബു ജോസഫ് M.A.,M.Phil.
പ്രോഗ്രാം ഓഫീസർ





ശ്രീ. റ്റി.റ്റി. തോമസ് M.A.
പ്രോഗ്രാം ഓഫീസർ



സെക്രട്ടറി
റോമി സെബാസ്റ്റ്യൻ



എക്സിക്യൂട്ടീവ്



സെക്രട്ടറി
സാബു ജോർജ്ജ്.



ഷാജി കെ.കെ.




സിന്ധുകുമാരി ജി



ജെയ്ജി ജോർജ്ജ്.

ജനറൽ ലീഡേഴ്സ്

# കോളജ് ടീമുകൾ





ഇന്റർ കോളേജിയേറ്റ് മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ബോൾ ബാഡ്മിന്റൺ ടീം



ഡോക്ടർ ക്രിക്കറ്റ്, തരുൺ ട്രോഫി സമ്മാനാർഹമായ ക്രിക്കറ്റ് ടീം

ഷട്ടിൽ ടീം



അജു ഫിലിപ്പ്, ജോണി ജോസ് (400 മീറ്റർ മത്സരവിജയി)

ജോമാർട്ടി[illegible] (ഓട്ട[illegible] [illegible] [illegible] മാ[illegible] വ[illegible])

സ്വാഗതം
സന്തോഷ് ടി. വർഗീസ്

# കോളേജ് ദിനാഘോഷം



അദ്ധ്യക്ഷപ്രസംഗം
ടോസ്ജോ
മാളിയേക്കൽ

മുഖ്യാതിഥി
ശ്രീ വിജയചന്ദ്രൻ
(M.D. ട്രാവൻകൂർ
സിമന്റ്സ്)

യൂണിയൻ
റിപ്പോർട്ട്
ഷാജി
അഗസ്റ്റിൻ.

പ്രിൻസിപ്പൽസ്
റിപ്പോർട്ട്
പ്രൊഫ. ജോർജ്ജ്
ജോസഫ്
നിധീരി

ആശംസകൾ

- മിസ് ഒലീഷ.

നന്ദി.
ജോമോൻ
തോമസ്

# കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ



1 ചിത്ര-ശില്പ പ്രദർശനം
2,3 ഗാനമേള — കൊച്ചിൻ കോറസ്
4,5 രക്തപരിശോധനാക്യാമ്പ്
6 മിമിക്സ് പരേഡ് — കൊച്ചിൻ മിമിക്സ്
6 അഖില കേരള ഏകാങ്കനാടക മത്സരം
[വിജയികൾ — വിശ്വശ്രീ കാവിലങ്ങാട്]

# കോളജ് യൂണിയൻ റിപ്പോർട്ട് 1989-1990

മാററത്തിനും ചലനാത്മകമായ ഒരു കോളജ് യൂണിയനും വേണ്ടി ദേവമാതായിലെ വിദ്യാർത്ഥികൾ ഒന്നടങ്കം വോട്ടുചെയ്ത കലാലയ യൂണിയൻ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 29—ാം തീയതി നടക്കുകയുണ്ടായി. സമാധാനപരമായ അന്തരീക്ഷത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ചവർ താഴെ പറയുന്നവരാണ്.

ചെയർമാൻ —
ടോസ് ജെ മാളിയേക്കൽ III BA Ecos

വൈസ് ചെയർമാൻ—
ജീനാ ജോൺ IIIBCom

ജനറൽ സെക്രട്ടറി—
ഷാജി അഗസ്റ്റിൻ III BA Ecos

യൂണിവേഴ്സിററി യൂ: കൗൺസിലേഴ്സ്
സുനിൽ രാജ് ഫിലിപ്പ് III BA Eng
സന്തോഷ് ടി. വർഗ്ഗീസ് III BA Ecos

ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി—
ബി ജി ജോസഫ് II Bsc Maths.

എഡിററർ —
ജോമോൻ തോമസ് II BA Eng

ലേഡീസ് റെപ്രസന്റേററീവ്സ് —
ഷൈനി ജോസ് II PDC
ജയശ്രീ കെ. I BCom

ക്ലാസ് പ്രതിനിധികൾ: —

| | | |
|---|---|---|
| I P. D. C. | — | ജോസഫ് കെ ജെ. |
| II P. D. C. | — | ചാർളി പോൾ |
| I D. C. | — | ജോസ് കെ. മാനുവൽ |
| II D. C. | — | ഹരീഷ് എസ്. |
| III D. C. | — | സാബു സി. പി. |
| I P. G. | — | അരവിന്ദൻ പി ആർ. |
| II P. G. | — | ബെന്നി ടി. യു. |

അസോസിയേഷൻ സെക്രട്ടറിമാർ: —

| | | |
|---|---|---|
| മാത്സ് | — | ടി. എൻ. ശ്രീകുമാർ |
| ഫിസിക്സ് | — | ടോമി |
| കെമിസ്ട്രി | — | പോൾസൺ മാത്യു |
| ബോട്ടണി | — | സജി ജോസഫ് |
| സുവോളജി | — | ഷാജി ബെല്ലാർമിൻ |
| ഇംഗ്ലീഷ് | — | എസ്, പ്രേംകുമാർ |
| മലയാളം | -- | സാജു അഗസ്റ്റിൻ |
| കോമേഴ്സ് | — | ജോസ് ജോസഫ് |
| ഇക്കണോമിക്സ് | — | പോൾ ജോസഫ് |

നോമിനേററഡ് സീററുകൾ: —
സ്പോർട്ട്സ് സെക്രട്ടറി —
സാജു സ്റ്റീഫൻ III DC Eng

ഹരിജൻ റെപ് —
ദിലീപ് I PDC

സമാധാനപരവും ഭരണഘടനാനുസൃതവുമായി തെരഞ്ഞെടുപ്പ് നടത്തുന്നതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ പ്രൊ: ജോർജ് ജോൺ നിധീരി, റിട്ടേണിംഗ് ഓഫീസർ ടി. എം. ദേവസ്യ എന്നിവരോടും മററ് അദ്ധ്യാപക അനദ്ധ്യാപകരോടുമുള്ള നന്ദി ഈയവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

## യൂണിയൻ ഉത്ഘാടനം

പുതുമയുടെ തിളക്കമാർന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് കോളജ് യൂണിയൻ ഉത്ഘാടനം കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ട് വി. ആർ. രാജീവൻ IPS നിർവ്വഹിച്ചു. സുപ്രസിദ്ധ ഹാസ്യ സാഹിത്യകാരൻ വേളൂർ കൃഷ്ണൻകുട്ടി യൂണിയൻ പ്രവർത്തനങ്ങൾക്ക് ആശംസ നേർന്നു. ജനറൽ സെക്രട്ടറി ഷാജി അഗസ്റ്റിൻ സ്വാഗതവും കൗൺസിലർ സുനിൽ രാജ് ഫിലിപ്പ് നന്ദിയും പറഞ്ഞു.

## ആർട്ട്സ് ക്ലബ്ബ് ഉത്ഘാടനം

വിദ്യാർത്ഥികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്ന വേദിയായ ആർട്ട്സ് ക്ലബ്ബിന്റെ ഉത്ഘാടനം സാഹിത്യകാരനായ പ്രൊഫ: തൃക്കൊടിത്താനം ഗോപിനാഥൻ നായർ നിർവ്വഹിച്ചു. ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി ബിജി ജോസഫ് സ്വാഗതം അരുളി. വൈസ് ചെയർമാൻ ജീനാ ജോൺ കൃതജ്ഞത അർപ്പിച്ചു. വിദ്യാർത്ഥികൾ അവതരിപ്പിച്ച ഗാനമേളയും ഉണ്ടായിരുന്നു.

## രക്ത പരിശോധന

യൂണിയൻ സെൻറ് മേരീസ് ലബോറട്ടറിയുടെ സഹായത്തോടെ നടത്തിയ ബ്ലഡ് ടെസ്റ്റ് യൂണിയൻ പ്രവർത്തനങ്ങളുടെ ഒരു പുതുമയായിരുന്നു. സൗജന്യനിരക്കിൽ നടത്തിയ ഈ ബ്ലഡ് ടെസ്റ്റിലൂടെ സ്വന്തം ബ്ലഡ് ഗ്രൂപ്പ് മനസിലാക്കിയ ഒട്ടേറെപ്പേർ രക്തദാനം നടത്തി എന്നത് യൂണിയൻ അഭിമാനത്തോടെ ഓർക്കുകയും ആ രക്തദാതാക്കളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

## ചിത്ര-ശില്പ പ്രദർശനം

നമ്മുടെ കോളജിലെ ഏററവും അവഗണിക്കപ്പെടുന്ന കലാവിഭാഗമായിരുന്നു ചിത്രകാരന്മാർ. ചിത്രങ്ങളാസ്വദിക്കാൻ ആഗ്രഹം മനസിൽപേറുന്ന കലാസ്വാദകരും നമുക്കുണ്ടായിരുന്നു. പക്ഷേ അവരെ പ്രോത്സാഹിപ്പിക്കുവാൻ

ഒരു യൂണിയൻ മുന്നോട്ടു വന്നതിതാദ്യമായാണ്. വിശാലമായ ഓഡിറ്റോറിയത്തിൽ നിറയെ നിരന്ന കേരളത്തിലെ പ്രശസ്ത ചിത്രകാരന്മാരുടെ കലാസൃഷ്ടികൾ കലാസ്വാദകർക്ക് നവ്യാനുഭൂതിയായി. നമ്മുടെ കോളേജിലെതന്നെ അറിയപ്പെടാത്ത കലാകാരന്മാരെ മറനീക്കി പുറത്തു കൊണ്ടുവരാൻ കഴിഞ്ഞത് ഈ ചിത്രശില്പ പ്രദർശനത്തിലൂടെ യൂണിയൻ കൈവരിച്ച നേട്ടമാണ്.

## സിനിമാ പ്രദർശനം

അന്താരാഷ്ട്ര നിലവാരത്തിൽതന്നെ ശ്രദ്ധിക്കപ്പെട്ട ജീനിയസായ ജോൺ എബ്രഹാമിന്റെ ഭാവനാ തലങ്ങളിലേക്ക് എത്തിനോക്കാനുള്ള ശ്രമമായിരുന്നു. അദ്ദേഹത്തിന്റെ 'അഗ്രഹാരത്തിലെ കഴുത' എന്ന ചിത്രം പ്രദർശിപ്പിച്ചതിലൂടെ, നല്ല സിനിമ ആസ്വദിക്കുന്ന ഒരു പിടി പ്രേക്ഷകർക്ക് ഫിലിം പ്രദർശനം പുതിയ ഒരു അനുഭവമായിരുന്നു.

## ഏകാങ്കനാടക മത്സരം

കോളേജ് ടീമുകളേയും അമച്വർ ട്രൂപ്പുകളേയും ഒരുമിച്ച് പങ്കെടുപ്പിച്ചുകൊണ്ട് യൂണിയൻ സംഘടിപ്പിച്ച അഖിലകേരള ഏകാങ്ക നാടക മത്സരം ദേവമാതായ്ക്ക് പുതുമയായിരുന്നു. വിജയികൾക്ക് യൂണിയൻ ക്യാഷ് അവാർഡ് നൽകി.

## മിമിക്സ് പരേഡ്

യാന്ത്രികതയുടെ ഒഴുക്കിൽ ചിരിക്കാൻ മറന്ന സമൂഹത്തെ പൊട്ടിച്ചിരിയിലേക്കിറക്കിവിടുന്ന പ്രകടനമാണ് യൂണിവേഴ്സിറ്റി യുവജനോത്സവ വിജയിയായ മിമിക്രി താരമുൾപ്പെടെയുള്ള കലാകാരന്മാരുടെ ട്രൂപ്പായ കൊച്ചിൻ മിമിക്സ് നടത്തിയത്.

## ആർട്സ് ഫെസ്റ്റിവൽ

കോളേജ് കലാകാരന്മാരുടെ കലാമത്സരങ്ങൾ നടന്നു. യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ വിജയികളായ ശ്രീകല ജി, ജിജിമോൻ സ്കറിയ, സുനിൽ രാജ് ഫിലിപ്പ് എന്നിവരെ ഇത്തരുണത്തിൽ അഭിനന്ദനങ്ങൾ അറിയിക്കട്ടെ

## സ്പോർട്ട്സ് ഡേ

കോളേജിലെ കായികതാരങ്ങളുടെ മാറ്റുരയ്ക്കൽ നടന്നു. മത്സരങ്ങൾക്കു മുമ്പു നടന്ന ചടങ്ങിൽ സ്പോർട്ട്സ് സെക്രട്ടറി സാജു സ്റ്റീഫൻ സ്വാഗതം പറഞ്ഞു. ബഹു. പ്രിൻസിപ്പൽ പതാകയുയർത്തി

## കോളേജ് ഡേ

ചടുലവും വിദ്യാർത്ഥികൾക്ക് അത്യന്തം പ്രയോജനപ്രദവുമായ യൂണിയന്റെ പ്രവർത്തനങ്ങൾക്ക് തിരശ്ശീല വീണു. ട്രാവൻകൂർ സിമിന്റ്സിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. വിജയചന്ദ്രൻ I A S മുഖ്യാതിഥിയായിരുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പ്രസിദ്ധീകരണ വിഭാഗം അദ്ധ്യക്ഷയായ ശ്രീമതി. ഓ. വി. ഉഷ ചടങ്ങിൽ കവിത അവതരിപ്പിച്ചു. കൗൺസിലർ സന്തോഷ് ടി. വർഗ്ഗീസ് സ്വാഗതവും എഡിറ്റർ ജോമോൻ തോമസ് കൃതജ്ഞതയും പറഞ്ഞു.

സമ്മേളനാനന്തരം കൊച്ചിൻ കോറസ് അവതരിപ്പിച്ച ഗാനമേള ഉണ്ടായിരുന്നു. ചില വിദ്യാർത്ഥികൾ നടത്തിയ സാമൂഹ്യവിരുദ്ധമായ ചെയ്തികളും അലങ്കോലപ്പെടുത്തൽ ശ്രമവും മൂലം ഗാനമേള മുഴുവൻ സമയവും നടത്താൻ സാധിച്ചില്ല എന്നതു് ഖേദപൂർവ്വം ഓർക്കട്ടെ.

വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിൽ അവരോടൊപ്പം എല്ലായ്പ്പോഴും നിന്നു എന്നതു് തന്നെയാണ് ഞങ്ങളുടെ എളിയ വിശ്വാസം. സമരം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ ആവശ്യമായ കാര്യങ്ങൾ നേടിയെടുക്കാൻ യൂണിയൻ മടി കാണിച്ചില്ല. യൂണിയൻ നടത്തിയ രണ്ടു സമരവും സദ്ഫലം കണ്ടു എന്നതും ഓർക്കട്ടെ. കര്യനാട്ട നിന്നു് പുതിയ ബസ് അനുവദിക്കുകയും നമ്മുടെ കോളേജിലെ കായിക താരങ്ങളെ ഉപദ്രവിച്ചവർക്കെതിരെ ശക്തമായ നടപടികളെടുക്കാൻ ക്രമസമാധാനപാലകരെ പ്രേരിപ്പിച്ചതും യൂണിയൻ നയിച്ച സമരം മൂലമാണ്.

ഒരധ്യയനവർഷത്തെ വിദ്യാർത്ഥി ജീവിതത്തിലെ പാഠ്യവും പാഠ്യേതരവുമായ വിഷയങ്ങളിൽ നിങ്ങളെ സഹായിക്കാൻ, ഒരു നല്ല കോളേജ് യൂണിയൻ ഭരണം കാഴ്ചവയ്ക്കാൻ ഞങ്ങളെ തെരഞ്ഞെടുത്ത നിങ്ങൾക്ക് ഒരിക്കൽ കൂടി നന്ദി പറഞ്ഞുകൊണ്ട് ദേവമാതാ കോളേജിലെ വിദ്യാർത്ഥി സമൂഹം മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കട്ടെ.

വിനയപൂർവ്വം
നിങ്ങളുടെ ജനറൽ സെക്രട്ടറി
**ഷാജി അഗസ്റ്റിൻ**

## ഓറേറ്ററിക് ക്ലബ്

ക്ലബിൻെറ 20-ാമത് വർഷ പ്രവർത്തന റിപ്പോർട്ട്:-

വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി ചിന്തിക്കുവാനും, ആശയങ്ങൾ ഒരു സമൂഹത്തിൻെറ മുമ്പിൽ ആത്മവിശ്വാസത്തോടു കൂടി അവതരിപ്പിക്കുവാനുമുള്ള പരിശീലനം നൽകുകയാണ് ക്ലബ്ബിൻെറ ലക്ഷ്യം. വ്യാഴാഴ്ചതോറും 3-30 ന് നടത്തപ്പെടുന്ന സമ്മേളനങ്ങളിൽ അംഗങ്ങൾ പ്രത്യേക വിഷയങ്ങളെപ്പററി നടത്തുന്ന അഭിപ്രായ പ്രകടനങ്ങളിലൂടെയും ചർച്ചകളിലൂടെയുമാണ് ഇതു സാധിക്കുന്നത്.

പഞ്ചായത്ത് രാജ്ബിൽ, ചൈനയിലെ ടിയാൻ മെൻസ്ക്വയർ സംഭവം, ഇൻഡ്യൻ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, വി. പി. സിംഗിൻെറ തെരഞ്ഞെടുപ്പുവിജയം, കേരളം വളരുന്നോ തളരുന്നോ, ഭീകര വാദം - യാഥാർത്ഥ്യങ്ങളും പരിഹാരങ്ങളും തുടങ്ങിയ ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളും വിദ്യാഭ്യാസ സാമൂഹ്യ വിഷയങ്ങളും ഈ വർഷത്തെ ചർച്ചകളിൽ ഉൾപ്പെടുകയുണ്ടായി. ഒരിക്കലും സദസ്സിനെ അഭിമുഖീകരിച്ചിട്ടില്ലാത്തവരായിരുന്ന അംഗങ്ങളിൽ മിക്കവരും, ഏതാനും ദിവസങ്ങൾക്കകം സഭാകമ്പം മാററുവാനും സജീവമായ ആശയ പ്രകടനം നടത്തുവാനും എല്ലാവരും കഴിവാർജ്ജിക്കുകയുണ്ടായി.

ക്ലബ്ബ് ഡയറക്ടർ പ്രൊഫ: കെ. എം. ചാക്കോ, ജോയിൻറ് ഡയറക്ടർമാരായ ശ്രീ. തോമസ് സെബാസ്ററ്യൻ, ശ്രീ. ബേബി തോമസ് എന്നീ അദ്ധ്യാപകർ പരിശീലന യോഗങ്ങളിൽ സംബന്ധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരുന്നു.

ക്ലബ്ബംഗങ്ങൾ നിരവധി ഇൻറർകോളജിയററ് മൽസരങ്ങളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയുമുണ്ടായി.

ക്ലബിൻെറ സുഗമമായ നടത്തിപ്പിനു് എല്ലാവിധ പ്രോൽസാഹനങ്ങളും നൽകികൊണ്ടിരിക്കുന്ന ബഹു: പ്രിൻസിപ്പലിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകികൊണ്ടിരിക്കുന്ന ബഹു: ഡയറക്ടർമാർക്കും കൃതജ്ഞത അർപ്പിച്ചുകൊള്ളുന്നു.

**ജോമാർട്ടിൻ ജോസഫ്**
സെക്രട്ടറി

## ഫിലിം ക്ലബ്

വിദ്യാർത്ഥികളിലെ സിനിമാ ആസ്വാദന ശക്തി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈക്ലബ്ബിനു് രൂപം കൊടുത്തിരിക്കുന്നത്. യൂണിയൻ നോമിനികളായ സിബി അഗസ്റ്റ്യൻ, ജിജുജോസ് എന്നിവരുടെ നേതൃത്വത്തിലാണ് ഈ വർഷം ക്ലബ്ബിൻെറ പ്രവർത്തനം നടന്നത്.

ഫാ: ജോസഫ്, ജെ. പുതമന ഡയറക്ടറായുള്ള അഞ്ചംഗ അദ്ധ്യാപക സംഘമാണ് ക്ലബിനെ നയിക്കുന്നത്. 1989 ഫെബ്രുവരി 6—ാം തീയതി ആദ്യ സിനിമാ പ്രദർശനവും, സിമ്പോസിയവും നടത്തി. അടൂർ ഗോപാലകൃഷ്ണൻെറ 'എലിപ്പത്തായ'ത്തോടുകൂടിയാണ് ഈ വർഷത്തെ പ്രവർത്തനം സമാരംഭിച്ചത്. ക്ലബിൻെറ ഔദ്യോഗികമായ ഉൽഘാടനം 1990 ഫെബ്രുവരി 19—ന് പ്രശസ്ത സിനിമാ നിരൂപകനായ പ്രൊഫ: ജോസഫ് മാത്യു നിർവ്വഹിച്ചു. പ്രൊഫ. ജോർജ്ജ് ജോൺനിധീരി അദ്ധ്യക്ഷം വഹിച്ചു. പ്രശസ്ത സിനിമാനടനും, ഈ കോളേജിലെ അദ്ധ്യാപകനുമായ ബാബുനമ്പൂതിരി ആശംസാപ്രസംഗം നടത്തി. പ്രസിഡൻറ് സിബി അഗസ്റ്റ്യൻ സ്വാഗതവും, സെക്രട്ടറി ജിജുജോസ് നന്ദിയും രേഖപ്പെടുത്തി.

വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ, അത്ഭുതാവഹമായ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ ക്ലബിനു സാധിച്ചു. 'എലിപ്പത്തായം, ചെമ്മീൻ, ചെറിയാച്ചൻെറ ക്രൂരകൃത്യങ്ങൾ, അഗ്രഹാരത്തിലെ കഴുത' തുടങ്ങിയ പ്രശസ്ത ചിത്രങ്ങളുടെ പ്രദർശനവും, ചർച്ചകളും സംഘടിപ്പിച്ചു.

**ജിജുജോസ്**
സെക്രട്ടറി

The functioning of Devamatha Forestry Club began in the Second week of November, 1989. Shri. R. BHANU (Asst. Forest Conservator, Kottayam) inaugurated the functioning of the Club on 10th November, 1989. Prof. George John Nidhiry, presided. Shri. P. O. Varkey (President, Kottayam District Forestry Club) and Mr. M. S. Jayaraman (Range Officer, Kottayam) spoke on the occasion.

The Club organised a one day seminar on the importance of Social Forestry on 3rd February, 1990. Shri Mani Abraham (Chairman, Kottayam Municipal Council) inaugurated it. Prof. Abraham John Nidhiri (Head of the Dept. of Botany, St. Thomas College, Palai) Mr. P. O. Varkey and Mr. T. Babu Zacharias (Asst. Forest Publicity Officer) took classes. Over 100 students were present at the seminar.

Kerala Forest Department and Forestry Club joinly organised NATURE CAMP-90 at Periyar Tiger reserve, Thekkadi on 9, 10, 11 February 1990. 24 students and 4 teachers participated in the three day camp. The camp site was about 30 KM. inside the forest. The camp was inaugurated by Prof. Peter Patterson, a Scientist from Newzealand. Mrs. Jane Patterson, Dr. VijayakumaranNair (Forest Research Institute, Peechi) and Mr. P. Mohanachandran ) Research Range Officer) took classes. Trekking inside the forest helped a lot to understand the ecology of forests and wild life.

The Club organised a one-day 'Vanadarsan' Programme to Chalakkayam—Pamba on 12th February 1990. 23 students participated in it.

Emmanuel N. T.,
President

## ഐക്കഫ്

വിദ്യാർത്ഥികളുടെ മാനസികവും ബൗദ്ധികവും ആദ്ധ്യാത്മികവുമായ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് ഐക്കഫ്. ഈ യൂണിററിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ 1989 ഓഗസ്റ്റ് 12-ാം തീയതി പ്രൊഫ. ബേബി തോമസ് ഉദ്ഘാടനം ചെയ്തു.

യൂത്ത് എൻ കൗണ്ടർ ജീസസ് (ഓഗസ്റ്റ് 3, 4 തീയതികളിൽ P D C, ഓഗസ്റ്റ് 22, 23 തീയതികളിൽ DC) നേതൃത്വപരിശീലന ക്യാമ്പ് (ഒക്ടോബർ 6, 7, 8, 9), 'സാമൂഹ്യനീതി' യെപ്പററി സെമിനാർ (ഓഗസ്റ്റ് 12), പ്രാർത്ഥനാ സമ്മേളനങ്ങൾ (ബുധനാഴ്ച വൈകുന്നേരം), കർബാന (ആദ്യവെള്ളിയാഴ്ച); ഗ്രാമർ ക്ലാസുകൾ (ശനിയാഴ്ചകൾ) എന്നിവയാണ് ഈ വർഷത്തെ മുഖ്യപരിപാടികൾ. രൂപതാ, പ്രാദേശിക ക്യാമ്പുകളിൽ ഈ യൂണിററിലെ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുകയുണ്ടായി. യൂണിററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗായകസംഘം —ഐക്കഫ് വോയ്സ്— സംസ്ഥാനതലത്തിൽ പ്രശംസ നേടി.

26 അംഗ എക്സിക്യൂട്ടീവും 9 അദ്ധ്യാപകരുടെ ഉപദേശകസമിതിയും പ്രവർത്തനങ്ങൾക്ക നേതൃത്വം കൊടുത്തു.

| | ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|---|
| പ്രസിഡന്റ് : | അലക്സ് സി. ജോസഫ് | മിനോ അഗസ്റ്റിൻ |
| സെക്രട്ടറി : | പീററർ പോൾ | ശോഭ മാത്യു |
| ട്രഷറർ : | ജോസ് നിധീരി | ജാൻസി രാജു |

പ്രോഗ്രാം കോ ഓർഡിനേറ്റർ: സ്കറിയാ മാ. ജെ.

രൂപതാ എക്സിക്യൂട്ടീവ് : ബിജു ജോസഫ്, എൽബി മാത്യു

ഐക്കഫ് ഡയറക്ടർ ഫാ; ജോസഫ് പുളുമനല്ലും ഞങ്ങളോട് സഹകരിച്ച എല്ലാവർക്കും നന്ദി.

പീററർ പോൾ
ശോഭ മാത്യു } സെക്രട്ടറിമാർ

# എൻ. എസ്. എസ്.

ശ്രീ ടി. ടി. തോമസ്, ശ്രീ. ബാബു ജോസഫ് എന്നീ പ്രോഗ്രാം ഓഫീസേഴ്സിന്റെ കീഴിൽ എൻ. എസ്. എസ്. വോളന്റിയേഴ്സ് ഈ വർഷത്തെ എൻ. എസ്. എസ്. പരിപാടികൾ കൂടുതൽ മോടിപിടിപ്പിച്ചു.

ഈ വർഷത്തെ എൻ. എസ്. എസ്. പരിപാടികളുടെ ഉത്ഘാടനം ശ്രീമതി ആർ. ശ്രീലേഖാ ഐ. പി. എസ്. 5—10—89 ൽ നിർവ്വഹിച്ചു. 2—10—89 ൽ ഗാന്ധിജയന്തി ദിനം ആഘോഷിച്ചു.

ഈ വർഷം രണ്ടു മിനിക്യാമ്പും ഒരു ദശദിന ക്യാമ്പും സംഘടിപ്പിച്ചു. 89 ഒക്ടോബർ 13, 14, 15 തീയതികളിൽ ആദ്യത്തെ മിനിക്യാമ്പ് സെന്റ് മേരീസ് ഗേൾസ് പ്രൈമറി സ്കൂളിന്റെ ഗ്രൗണ്ട് ലവൽചെയ്തുകൊടുത്തു. ശ്രീ. തോമസ് ഉമ്മിണിത്തോട്ടം ക്ലാസെടുത്തു.

21-10-1989 ൽ പ്രൊഫ: എം. വി. പീറ്റർ, ശ്രീ. ജോയി മൈക്കിൾ, ശ്രീമതി. കെ. പി. ഫിലോമിന എന്നിവർ ഓറിയന്റേഷൻ ക്ലാസുകൾ എടുത്തു.

1-11-1989 ൽ ശ്രീ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്ത കേരളപ്പിറവി ആഘോഷങ്ങളിൽ വിവിധ കേരളീയകലകൾ അവതരിപ്പിക്കപ്പെട്ടു.

9–11–1989 ൽ ലിറ്ററസി സർവ്വേ നടന്നു. കറവിലങ്ങാട് പഞ്ചായത്തിലെ 3, 8 വാർഡുകളിൽ നിന്നും 43 നിരക്ഷരരെ കണ്ടെത്തി.

22-12-1989 മുതൽ 31-12-89 വരെ ദശദിന ക്യാമ്പ് നടന്നു. ഉദ്ഘാടനം കറവിലങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ പി. ഡി. പോൾ നിർവ്വഹിച്ചു. "യുവജനങ്ങൾ ബഹുജന സാക്ഷരതയ്ക്ക്" എന്നതായിരുന്നു ഈ വർഷത്തെ ദശദിന ക്യാമ്പിന്റെ ലക്ഷ്യം. കറവിലങ്ങാട് പഞ്ചായത്തിലെ 3, 8 വാർഡുകളിൽ നിന്നു 35 നിരക്ഷരരെ അക്ഷരത്തിന്റെ ലോകത്തിലേയ്ക്ക് കൈപിടിച്ച് കയററി

ദശദിനക്യാമ്പിനോടനുബന്ധിച്ച് കോട്ടയം മെഡിക്കൽ കോളജിലെ ഡോക്ടേഴ്സ് വന്ന് ആരോഗ്യബോധന സെമിനാർ നടത്തി, വിവിധ കലാപരിപാടികളും ചർച്ചകളും ഉണ്ടായിരുന്നു.

സാക്ഷരതയുടെ ഭാഗമായി തെരുവുനാടകങ്ങളും സാക്ഷരതാ ഗാനങ്ങളും, സാക്ഷരതാ റാലികളും വിവിധ ഭാഗങ്ങളിൽവച്ച് നടത്തപ്പെട്ടു.

18—1—90 ൽ ദേശീയ യുവജനദിനം ആചരിച്ചു. ശ്രീ. വിജയൻ ചാലോട് പ്രസംഗിച്ചു.

20—1—90 ൽ ഗ്രന്ഥശാല സംഘടിപ്പിച്ച പ്രവർത്തകരോടൊപ്പം സാക്ഷരതാറാലിയിൽ പങ്കുചേർന്നു.

26—1—90 ൽ റിപ്പബ്ലിക് ദിനം ആചരിച്ചു. N. S. S. അംഗങ്ങൾ ധാരാളം പ്രാവശ്യം രക്തദാനം എന്ന മഹത്തായ സേവനം ചെയ്തു.

യൂണിവേഴ്സിററി തലത്തിലും അഖിലേന്ത്യാതലത്തിലും നടന്ന ക്യാമ്പുകളിൽ വോളന്റിയേഴ്സിനെ പങ്കെടുപ്പിക്കുകയും അവർ നമ്മുടെ കോളേജിലെ N. S. S. ന്റെ അഭിമാനം നിലനിർത്തുകയും ചെയ്തു.

2—2—90 ൽ രണ്ടാമത്തെ മിനിക്യാമ്പ് നടന്നു. പരിസ്ഥിതി പഠനത്തിനായി തൃശൂരിലെ കട്ടികളുടെ ഗ്രാമം സന്ദർശിച്ചു.

5—2—90 ൽ ഈ വർഷത്തെ N. S. S. പരിപാടികളുടെ സമാപനം കുറിച്ചു.

ഈ വർഷത്തെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട നിർദ്ദേശം തന്ന് പരിപാടികൾ ഭംഗിയായി നടത്തുന്നതിനു വേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും N. S. S. യൂണിററിന്റെ പേരിൽ നന്ദിരേഖപ്പെടുത്തുന്നു.

സാബു ജോർജ്
ജോമി ജോസഫ്
(സെക്രട്ടറിമാർ)




Certain cynics and pessimists have portrayed life as a battle field full of sufferings, trials, miseries and tribulations. Such persons not only mislead people but also do injustice to the divine gift given to man. Life is a blooming fragrant flower. It is of different hues, and the human beings, men and women, young and old, are the delicate soft silken petals of this flower of life. Their smiling, blooming faces radiate fragrance and sweetness all around. Only those who cannot enjoy the beauty around, who lack the will to explore the unknown regions of life, *find life bru*densome, tiresome the boring. They remain gloomy with down cast and wrinkled faces.

In a garden, there are not only blooming roses, smiling sunflowers and bright lilies, but faded and withered flowers as well. Sullen and sad persons are the less bright flowers of life. Flowers are varied in colour but they all have honey hidden in their hearts and that is love. It is the honey that adds sweetness to life and soothness the wounds and injuries given by the thorns of life.

It is a folly to use the word "love" in its limited sense of the relationship between a man and a women. Love has all—embracing applications and effects. There is love of God, love of ideals, love of parents, love of friends and so on. Lord Christ said "Love thy neighbour". By this teaching Lord he wanted every one to be filled with the honey of love.

Great monuments of marble will crumble down with the passage of time but love is immortal. A true lover has aspirations as well as motivation and final salvation sought through total involvement in love. Love is inevitable and essential for life as air, water, food, clothing and shelter. For a lover, love is his religion. It transcends the barriers of narrow mindedness, caste, creed and man-made religions. Though India is a multi-lingual, multi-racial, multi-cultural nation, it has the oneness in love from its basement. We must install India and its citizens on the pedestal of glory, prosperity and love.

As the honey in a flower remains unaffected by the blows and buffets of storms and rain, true love is not bothered about material glory or worldly power.

Jomon George.
1st year Predegree,

[കുറിപ്പ്: കാലമെത്ര മാറിയാലും മനുഷ്യ മനസ്സിലെ ആസുരത അതേതന്നെ. അങ്ങിനെ നിലനില്ക്കും. ചരിത്രം വീണ്ടും വീണ്ടും നമ്മെ ബോധ്യപ്പെടുത്തുന്നത് അതാണ്. കാലചക്രം തിരിയുമ്പോൾ ആഗ്നേയാസ്ത്രത്തിന്റെ സ്ഥാനം ആറ്റംബോംബ് കൈയ്യടക്കും. പിന്നെ അത് മറ്റൊന്നിനു വഴിമാറും എന്നുമാത്രം. കുരുക്ഷേത്രങ്ങൾ ഇനിയും ആവർത്തിച്ചുകൊണ്ടിരിക്കും.)



(അരങ്ങിൽ തിരശ്ശീലയിൽ ഇളക്കം ബാധിക്കുമ്പോൾ, ഏതോ നിഗൂഢ ഗഹ്വരത്തിൽനിന്നെന്നവണ്ണം)

"പരിത്രാണായ സാധൂനാം
വിനാശായച ദുഷ്കൃതാം,
ധർമ്മ സംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ"

(പശ്ചാത്തലത്തിൽ ഉടുക്കിന്റെ ശബ്ദം ഉച്ചസ്ഥായിയിൽ നിന്നും മന്ദ്രസ്ഥായിയിൽ ലയിക്കുമ്പോൾ രംഗം ദീപ്തമാവുന്നു ) (രംഗമദ്ധ്യത്തിലായ് ഒരു യുവാവ്. എട്ട് കോറസ്സ് വിവിധ കോണുകളിൽ [Still]

യുവാവ്: കാലചക്രമിതാ തന്റെ അനുസ്യൂതമായ പ്രയാണം തുടരുന്നു. ഇന്നലെകളെ പിന്നിലാക്കി ഇന്നിൽനിന്നും നാളെയിലേക്ക്, ഈ പരക്കം പാച്ചിലിനിടയിൽ എവിടെയോ നഷ്ടമാവുന്ന ഇന്നലെകൾ. ഇവിടെ അവൻ സ്വന്തം നിഴലിനോട് യുദ്ധം ചെയ്യുകയാണ്. തന്റെ ബുദ്ധിയുടെ ചൂളയിൽ അവൻ ആയുധങ്ങൾ നിർമ്മിക്കുന്നു പ്രത്യയശാസ്ത്രങ്ങളുടെ കീഴിൽ അവൻ ചേരിതിരിയുന്നു,

[SCENE CUT]

യുവാവ്: ഇവിടെ അവൻ അസ്വസ്ഥതയുടെ വിത്തുകൾ എറിയുന്നു. നാഗസാക്കിയും ഹിരോഷിമയുമാണവൻ ഇഷ്ടപ്പെടുന്നത്. എനോളഗെയും, ബോംബറുമാണ് അവന്റെ തലയ്ക്ക് മുകളിൽ ഇരമ്പുന്നത്.

[ബോംബാക്രമണത്തിൽ തകർന്ന രണഭൂമി] [മൈമിംഗ്] [യുവാവ് മറ്റൊരിടത്തേക്ക് ചൂണ്ടി. ഒരു ഭാഗത്ത് രക്ഷകന്റെ വരവ് കാത്തിരിക്കുന്ന സമാധാനകാംക്ഷികൾ [കോറസ്സ് പ്രത്യാശയുടെ ഭാവം] മറുഭാഗത്ത് നാശത്തിന്റെ പെരുച്ചാഴികൾ ആടിത്തിമർക്കുന്നു.

[അസ്വസ്ഥത, സ്പർദ്ധ എന്നീഭാവങ്ങൾ കോറസ്സിൽ]

യുവാവ്: മൂവായിരം വർഷത്തെ ശാപം ഏറ്റുവാങ്ങിയ അശ്വത്ഥാമാവിതാ...... [കോറസ്സിൽ അസ്വസ്ഥതയുടെ ചലനം] ചതിയുടെ പ്രതീകമായ ശകുനിയിതാ......അർഹതയ്ക്കംഗീകാരം കിട്ടാതെ അവഗണനയുടെ തീച്ചൂളയിൽ കർണ്ണനിതാ......അനീതിയുടെ കേളീഗൃഹത്തിൽനിന്നും നീതിയുടെ ശബ്ദം വികർണ്ണൻ ...... പത്മവ്യൂഹത്തിലേക്ക് ഇനിയും തിരിച്ചു വരാത്ത വിധം അയക്കപ്പെട്ട അഭിമന്യുകുമാരൻ ...... സ്വന്തം അഹന്തയാൽ സ്വജീവിതം തിരുത്തിക്കുറിക്കപ്പെട്ട പാഞ്ചാലി......അപക്വതയുടെ തെറ്റ് കൂടി വച്ച് ആയുഷ്കാലം മുഴുവൻ നീറാൻ വിധിക്കപ്പെട്ട അമ്മ കുന്തി തനിയാവർത്തനങ്ങൾ........വീണ്ടും വീണ്ടും......

[കോറസ്സ് ഈ ഭാവങ്ങളെല്ലാം മാറിമാറി ഉൾക്കൊണ്ടശേഷം Frezze ചെയ്യുന്നു.

[SCENE CUT]

യുവാവ്: കാലചക്രം വീണ്ടും കറങ്ങി. അജ്ഞതയുടെ ലോകത്തുനിന്നും യുവഹൃദയങ്ങളെ കരകയറ്റാനെത്തിയ ആചാര്യൻ സോക്രട്ടീസ് [കോറസ്സ് സദസ്സാവുന്നു] ആ നീതിമാന് ചരിത്രം വിഷം കൊടുത്തു. [കോറസ്സ് സോക്രട്ടീസിനു വിഷം കൊടുക്കുന്നു] മറ്റൊരാചാര്യൻ ക്രിസ്തു. ആ നീതിമാനെയവർ ക്രൂശിലേറ്റി. [കോറസ്സ് ക്രിസ്തുവിനെ ക്രൂശിലേറ്റുന്നു.] ഇവിടെ ചരിത്രം ആവർത്തനത്തിന്റെ മേലങ്കിയണിയുന്നു. കറുത്ത അദ്ധ്യായങ്ങൾ വീണ്ടും. ചരിത്രം ആവർത്തനമാണ്, കണ്ണെത്തലാണ്, കഴുത്തറക്കലാണ്, വിഡ്ഢിവേഷംകെട്ടലാണ് അസ്വസ്ഥതയുടെ ഈ കളിയരങ്ങിൽനിന്ന് മുറജപങ്ങൾ ഉണരില്ലേ?

കോറസ്സ്: [ഒരേ ഈണത്തിൽ താളത്തിൽ] മുറജപം ഉണരുന്ന പുതിയ പുലരി നമ്മുടെ സ്വപ്നമാവട്ടെ...

[LIGHT OFF]

[ഒരു നിമിഷം] [രംഗം ദീപ്തമാവുന്നു. പശ്ചാത്തലത്തിൽ ഫ്ളൂട്ടിന്റെ ഈണം] യുവാവ് രംഗമദ്ധ്യത്തിലായി പുറന്തിരിഞ്ഞ് നില്ക്കുന്നു.]

കോറസ്സ്: [പുതിയ ഭാവം പുതിയ സമീപനം] തോറ്റിട്ടില്ല. തോറ്റിട്ടില്ല തോററ ചരിത്രം കേട്ടിട്ടില്ല. [കോറസ്സ് വിജയാഹ്ളാദ ലഹരിയിൽ] [ഒരു നിമിഷം എല്ലാം ശാന്തം.]



യില്ല. ക്രിസ്തുവിന് കുരിശും, സോക്രട്ടീസിന് വിഷവും കൊടുത്തതാണീ ലോകം. സത്യത്തെ തിരികല്ല് കെട്ടി താഴ്ത്താൻ നല്ല വിരുതുണ്ട് കാലത്തിന്. നീതിനിഷ്ഠനായ മഹാബലിയെ ചെളിയിൽ ചവുട്ടിതാഴ്ത്തി. ആ നീതിമാന്റെ രക്തം കൊണ്ട് നാം ഓണമാഘോഷിക്കുന്നു. സത്യത്തെ വളച്ചൊടിക്കാൻ ഒരവതാര കഥയും.

B:— നീ വെറും ഉപരിവർഗ്ഗ ബുദ്ധിജീവികളുടെ നിരയിലേക്ക് തരംതാഴുന്നു. ബൈനോക്കുലർവഴി ജീവിതം നോക്കിക്കാണാതെ ഞങ്ങളോടൊത്ത് ചേരൂ..........

D:— ഇതൊക്കെയറിയുന്ന നീ പിന്നെ എന്തിന് ജല്പിക്കുന്നു.

യുവാവ്: വേദന ഉള്ളിലൂറുന്ന വേദന.

F:— അവന്റെയൊരു വേദന നീയാരാ കൺഫ്യൂഷ്യസേ.

H:— മുനയടഞ്ഞ ആദർശങ്ങളും പേറി നീയെന്തിന് നടക്കുന്നു? പട്ടിയായ് വേഷം കെട്ടിയാൽ കുരയ്ക്കണമെടാ...

E:— ആദർശ സമ്പന്നന്മാർ കൂട്ടിലടയ്ക്കപ്പെട്ട സിംഹത്തെപ്പോലെ ജീവിക്കുന്നു. പട്ടിയെപ്പോലെ മരിക്കുന്നു.

യുവാവ്: വരും തലമുറകളിൽ തെററിദ്ധാരണയുടെ വിത്തു വിതയ്ക്കാൻ വളച്ചൊടിക്കപ്പെടുന്ന ചരിത്രം നമുക്കുവേണ്ട. പുതിയ ആകാശവും പുതിയ ഭൂമിയും നമുക്കുണ്ടാവില്ലേ?

(കോറസ്സ് ആർത്ത് ചിരിക്കുന്നു.)

കോറസ്സ്: വിഡ്ഢി ഇത് കലിയുഗമാണ് ധർമ്മം ഒററക്കാലിൽ നില്ക്കുന്നത് നീ കാണുന്നില്ലേ?

യുവാവ്: ഇതിഹാസങ്ങളും, മഹാകാവ്യങ്ങളും തൻകാര്യ സാദ്ധ്യത്തിനായ് ശിലകളിലും, ഗ്രന്ഥത്തിലും കടഞ്ഞുവയ്ക്കുന്ന മനുഷ്യനിവിടെ ധാർമ്മികമായിതാ അധഃപതിക്കുന്നു. അവൻ യുദ്ധത്തെക്കുറിച്ചു മാത്രം ചിന്തിക്കുന്നു. കാലം മാറി ആഗ്നേയാസ്ത്രത്തിന്റെ സ്ഥാനം ആററംബോംബ് കൈയ്യടക്കിയെന്നു മാത്രം. ആസുരത അന്നും, ഇന്നും, എന്നും ഒന്നുപോലെ. ഇനിയുമൊരു പുതിയ പുലരി...... മനുഷ്യന്റെ നേട്ടങ്ങൾ മണ്ണടിയട്ടെ. സർവ്വതും നശിച്ച് നിശബ്ദ സുന്ദരമായൊരു ഭൂമി. വീണ്ടും നമുക്ക് അമീബയിൽ നിന്നാരംഭിക്കാം.

കോറസ്സ്: കൊള്ളാം നിന്റെ ജല്പനം. ഈ ബ്രഹ്മാണ്ഡത്തെ കൈക്കുമ്പിളിലൊതുക്കിയ ശാസ്ത്രം അത്രമേൽ വിഡ്ഢിത്തമാണെന്ന് നീ കരുതുന്നുണ്ടോ,

യുവാവ്: വിഡ്ഢിത്തങ്ങളുടെ ഒരു തുടർക്കഥയായിരുന്നു ഇന്നു വരെ; ഇനിയുമത് ആവർത്തിച്ചുകൊണ്ടിരിക്കും.

[ഘന നിമിഷം: കോറസ്സ് യുവാവിന്റെ സംഭാഷണത്തിൽ ആകൃഷ്ടരാവുന്നു.]

(SCENE CUT)

[ഏതാനും നിമിഷത്തെ നിശബ്ദത കോറസ്സ് പിരിയുന്നു.] (അനുകരണം)



[വീണ്ടും യുവാവിലേക്ക്]

A.B.C.D:- എന്താണിതിനൊരു പ്രതിവിധി?

E.F.G.H:- എന്താണിതിനൊരു മാർഗ്ഗം?

A. B:— നിന്റെ പ്രജ്ഞയിൽ.........

C. D:— അതേ നീമാത്രമാണ് ഞങ്ങൾക്കാശ്രയം.

E. F:— എന്തെങ്കിലും ഒരു മാർഗ്ഗം ഉപദേശിക്കൂ.

G. H:— സർവ്വനാശത്തിന് മുമ്പ് ഒരു വെളിച്ചം നമുക്കായ്. അതെ നിനക്കതിനാവും.

യുവാവ്: ഇല്ല എനിക്കാവില്ല. നമുക്ക് പ്രതീക്ഷിക്കാം ഇന്നല്ലെങ്കിൽ നാളെ.

[രംഗത്തെ വെളിച്ചം മങ്ങുന്നു] (സ്പോട്ട് യുവാവിന്മേൽ) [പശ്ചാത്തലത്തിൽ ഫ്ളൂട്ട് (ഭൂപാളം) യുവാവിന്റെ സംഭാഷണത്തിൽ ലയിച്ചുകിടക്കുന്നു.]

വരും വരാതിരിക്കില്ല............ അകലെയൊരു ശാന്തിയുടെ മന്ത്രം. ഈ ഏകാന്തതയുടെ തുരുത്തിൽ ഞങ്ങളിതാ..........നീ വരുന്നതും കാത്ത്. യാഥാർത്ഥ്യത്തിനും, മിഥ്യക്കുമിടയിൽപ്പെട്ട് ഞങ്ങൾക്ക് ഞങ്ങളെ നഷ്ടമാവും മുമ്പ് നീ വരില്ലേ. ഈ പ്രപഞ്ചത്തിനുമപ്പുറത്തു നിന്ന്. പ്രകാശ വർഷങ്ങളിലൂടെ സഞ്ചരിച്ച്. അന്ധകാരത്തിന്റെ ശക്തികൾ വാഴുന്ന ഈ സർവ്വംസഹയിലേക്ക് ഞങ്ങളിതാ....... ഒരു പ്രകാശജ്യോതിസ്സായ് നീ വരുന്നതും കാത്ത്.

(യുവാവും കോറസ്സും ആ നിലയിൽ FREZZE ചെയ്യുന്നു.) (യവനിക)

**സെബാസ്റ്റ്യൻ ജോസഫ്**
മൂന്നാംവർഷ ഡിഗ്രി മലയാളം

[illegible]

**ജാൻസിരാജ്**

ഒന്നാം വർഷ ഡിഗ്രി മലയാളം





# വയലാർ രാമവർമ്മയുടെ കാവ്യജീവിതം – ഒരു പഠനം

കവിത ജീവിതസ്പർശിയായിരിക്കണമെന്ന അഭിമതത്തിലടിയുറച്ചു നിന്നുകൊണ്ട് കാൽ ശതാബ്ദത്തിലേറെക്കാലം സാഹിത്യസേവനം ചെയ്ത വയലാർ രാമവർമ്മ കൈരളിക്കു കാഴ്ചവച്ച സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. ജീവിതവുമായി ഒട്ടിച്ചേർന്നു നിൽക്കുന്ന ഇതിവൃത്തങ്ങളും അസൂയാർഹമായ ഭാവനാവിലാസത്തിന്റെ പൊൻതേരിലേറി ലളിത പദാവലികളുടെ അകൃത്രിമസൗന്ദര്യത്തിലാപാദചൂഡം ആമഗ്നമായി ആസ്വാദക ലോകത്തിലേക്കോടിയെത്തുന്ന വയലാറിന്റെ ഓരോ കലാസൃഷ്ടിയും അദ്ദേഹത്തിന്റെ സാഹിത്യ സപര്യയിലെ ഓരോ അശ്വമേധമാണ്. കവന ലോകത്തിലേയ്ക്ക് അദ്ദേഹമഴിച്ചുവിട്ട യാഗാശ്വത്തെ പിടിച്ചുകെട്ടാനോ; സ്വന്തമായി ആവിഷ്കരിച്ച രചനാരീതിയെ കടത്തിവെട്ടാനോ അദ്ദേഹത്തിന്റെ സമകാലീനരായ ആർക്കും കഴിഞ്ഞില്ല. വയലാർ എന്ന അതുല്യ പ്രതിഭയ്ക്ക് കേരള സാഹിത്യ നഭോമണ്ഡലത്തിൽ ജാജ്വല്യമാനമായ ഒരു സ്ഥാനം നേടിക്കൊടുത്തതു അദ്ദേഹത്തിന്റെ തനതായ ഈ വ്യക്തിത്വമാണ്. വയലാറിന്റെ കാവ്യജീവിതത്തിലൂടെ ഒന്നു കണ്ണോടിച്ചാൽ ഈ നിഗമനത്തിൽ പക്ഷാന്തരമുണ്ടാവാനിടയില്ല.

കലോപാസനയുടെ പാരമ്പര്യമൊന്നും അവകാശപ്പെടാനില്ലാതെ, തകർന്നുകൊണ്ടിരുന്ന ഒരു നായർ തറവാട്ടിലെ അംഗമെന്ന നിലയിൽ സാമ്പത്തിക പരിമിതികളുടെ കൈപ്പുനീരോടൊപ്പം വയലാർ സംസ്കൃത ഭാഷയിലുള്ള അവഗാഹവും സ്വായത്തമാക്കി. പരുപരുത്ത അനുഭവങ്ങൾ ജീവിതത്തോടുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ റിയലിസത്തിന്റെ നിറം പകർന്നുകൊടുത്തു. വയലാറിന്റെ കാവ്യജീവിതത്തിന്റെ പ്രാരംഭ ദിശയിൽ രചിക്കപ്പെട്ട കവിതകളിൽ ഈ നിറം മികവാർന്നു നില്ക്കുന്നു. അതുകൊണ്ട് "വേദന തിങ്ങും സമൂഹത്തിൽ നിന്നു ഞാൻ വേരോടെ ചീന്തിപ്പറിച്ചതാണീ" എന്ന പരിചയപ്പെടുത്തൽ വയലാറിന്റെ ഏതു കൃതിയ്ക്കും അനുയോജ്യവുമാണ്. അനുദിനജീവിതത്തിൽ നിന്നും അടർത്തിയെടുക്കുന്ന അനുഭവങ്ങൾ ആ അനുഗൃഹീത കലാകാരന്റെ ഭാവനാ വിലാസത്തിൽ രൂപപ്പെട്ട് ഹൃദ്യവും ലളിതവുമായ ശൈലിയിൽ പുറത്തു വരുമ്പോൾ അത് അനുവാചകന് അവാച്യമായ ആനന്ദം പകർന്നുകൊടുക്കുന്നു. സമൂഹത്തിലെ ഉച്ചനീചത്വങ്ങളെ അപലപിക്കുവാനായാലും, സമുദായത്തിലെ അന്ധവിശ്വാസങ്ങളെ ആക്രമിക്കുവാനായാലും കഷായ കുറിപ്പടി രൂപത്തിൽ തത്വം കുറിക്കുകയല്ല. മറിച്ച് തന്റെ തത്വങ്ങളെ തന്റെ ഭാവനയിൽ പൊതിഞ്ഞ് വർണ്ണാലങ്കാരങ്ങളുടെ മാധുര്യത്തിൽ മുക്കി അനുവാചകന് രുചിക്കുന്നവിധത്തിൽ ഒരുക്കികൊടുക്കുകയാണ് വയലാർ ചെയ്തത്. ഭാവനാ വൈഭവമാണ് സസൂയാവഹമായ ഈ വിജയത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ മുഖ്യം.

വയലാറിന്റെ ഭാവനാവൈഭവം അദ്ദേഹത്തിന്റെ കൃതികളിലുടനീളം കാണാമെങ്കിലും ഗാനരചനാവേളയിലാണ് അത് പൂർണ്ണമായും പീലിവിടർത്തിയാടുന്നത്. "തമ്മിൽ കൊക്കും ചിറകുരുമ്മി തമ്മിൽ സ്വപ്നങ്ങൾ കൈമാറി ഒന്നാംകൊമ്പത്തു വന്നിരുന്ന" ആ ക്രൗഞ്ച മിഥുനങ്ങളുടെ കഥയ്ക്ക് രാമായണത്തോളം തന്നെ പഴക്കമുണ്ട്. എന്നാൽ ആ സംഭവം വയലാറിന്റെ ഭാവനയിലൂടെ പുറത്തുവന്നപ്പോൾ അത് പൂർവ്വോപരി തിളക്കവും മിഴിവും ആർജ്ജിച്ച് അനുവാചക ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടി. വയലാറിന്റെ "മാനിഷാദ" അനുവാചകന്റെ മനസിൽ ക്രൗഞ്ച മിഥുനങ്ങളുടെ മായാത്ത ചിത്രം ആലേഖനം ചെയ്യുകയാണ്. ഭാഷ സ്വായത്തമല്ലെങ്കിലും ആ ഇണപ്പക്ഷികളുടെ ചേതോവികാരങ്ങളെ അപ്പാടെ ആവാ



ഹിച്ചെടുക്കാനും, അതിലൽപ്പവും ചോർന്നു പോകാതെ അനുവാചക ഹൃദയത്തിലേക്ക് പകർന്നു കൊടുക്കാനും ഭാവനാ ധനനായ വയലാർ പൂർണ്ണമായും വിജയിച്ചു. ക്രൗഞ്ച മിഥുനങ്ങളുടെ ചിത്രം ഭാവനയിൽ കണ്ടുകൊണ്ടിരിക്കുന്ന അനുവാചകന്റെ ഹൃദയത്തിലേക്ക് അവയുടെ വൈകാരിക തീഷ്ണത ഒരളവുവരെ സന്നിവേശിപ്പിക്കുന്നതിൽ കവി വിജയിച്ചു. തന്മൂലം പിന്നാലെ വരുന്ന ക്രൂരമ്പ് പക്ഷികളിൽ തറയ്ക്കുമ്പോൾ അത് സ്വന്തം മനസ്സിൽ തന്നെ തറയ്ക്കുന്നതായി അനുവാചകന് അനുഭവപ്പെടുന്നു.

മനുഷ്യനെതേടി പുറപ്പെട്ട 'ഇളംതെന്നലും' കൂലിക്കാരുടെ കഥപറയുന്ന 'ഞങ്ങളുടെ മുത്തശ്ശിയും' ഭാവനയിൽ മെനഞ്ഞെടുത്തവയാണെങ്കിലും ആ സംഭാഷണവും കഥാ കഥനവും വായനക്കാരന്റെ മനസ്സിൽ തട്ടാതിരിക്കില്ല. "ഉമ്മകൾ വിരിയുന്ന ചുണ്ടുമായി" പാലും കൊണ്ടുവരുന്ന ആയിഷയുടെ രൂപവും അനുവാചകരിൽ വിരിയിക്കുന്നതിന് അദ്ദേഹത്തിന്റെ ഭാവന കുറച്ചൊന്നുമല്ല ഉപകരിക്കുന്നത്. ഉപമയുടേയും ഉത്പ്രേക്ഷയുടേയും സഹായത്തോടെ ഭാവനയുടെ പൊടിക്കൈകൾ വായനക്കാരിൽ ഉളവാക്കുന്ന അനുഭൂതി വിശേഷം വയലാറിന്റെ തനതായ വ്യക്തിത്വവിശേഷമാണ്. ആ പ്രതിഭയിലുരുത്തിരിഞ്ഞ എത്രയെത്ര ഗാനശകലങ്ങളാണ് കൈരളിയെ ധന്യമാക്കിയിട്ടുള്ളത്. ആകാശത്തിലെവിടെയോ നാമ്പിട്ടിരിക്കുന്ന വനജ്യോത്സനയെ നനച്ചു വളർത്തുവാൻ പൊൻകുടവുംപേറി നടക്കുന്ന പൗർണ്ണമിയും, കണ്ണെഴുതുന്ന ശംഖുപുഷ്പവും തെരുതരി ഞൊറിയുന്ന ശാരദസന്ധ്യകളുമൊക്കെ ആസ്വാദകന്റെ ഉൾക്കാമ്പിൽ അവാച്യമായ അനുഭൂതി വിശേഷങ്ങൾ ഉണർത്തുന്ന ബിംബങ്ങളാണ്. വെണ്ണിലാപ്പുഴയിൽ നീന്തിക്കളിക്കുന്ന രാജഹംസങ്ങളാണ് വെള്ളിമേഘക്കീറുകളെന്നും. ആലുവാപ്പുഴ പൊഴിക്കുന്ന കളകളശബ്ദം ആയിരം പാദസ്വരങ്ങളുടെ കിലുക്കമാണെന്നും ഉത്പ്രേക്ഷിക്കുവാൻ വയലാറിന്റെ ഭാവനയ്ക്കേ കഴിയൂ. കടലിനക്കരെ കടലമ്മയുടെ കൊട്ടാരത്തിലൊരു കൊച്ചുപെണ്ണുണ്ടെന്ന് തന്റെ ആസ്വാദകരെ അറിയിക്കുന്നതുതന്നെ വയലാറിന്റെ ഭാവനയാണ്. അവളുടെ പാദസരവും അവൾക്കു നൽകിയ പല്ലാങ്കുഴലുമെല്ലാം അമ്പിളിഅമ്മാവനും അവളെ കാണാൻ വന്ന കാമുകനും. സ്വാഭാവികമായ ലജ്ജയുടെ മിനുക്കുപണികൾകൊണ്ട് കവി അവളുടെ ചിത്രം കൂടുതൽ മിഴിവുള്ളതാക്കിത്തീർക്കുന്നു. ഇങ്ങനെ വയലാറിന്റെ കലാസൃഷ്ടികൾ — ഗാനമാകട്ടെ — കവിതയാകട്ടെ — സുന്ദരഭാവനയുടെ പരിവേഷമണിഞ്ഞാണ് രൂപമെടുക്കുന്നത്. കൃത്രിമത്വത്തിന്റെ അംശം അവയിലൊന്നും ദർശിക്കുവാൻ കഴിയുകയില്ല. ചുരുങ്ങിയ വാക്കുകളിൽ തന്റെ അനുഭൂതികൾ പോലും വായനക്കാരിലേക്ക് പകർന്നു കൊടുക്കേണ്ടിവരുമ്പോഴാണ് വയലാർ തന്റെ ഭാവനയെ കൂട്ടിന് വിളിക്കുന്നത്. കവിതാരചനയിൽനിന്നും ഗാനരചനയിലേക്കെടുത്തുചാടിയ അദ്ദേഹത്തിന്റെ ഭാവന ഉത്തരോത്തരം വികസിച്ചു വരുന്നതായിട്ട് അദ്ദേഹത്തിന്റെ ഓരോ കൃതിയിൽനിന്നും മനസ്സിലാക്കുവാൻ കഴിയും.

ഭാവനയുടെ ഇഷ്ടതോഴിയും ആജന്മാനുവർത്തിയുമായിനിന്ന ലാളിത്യമാണ് അദ്ദേഹത്തിന്റെ കൃതികളെ മധുരതരമാക്കിത്തീർക്കുന്നത്. ലളിതമായ ഭാഷ, ഋജുവായ പ്രതിപാദനം — ഇതായിരുന്നു അദ്ദേഹത്തിന്റെ ആപ്തവാക്യം. ഇക്കാര്യത്തിൽ ചങ്ങമ്പുഴയും വയലാറും ഒരേ പണിപ്പുരയിലായിരുന്നു നിർമ്മാണപ്രക്രിയയിൽ ഏർപ്പെട്ടിരുന്നത്. മറ്റാർക്കും കടന്നു ചെല്ലാൻ കഴിയാത്ത മേഖലയായിരുന്നു അത്.

'എനിക്കു മരണമില്ല' എന്നു പറഞ്ഞ വയലാർ കാലചക്രത്തിന്റെ ഉരുളലിൽ മൺമറഞ്ഞു പോയെങ്കിലും അനുവാചകന്റെ ഹൃദയത്തിൽ ഇന്നും ജീവിച്ചിരിക്കുന്നു. ഹൃദയ സംവാദകങ്ങളായ ഇതിവൃത്തങ്ങൾ സ്വന്തം ഹൃദയരക്തത്തിൽ മുക്കി ഋജുവും ലളിതവും സുന്ദരവുമാക്കി കൈരളിക്ക് സമർപ്പിച്ചതിനാലാണ് വയലാർ ഈ അമരത്വം നേടിയതെന്നതിൽ പക്ഷാന്തരമില്ല.

**അനിൽ മാത്യു**
ഒന്നാം വർഷ ഡിഗ്രി കോമേഴ്സ്

# യാത്രാമൊഴി

വർഷങ്ങൾക്കുമുമ്പൊരു മദ്ധ്യാഹ്നം. അങ്ങുദൂരെ വെയിലിൽ കുളിച്ചുനിൽക്കുന്ന മലകൾ. താളത്തിലാടുന്ന ബദാമിലകൾ. മാനത്തെ ചുംബിക്കുന്ന ചൂളമരങ്ങൾ.

സൂര്യകിരണങ്ങളേറ്റ് വാടിത്തളർന്ന്, വിയർപ്പിൽ കുളിച്ച് ഞാൻ നിന്റെ അടുത്തു വന്നു. നമ്മുടെ ആദ്യ സംഗമം...

അന്നു നീ കണ്ടഭാവംപോലും നടിച്ചില്ല. എങ്കിലും ആ നിശബ്ദത എന്നെ വല്ലാതെ ആകർഷിച്ചു.

പിന്നീട് സംഭവബഹുലമായി കടന്നുപോയ അഞ്ചു സംവത്സരങ്ങൾ...

നമ്മുടെ ബന്ധത്തിന് ആഴവും വ്യാപ്തിയും ഉണ്ടായി. അർത്ഥവും നിറവും പകർന്നു.

നീയെനിക്ക് സ്നേഹവും, മോഹങ്ങളും, മോഹഭംഗങ്ങളും, പ്രതീക്ഷകളും, സ്വപ്നങ്ങളും എല്ലാം സമ്മാനിച്ചു. എല്ലാം... അവയുടെ സാക്ഷാത്കാരവും ശവക്കുഴിയും നീതന്നെ കാണിച്ചുതന്നു.

പ്രിയേ, നിന്റെ സൗന്ദര്യമല്ല, ആ നിഷ്കളങ്കതയാണ് എന്നെ നിന്നിലേയ്ക്കടുപ്പിച്ചത്, അതിൽ ഞാൻ സ്വയം മറക്കുന്നു.

ഓരോ പ്രഭാതത്തിലും ഉത്സാഹവതിയായി നീ എന്നെ വരവേല്ക്കുമായിരുന്നു. വൈകുന്നേരങ്ങളിൽ തിരികെ പോകുമ്പോൾ, നെടുവീർപ്പുകളോടെ, നിർന്നിമേഷയായി നോക്കിനിൽക്കുമായിരുന്നു.

എത്രയെത്ര സായാഹ്നങ്ങളിൽ ഞാൻ നിനക്കു കൂട്ടിനിരുന്നിട്ടുണ്ട്. നിന്റെ മധുരമായ താരാട്ടുകേട്ട് മയങ്ങിയിട്ടുണ്ട്. ആ മടിത്തട്ടിൽ കിടന്ന് എത്രയെത്ര സ്വപ്നങ്ങൾക്ക് നിറം പകർന്നിരിക്കുന്നു.

എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ......

എന്റെ പ്രിയേ, എല്ലാ സമയങ്ങളിലും നീ എനിക്കു സുപരിചിതയായിരുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും സുന്ദര കാലഘട്ടം നിന്നോടൊപ്പം ചിലവഴിച്ചതായിരിക്കും. കണ്ണീരിലും പുഞ്ചിരിയിലും എന്നോടൊപ്പമുണ്ടായിരുന്നത് നീ മാത്രം. എന്റെ സ്വകാര്യ ദുഃഖങ്ങൾ ഇനി ഞാൻ ആരോടു പറയും ?

പക്ഷേ നിന്റെ ദുഃഖങ്ങൾ.........

ഒരിക്കലും നീയതു വെളിപ്പെടുത്തിയിരുന്നില്ല.


പ്രിയപ്പെട്ടവളെ, എന്റെ അമ്മയും സഹോദരിയും കാമുകിയും നീയായിരുന്നു. നീ എന്റെ എല്ലാമായിരുന്നു. എന്നിട്ടും.... ഇന്ന് നിന്റെമുമ്പിൽ ഞാൻ വെറുമൊരു പുൽക്കൊടി.

എത്രയോപേർക്ക് നീ മോഹങ്ങളും മോഹഭംഗങ്ങളും നല്കി. എത്രപേരെ ആ വിശാലമായ മടിത്തട്ടിലിരുത്തി താലോലിച്ചിട്ടുണ്ട്. അവരുമായി എത്രയോ സായാഹ്നങ്ങൾ ചിലവഴിച്ചിട്ടുണ്ട്.

നീ കാതോർത്തുനിന്ന ആദ്യത്തെ പ്രണയകഥയേതായിരുന്നു? ആദ്യത്തെ വിഹ്വല നിശ്വാസമേതായിരുന്നു? കോൺക്രീറ്റു തൂണുകൾക്കു മറവിൽ, കണ്ണീരടക്കി യാത്രചൊല്ലിയ എത്രയോ നിമിഷങ്ങൾക്ക് സാക്ഷ്യംവഹിച്ചിട്ടുണ്ട്?

നീ എത്ര ശിശിരങ്ങളിൽ കോരിത്തരിച്ചു!
വസന്തങ്ങൾ എത്രയാസ്വദിച്ചു !

നിന്നെസംബന്ധിച്ച് ഞാൻ ലക്ഷങ്ങളിലൊരുവൻ. പക്ഷെ എനിക്ക് നീ, എന്റെ എല്ലാമായിരുന്നു.



എന്റെ ഏററവും പ്രിയപ്പെട്ടവളെ, നമുക്ക് പിരിയുവാൻ ഇനി വിനാഴികകൾ മാത്രം അവശേഷിക്കുന്നു. എനിയ്ക്കിനി നീ നൽകിയ ഓർമ്മകളും അവ നൽകുന്ന വേദനയും മാത്രം.

നന്ദി, എനിയ്ക്കായി നൽകിയ എല്ലാററിനും നന്ദി......

എന്റെ പ്രിയപ്പെട്ട ദേവമാതാ, (മേരിയ്ക്കൽ കൂടി ഞാൻ അങ്ങിനെ വിളിക്കുന്നു) വിട......

നിറകണ്ണുകളോടെ......

**ദിനചന്ദ്രൻ കെ. എൻ.**

മൂന്നാം വർഷ ഡിഗ്രികണക്ക്

---



1990 മാർച്ച് 13 ചൊവ്വാഴ്ച
നിര്യാതയായ
രണ്ടാം വർഷ ഡിഗ്രി ഇംഗ്ലീഷ്
വിദ്യാർത്ഥിനിയായിരുന്ന
**സീനാഭാസ്കരന്റെ**
സ്മരണക്കു മുമ്പിൽ
ആദരാഞ്ജലികൾ.

# The Fascinating World of Radio Amateurs.

Most of us are familiar with the term 'Amateur'. An amateur is one who cultivates a particular study or art purely for pleasure and with no professional aim. Amateur Radio or Ham Radio is a hobby of two way private radio communication. The international law defines it as a service of self training, intercommunication and technical investigation carried on by duly authorised people or amateurs solely with a personal aim and without pecuniary interest.

According to a recent estimate more than one million radio amateurs are engaged in the hobby, throughout the world. Radio amateurs or Hams come from all sections of the society, irrespective of their cultural, economic and educational backgrounds. In India it is a criminal offence to possess wireless transmitter without proper licence. To get a Ham licence, one has to pass the Amateur Station Operator's Certificate (ASOC) examination conducted by the Ministry of Communications. This examination tests the aspirant in three areas: The knowledge of basic electronics, International regulations, and Morse code.

Apart from Hams, there are nearly two million others who follow their hobby simply as listeners. Such listeners of Ham band and short wave band are called short wave listeners or SWL. They can use a communication receiver covering the Radio frequency spectrum. Usually Hams operate in different frequencies ranging from 3890 kilo Hertz to 146 Mega Hertz at approximate harmonic intervals. They use different modes like Amplitude Modulation (AM), Morse code, and single side Band (SSB). A short wave listener can tune to Ham conversations in 7 MHz with an ordinary broadcast receiver.

Every Ham is identified by a unique call sign, alloted by the Government. For example the call sign beginning with VU represents India, VK-Australia, W-USA, SU-Egypt etc. To a beginner it is better to join any Amateur Radio Club. Most of the Hams use eithe self assembled or Imported equipments. The American Radio Relay League (ARRL) has launched their own communication satellite named as OSCAR — Orbital Satellite carrying Amatuer Radio - with the help of NASA. The Oscar satellite provides the communication in the very high frequency (VHF) and Ultrahigh frequency (UHF) effective for Amateurs.

But, it is not always talking for pleasure that Hams indulge in. On many occasions such as floods, storms, earthquakes and other natural calamities or emergencies when the normal communication channels fail, Hams render proper communication facilities, thus assisting the civil and Government agencies in relief and rescue operations. But still, most people in India are just unaware that such a hobby even exists. In our country the number of Radio Amateurs lags miserably behind compared with other nations. However, more and more people are getting interested in this - 'space age hobby' now-a-days. Many Governments have already realised the potential of this unique hobby and its benefits to the society.

Gigy Thomas,

IIIrd Year Degree Mathematics.

# ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ




നാനാത്വത്തിലെ ഏകത്വം സ്വതന്ത്ര ഇന്ത്യയുടെ ഏററവും മഹത്തായ സവിശേഷതയായി ലോകം ഉയർത്തിപ്പിടിക്കുന്ന സത്യം. ആ സത്യം ഇന്നൊരു മിഥ്യയായി മാറുകയാണോ? 'ഒരേയൊരിന്ത്യ ഒരൊററ ജനത' എന്നഭിമാനിക്കുന്നവർ ഈ ചോദ്യത്തിനുമുമ്പിൽ പകച്ചുനിൽക്കുന്നു. ഡെമോക്രസി, സെക്യുലറിസം, സോഷ്യലിസം തുടങ്ങിയ ആദർശങ്ങൾ സ്വപ്നം കണ്ട ഇന്ത്യ, ജാതി-മത-ദേശ-ഭാഷാതീതമായ മനുഷ്യസമത്വത്തെ ആദരിക്കാൻ ശ്രമിച്ച ഇന്ത്യ നിരവധി വെല്ലുവിളികളുടെ പത്മവ്യൂഹത്തിലകപ്പെട്ടിരിക്കുന്നു. രാഷ്ട്രത്തിന്റെ ആന്തരിക-ബാഹ്യവെല്ലുവിളികളെ കുറിച്ചൊരു പഠനമാണ് ഈ ഫീച്ചർ.

ഫീച്ചർ യൂണിററ്

ബാസ്റ്റിൻ കെ. ജോസഫ്,

ബോബി പോൾ,

ഷാജി കെ. കെ,

മിനി സെബാസ്റ്റ്യൻ.




## ദേശീയതയോ പ്രാദേശികതയോ?

വിദേശീയാധിപത്യത്തിൻകീഴിൽ ഞെരിഞ്ഞമർന്ന് സ്വന്തം മുഖഛായ നഷ്ടപ്പെട്ടവളാണ് ഇന്ത്യ. ക്രി. മു 2500-നോടുകൂടി ഇന്ത്യയിലെത്തിച്ചേർന്ന ആര്യന്മാരിൽ തുടങ്ങി ഹൂണന്മാർ, പാഴ്സികൾ, മുസ്ലീങ്ങൾ എന്നിങ്ങനെയുള്ളവരുടെ വിദേശീയാക്രമണം ഇന്ത്യയിലൊരു സാംസ്കാരിക സങ്കലനത്തിന് കളമൊരുക്കി. തുടർന്ന് ഇന്ത്യ കൈവശപ്പെടുത്തിയ യൂറോപ്യൻമാർ പുരോഗതിയോടൊപ്പം വിഭാഗീയ ചിന്തകളും കലഹവാസനകളും ഇന്ത്യയിൽ വളർത്തി. ഏകദേശം രണ്ടു നൂററാണ്ട് ഇന്ത്യ ഭരിച്ച ഇംഗ്ളീഷുകാരുടെ വികസനപ്രവർത്തനങ്ങളും ഇംഗ്ളീഷ് വിദ്യാഭ്യാസവുമാണ് ഇന്ത്യൻ ജനതയിൽ സ്വാതന്ത്ര്യവാഞ്ഛ അങ്കുരിപ്പിച്ചതും ദേശീയബോധം വളർത്തിയതും. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന തന്ത്രം ബ്രിട്ടീഷുകാർ വിജയകരമായി പ്രാവർത്തികമാക്കി. മതപരവും സാമുദായികവും പ്രാദേശികവുമായ സ്പർദ്ധകൾ വളർത്തി ഇന്ത്യയിൽ വളർന്നുവന്ന ദേശീയബോധത്തെ തടഞ്ഞുനിർത്തുവാൻ അവർ പരിശ്രമിച്ചു. കഴ്സൺ പ്രഭുവിൻെറ ബംഗാൾവിഭജനം വിഭാഗീയ ചിന്താഗതിയ്ക്കും തുടർന്ന് ഇന്ത്യാവിഭജനത്തിനും വഴിതെളിക്കുകയുംചെയ്തു.

ബ്രിട്ടീഷുകാർ വിതച്ചിട്ടുപോയ വിഭാഗീയ ചിന്തകളുടെ വിഷവിത്തുകൾ സ്വാതന്ത്ര്യാനന്തരം മുളച്ചു വളരുകയാണുണ്ടായത്. സാമുദായിക കലഹങ്ങളുടേയും ഭാഷാവഴക്കുകളുടേയും പ്രാദേശിക താല്പര്യങ്ങളുടേയും വംശവിദ്വേഷങ്ങളുടേയും സ്ഫോടനങ്ങൾ ദേശീയതയ്ക്കും ഐക്യത്തിനും നിരന്തരം ഭീഷണിയുയർത്തിക്കൊണ്ടിരിക്കുന്നു. പഞ്ചാബും കാശ്മീരും ഗുജറാത്തും ആസ്സാം കുന്നുകളും ഇന്നും പുകഞ്ഞുകൊണ്ടേയിരിക്കുന്നു. അയൽരാജ്യങ്ങളും ആ തീ ഊതിക്കത്തിക്കുകയും ചെയ്യുന്നു. അതിർത്തിപ്രദേശങ്ങളും അവിടെ നിവസിക്കുന്ന പ്രാദേശികവാദികളും ഇന്ത്യയുടെ സ്വസ്ഥത ഏറെനാളായി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഇന്ത്യയുടെ കാർഷികവ്യാവസായിക പുരോഗതിയുടേയും സാമ്പത്തിക സമൃദ്ധിയുടേയും തിലകക്കുറിയാണ് പഞ്ചാബ്. കായികശേഷിയുടെ കലവറയുമാണവിടം. എന്നാൽ ഈ സമൃദ്ധിയും കായികശേഷിയും ആയുധമാക്കിക്കൊണ്ട് ന്യൂനപക്ഷ ഖാലിസ്ഥാൻ വാദികൾ ഉയർത്തുന്ന ഭീഷണി ഇന്ത്യക്കാരുടെ ഹൃദയങ്ങളെ ഭേദിക്കുന്നു.

ഇന്ത്യ സ്വതന്ത്ര്യയായപ്പോൾ സ്വതന്ത്രമായി നിൽക്കാനാഗ്രഹിച്ച നാട്ടുരാജ്യങ്ങളിലൊന്നാണ് കാശ്മീർ. ഭൂരിപക്ഷ മുസ്ലീങ്ങളധിവസിക്കുന്ന കാശ്മീർ പാക്കിസ്ഥാൻഭീഷണിയുടെ സമ്മർദ്ദത്തിൽ ഇന്ത്യൻ സഹായം ആവശ്യപ്പെടുകയും ഇന്ത്യ അതു് നിറവേററുകയും ചെയ്തു. ഇന്ന് ഇന്ത്യൻ ദേശീയതയ്ക്കും അഖണ്ഡതയ്ക്കും ഭീഷണിയായി മാറിയിരിക്കുന്നു. വിഘടനവാദവും ഭീകരപ്രവർത്തനങ്ങളും ആ സുന്ദരഭൂവിഭാഗത്തെ പഞ്ചാബിനേക്കാൾ ഭീകരമായ ഒരഗ്നിപർവ്വതമാക്കിത്തീർത്തിരിക്കുന്നു. ബംഗ്ലാദേശ് സംഭവത്തിനു പകരം വീട്ടാൻ കാത്തിരിക്കുന്ന പാക്കിസ്ഥാൻ ഭീകരന്മാർക്ക് ആയുധങ്ങളും പരിശീലനവും നൽകി ഇന്ത്യയുടെ തലവേദന വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാന വ്യക്തികളെ തട്ടിക്കൊണ്ടുപോകലും വിലപേശലും കൊലചെയ്യലും ആവർത്തിക്കപ്പെടുന്നു.

ആസ്സാമിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നതും പ്രാദേശിക വാദത്തിൻെറ മ്ലേച്ഛമായ പ്രകടനങ്ങളാണ്. ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല




ഡാർജിലിങ്ങ്. ആകൃതിയിലും പ്രകൃതിയിലും നേപ്പാളികളായ ഗൂർഖകൾക്ക് അവരുടെ അധിനിവേശ സ്ഥലമായ ഡാർജിലിങ്ങ് സ്വതന്ത്രമായിക്കിട്ടണം. ആഗ്ഗ്രോ ഇന്ത്യൻ പാരമ്പര്യമുള്ള ജനവിഭാഗമാണ് നാഗന്മാർ. ആചാരസംസ്കാരങ്ങളിൽ വ്യത്യസ്തത പുലർത്തുന്ന ഈ ശൂരന്മാരുടെയും ലക്ഷ്യം ഒരു സ്വതന്ത്രരാഷ്ട്രമാണ്.

ശിവസേനയുടെ ദക്ഷിണേന്ത്യൻ വിരോധവും തമിഴ് നാട്ടുകാരുടെ ഹിന്ദി വിദ്വേഷവും വാളോങ്ങുന്നതും ദേശീയതയുടെ നേരെയാണ്. ഭാരതം ഒരു രാഷ്ട്രമല്ല ഒരു സങ്കല്പം മാത്രമാണ് എന്ന ചൊല്ലിന് പ്രസക്തിയേറിവരുകയാണോ ?

## രാഷ്ട്രീയത്തിലെ മൂല്യശോഷണം

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഇന്ത്യയിലെ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് ഉന്നതമായ ലക്ഷ്യങ്ങളുണ്ടായിരുന്നു. നാടിന്റെ സ്വാതന്ത്ര്യവും പുരോഗതിയും അവരുടെ സ്വപ്നമായിരുന്നു. പക്ഷേ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ലക്ഷ്യത്തിലും ശൈലിയിലും വലിയ മാറ്റങ്ങൾ വന്നു. എങ്ങിനെയും അധികാരം നേടുക എന്നത് പാർട്ടികളുടെ ലക്ഷ്യമായിത്തീർന്നു. പണവും ഉന്നതസ്ഥാനങ്ങളും നേടുകയെന്നതു് രാഷ്ട്രീയ പ്രവർത്തകരുടെ സ്വപ്നമായിത്തീർന്നിരിക്കുന്നു. രാഷ്ട്രീയ പാർട്ടികളുടെ ഈ ധാർമ്മികാധഃപതനം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ്. അധികാരത്തിന്റെ അസ്ഥികരണത്തിന് വേണ്ടി നേതാക്കളുടെ കടിപിടിമൂലം പാർട്ടികൾ അമീബയെപ്പോലെ പിളർന്നുപെരുകുന്ന പ്രവണത ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒരു സവിശേഷതയാണ്. ദേശീയ വീക്ഷണമോ ദേശീയമായ അടിത്തറപോലുമോ മിക്കവാറും എല്ലാ പാർട്ടികൾക്കും നഷ്ടപ്പെട്ടിരിക്കുന്നു. ജനസാമാന്യത്തെ കബളിപ്പിച്ചോ ഭീഷണിപ്പെടുത്തിയോ വോട്ടുനേടുവാൻ എത്ര ഹീനമാർഗ്ഗവും സ്വീകരിക്കാൻ രാഷ്ട്രീയ പാർട്ടികൾക്ക് മടിയില്ല. ജനങ്ങൾക്ക് ദേശീയതയുടേയും ഐക്യത്തിന്റെയും സന്ദേശങ്ങൾ നൽകുന്നതിനുപകരം പ്രാദേശികമോ മതപരമോ ഭാഷാപരമോ ആയ വികാരങ്ങൾ ഇളക്കിവിട്ട് വോട്ടുനേടാനാണ് അവർ ശ്രമിക്കുന്നതു്. ഖാലിസ്ഥാൻവാദവും കാശ്മീർ ഭീകരതയും ഗൂർഖാ പ്രക്ഷോഭണവും ഭാഷാവൈരങ്ങളും രാമജന്മഭൂമി പ്രശ്നവുമൊക്കെ വളർത്തി വഷളാക്കിയത് രാഷ്ട്രീയക്കാരല്ലെങ്കിൽ പിന്നെയാരാണ്?

നമ്മുടെ തെരഞ്ഞെടുപ്പുകളുടെ വിശ്വാസ്യതയ്ക്കു് ഒരു വെല്ലുവിളിയായിത്തീർന്നിരിക്കുന്നു തെരഞ്ഞെടുപ്പുകളോടനുബന്ധിച്ചുള്ള ബലപ്രയോഗങ്ങളും അക്രമപ്രവർത്തനങ്ങളും. പാർലമെന്റ് മുതൽ പഞ്ചായത്തുവരെയുള്ള തിരഞ്ഞെടുപ്പുകളിൽ ബൂത്ത് കയ്യേറൽ വളരെ സാധാരണമായിരിക്കുന്നു. ബൂത്തു കയ്യേറലിലൂടെ ജനപ്രതിനിധികളാകുന്നവർ ഭൂരിപക്ഷജനങ്ങളുടെ പ്രതിനിധികളല്ല. അധികാരക്കൊതിയന്മാരും ഏകാധിപതികളും മാത്രമാണവർ. പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും ജാതിമതഭേദമന്യേ രഹസ്യവോട്ട് രേഖപ്പെടുത്തുവാനുള്ള വ്യവസ്ഥയുള്ളതുകൊണ്ടുമാത്രം തെരഞ്ഞെടുപ്പ് പൂർണ്ണമായും സ്വതന്ത്രമാണെന്ന് ഇന്നിന്റെ തെളിവുകൾ സാക്ഷിക്കുന്നില്ല.

ഇന്ത്യൻ ജനാധിപത്യത്തിന് വലിയൊരു ഭീഷണിയായിരിക്കുന്ന തെരഞ്ഞെടുപ്പുകളിലെ അമിതമായ പണപ്രവാഹം. നിയമവിരുദ്ധമായ രീതിയിൽ പണം ഉപയോഗിക്കുന്ന




തിനെതിരായി യാതൊരു സംവിധാനവും ഇന്ത്യയിലില്ല. കള്ളപ്പണക്കാർ, അധോലോക നായകന്മാർ, വ്യവസായകുത്തകകൾതുടങ്ങിയവരിൽനിന്ന് വൻതുകകൾവാങ്ങി തെരഞ്ഞെടുപ്പ് വിജയിക്കുന്നവരുടെ ബാധ്യത വോട്ടു ചെയ്ത ജനങ്ങളോടെന്നതിനേക്കാൾ പണം മുടക്കിയ മുതലാളികളോടായിരിക്കും. അവരുടെ താൽപ്പര്യ സംരക്ഷണത്തിനുള്ള കങ്കാണിപ്പണികളിലേർപ്പെടേണ്ടിവരുന്നു മിക്ക ജനപ്രതിനിധികൾക്കും. വിലക്കയറ്റമാണ് പണപ്രവാഹത്തിന്റെ കാരണമെന്ന വമ്പന്മാരുടെ നീതീകരണത്തിന് ചരിത്രാനുഭവങ്ങൾ സ്വീകാര്യത നൽകുന്നില്ല.

ഇന്ത്യയാണ് ലോകത്തിൽവച്ചേററവുംകൂടുതൽ നിരക്ഷരതയുള്ള രാജ്യം. രാഷ്ട്രീയപാർട്ടികളുടെ ചണ്ഡപ്രചണ്ഡമായ പ്രചാരണപരിപാടികളാൽ തെററിദ്ധരിപ്പിക്കപ്പെടുന്ന നിരക്ഷരർ സമ്മതിദാനാവകാശത്തിന്റെ പൊരുളറിയാതെയാണ് അവ രേഖപ്പെടുത്തുന്നത്. അറിവില്ലായ്മയുടേയും ഭീഷണിയുടെയും ഫലമായി കിട്ടുന്ന വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഭരണം നടക്കുന്നത്. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന് കേരളം തുടക്കംകുറിച്ചു എങ്കിലും ഇതര സംസ്ഥാനങ്ങൾ ഇന്നും ഇരുട്ടിൽ തന്നെ.

സ്വതന്ത്ര ഇന്ത്യ എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ഒററക്കെട്ടായി പ്രയത്നിക്കുകയും ത്യാഗമനുഭവിക്കുകയും ചെയ്തവർ ഇന്ന് കാലയവനികയിൽ മറഞ്ഞിരിക്കുന്നു. ശ്രേഷ്ഠമായ പൈതൃകത്തിലഭിമാനിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ ഇന്നത്തെ പ്രവർത്തനങ്ങൾ ലജ്ജാകരം തന്നെ. അധികാര ലോഭത്തിന്റെയും, ജാതി - മത - വർഗ്ഗ - രാഷ്ട്രീയ സ്വാർത്ഥതകളുടേയും ഇടയിൽപ്പെട്ട് ഭാരതത്തിന്റെ അനുപമമായ മൂല്യബോധവും സർവ്വോത്കൃഷ്ടമായ സംസ്കാര വിശേഷവും ഞെരുങ്ങുന്നു. അധികാര ഭ്രമത്താൽ രാഷ്ട്രീയരംഗം ഇന്ന് ഒരു യുദ്ധക്കളമായി മാറിയിരിക്കുന്നു. കഴിഞ്ഞുപോയ പൈതൃകത്തെ ചൂണ്ടിക്കാണിക്കുവാൻ മാത്രമേ നമുക്കിന്ന് സാധിക്കുന്നുള്ളൂ. ആ പൈതൃകം സംരക്ഷിക്കുന്നതിൽ ശക്തിയും ആത്മബോധവും സംഭരിക്കുവാൻ നാം പരാജയപ്പെട്ടിരിക്കുന്നു.

## സാമ്പത്തികരംഗം

There is no political liberty without economic liberty - എന്ന സത്യം മനസ്സിലാക്കിയവരായിരുന്നു സ്വതന്ത്ര ഇന്ത്യയുടെ പിതാക്കന്മാർ. അവർ തുടങ്ങിവെച്ച സാമ്പത്തികോദ്ധാരണ പരിപാടികൾ ഇനിയും സമ്പൂർണ്ണ ലക്ഷ്യത്തിലെത്തിയിട്ടില്ല. ലഹളകളും കലാപങ്ങളും അഭയാർത്ഥി പുനരധിവാസവും ചേർന്ന് ദരിദ്രമാക്കിയ 1940 - കളിൽ നിന്നായിരുന്നു സ്വതന്ത്ര ഇന്ത്യയുടെ തുടക്കം. സോഷ്യലിസ്റ്റ് ചിന്താഗതിയോടെ ഒരു പുതിയ സാമ്പത്തിക മേഖല കരുപ്പിടിപ്പിക്കുവാൻ നെഹ്റു തുടങ്ങിവച്ച വികസന പരിപാടികൾ ലക്ഷ്യത്തിലെത്തിക്കാൻ ഒരു ഗവണ്മെൻറിനും സാധിച്ചില്ല.

## യാഥാർത്ഥ്യങ്ങളിലേക്ക്.........

1947-ൽ ഇന്ത്യാവിഭജനത്തിൽ 20% ജനങ്ങൾ പാകിസ്ഥാനിലേയ്ക്ക് മാറിയതോടൊപ്പം ഭക്ഷ്യോല്പാദനമേഖലയുടെ 30% അങ്ങോട്ടുമാററപ്പെട്ടു. വൻവില നൽകി തരിശുഭൂമികൾ വിളനിലമാക്കി പ്രശ്നം പരിഹരിക്കുന്നതിന് നമുക്ക് സാധിച്ചില്ല.

ഇന്ത്യയുടെ മൊത്തം ഭൂവിസ്തൃതിയുടെ 40.5% വരുന്ന കൃഷിഭൂമിയെ ആശ്രയിച്ചാണ് 70% ജനങ്ങളുടെ ഉപജീവനം നടക്കുന്നത്.




വ്യവസായ രംഗത്തേയ്ക്ക് അസംസ്കൃത വസ്തുക്കൾ നൽകി ഗണ്യമായ തോതിൽ വിദേശനാണ്യം നേടിത്തരുന്നതും കാർഷികരംഗം തന്നെ. ദേശീയവരുമാനത്തിന്റെ 44% ഉം ഇവിടുന്നത്രേ. ശാസ്ത്രീയ കാർഷിക രീതികളും ആധുനിക സങ്കേതങ്ങളും നമുക്കിന്നും പ്രായേണ അന്യമാണ്. രാസവളങ്ങളുടേയും കീടനാശിനികളുടേയും വിവേചനാശൂന്യമായ ഉപയോഗം മണ്ണിന്റേയും മനുഷ്യരുടേയും ആരോഗ്യത്തെ തകരാറിലാക്കുകയും ചെയ്യുന്നു. സഹകരണ മേഖലയും ഗവണ്മെന്റും ഗ്രാമങ്ങളിൽ ചെറുകിടവ്യവസായങ്ങൾ ഏർപ്പെടുത്തുന്നതിൽ ശ്രദ്ധ ചെലുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

1951 മുതൽ 1980 വരെയുള്ള കാലം ഊർജ്ജോദ്പാദനത്തിലും, എണ്ണ, പെട്രോളിയം ഇവയുടെ ഉദ്പാദനത്തിലും ഇന്ത്യൻ വ്യവസായമേഖലയിൽ വലിയ പുരോഗതി രേഖപ്പെടുത്തുന്നു. പക്ഷേ ഉന്നതിയിലെത്തിയ പരുത്തിത്തുണി വ്യവസായമടക്കം വൻകിട വ്യവസായങ്ങളിൽ പലതും തകർച്ചയുടെ വക്കിലെത്തി നിൽക്കുന്നു. രണ്ടരക്കോടിയോളം ജനങ്ങളുടെ ഉപജീവനമാർഗ്ഗമായ ചെറുകിട വ്യവസായങ്ങളുടേയും സ്ഥിതി മറ്റൊന്നല്ല.

മിശ്രസമ്പദ് വ്യവസ്ഥയനുസരിച്ച് ദേശസാൽക്കരണം ചെയ്യപ്പെട്ടിട്ടില്ലാത്ത വ്യവസായസംരംഭങ്ങൾ സ്വകാര്യവ്യക്തികൾക്ക് അനുവദനീയമാണെന്നുള്ള വ്യവസായ നയവും മൂലധനനിക്ഷേപത്തിലുള്ള വിദേശ സ്വാധീനവും സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ തകർച്ചക്ക് കാരണമായിട്ടുണ്ട്. 1989-ൽ വ്യവസായമേഖലയ്ക്ക് 8% മിച്ചം വർദ്ധനവിന് സഹായകമായതു് സ്വകാര്യമേഖലയാണ്. ബഹുരാഷ്ട്ര കുത്തകകളും, സ്വകാര്യമേഖലയെന്നലേബലിൽ കോടികളുമായി രംഗത്തെത്തുന്നവരും സാമ്പത്തിക സമത്വം വർദ്ധിപ്പിക്കുന്നതിന് കാരണക്കാർ തന്നെ.

ജനാധിപത്യത്തിന് വിലയും ഏറിവരുന്നു. പ്രതിരോധത്തിനും പ്രതിരോധഗവേഷണങ്ങൾക്കുംമറ്റുമായി കോടികൾ മാററിവെയ്ക്കേണ്ടിവരുന്നു. തെരഞ്ഞെടുപ്പുചെലവും വർദ്ധിച്ചു. ഇവയ്ക്കെല്ലാംപുറമെ വിദേശകടവും, ആണ്ടോടാണ്ട് തള്ളിക്കൂട്ടുന്ന ബജറ്റുകൾക്ക് ദീർഘവീക്ഷണം പോലും നഷ്ടപ്പെട്ടിരിക്കുന്നു.

## രൂക്ഷമാവുന്ന തൊഴിലില്ലായ്മ

ഇന്ത്യൻ ജനാധിപത്യത്തെ കാർന്നുതിന്നുന്ന മഹാവിപത്തായി മാറിയിരിക്കുന്നു തൊഴിലില്ലായ്മ. ആസൂത്രണത്തിലെ പാളിച്ചകളാണ് തൊഴിലില്ലായ്മയുടെ സാങ്കേതിക കാരണം. കമ്മീഷനുകൾവഴി പരിഹാരം "നിർദ്ദേശിക്കാൻ" ലക്ഷങ്ങൾ നശിപ്പിക്കാതെ ഉള്ള പദ്ധതികൾ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

സാമ്പത്തികരംഗത്തെ ചൂഷണവും പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. സ്ത്രീകളും കുട്ടികളും കഠിനാദ്ധ്വാനത്തിന് പ്രേരിപ്പിക്കപ്പെടുന്നു. സാർവ്വത്രിക വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇവരെ ചൂഷണത്തിനെതിരെ ബോധവത്ക്കരിക്കാനാവൂ.

## വിദ്യാഭ്യാസരംഗം

രാജ്യപുരോഗതിയുടെ അടിസ്ഥാനഘടകങ്ങളിൽ സർവ്വപ്രധാനമാണ് വിദ്യാഭ്യാസ മേഖല. ബ്രിട്ടീഷ്ഭരണകാലത്ത് തുടങ്ങിവച്ച പൊതുവിദ്യാഭ്യാസ നയത്തിൽ സാരമായമാററങ്ങളൊന്നും വരുത്താൻ നമുക്കായില്ല. 5—14 പ്രായപരിധിയിലുള്ള എല്ലാകുട്ടികളേയും 10 വർഷത്തിനുള്ളിൽ സാക്ഷരരാക്കണമെന്ന ഭരണഘടനയുടെ വ്യവസ്ഥ ഒരു തലമുറയ്ക്കുശേഷവും മിഥ്യയായി അവശേഷിക്കുന്നു.

ഒരു ഗ്രാമത്തിൽ ഒരദ്ധ്യാപകനും ഒരു ബ്ലാക്ക്ബോർഡും എന്ന 'Operation black board'



പദ്ധതി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ട
പ്പോൾ പട്ടണങ്ങളിൽ വിദ്യാഭ്യാസ സ്ഥാപന
ങ്ങളുടെ ബാഹുല്യമേറി. എങ്കിലും ഇന്ത്യൻ
ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ
നിരക്ഷരരാണധികവും. അതിനാൽ, അഭ്യസ്ത
വിദ്യരാണധികമെന്നും അവർക്ക് തൊഴിലവ
സരങ്ങൾ സൃഷ്ടിക്കണമെന്നും വാദിച്ച് വി
ദ്യാലയങ്ങൾ സ്ഥാപിക്കാതിരിക്കുന്നതിനു്
ന്യായീകരണമില്ല. തൊഴിലവസരങ്ങൾ സൃ
ഷ്ടിക്കുന്നതോടൊപ്പം നിരക്ഷരരെ സാക്ഷ
രരാക്കാനുംകൂടി നാം ശ്രമിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ നിലവാരം ഉയർത്തുവാ
നായ് നാം നടപ്പിലാക്കിയ പരിഷ്കാരങ്ങൾ
വിപരീത ഫലങ്ങളാണുളവാക്കിയതു്. പ്രാഥ
മിക വിദ്യാഭ്യാസത്തിനുശേഷം അവനവന്റെ
അഭിരുചിക്കനുസരിച്ച് തൊഴിൽ കണ്ടെത്താൻ
തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സഹായിക്കും.
ഗാന്ധിജി വിഭാവന ചെയ്ത അടിസ്ഥാന
വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അതായിരുന്നു.
രാജ്യത്തിന്റെ സാമ്പത്തിക സാമൂഹിക വ്യവ
സായിക പുരോഗതി ഉറപ്പുവരുത്താൻ ശാസ്ത്ര
സാങ്കേതിക പ്രതിഭകൾക്ക് യോഗ്യതാനുസ
രണം വേതനവും മറ്റാനുകൂല്യങ്ങളും നൽകാൻ
ഗവണ്മെന്റ് തയ്യാറാകണം. അല്ലെങ്കിൽ ഇന്ത്യ
യിലെ പ്രതിഭാശാലികൾ പുറംനാടുകളി
ലേക്ക് ഒഴുകിപ്പോകുന്നതുമൂലമുള്ള കനത്ത
ദേശീയ നഷ്ടം ഇനിയും വർദ്ധിച്ചു വരികയേ
യുള്ളൂ. മസ്തിഷ്ക ചോർച്ചയെപ്പറ്റി പ്രതി
ഷേധിച്ചതുകൊണ്ടോ പരിതപിച്ചതുകൊണ്ടോ
മാത്രം അതു തടയാൻ സാധിക്കുകയില്ല. നമ്മു
ടെ രാഷ്ട്രത്തിന്റെ ചെലവിൽ ശാസ്ത്രസാങ്കേ
തിക വൈദഗ്ദ്ധ്യം ലഭിച്ച ബുദ്ധിശാലികളുടെ
സേവനം വിദേശരാഷ്ട്രങ്ങളിലേയ്ക്കുക;
നമുക്ക് അതു നഷ്ടപ്പെടുക. ഇന്ത്യയുടെ പുരോ
ഗതിക്ക് ഇതുമൂലമുണ്ടാകുന്ന നഷ്ടം വളരെ
മിയവും അപരിഹാര്യവും ആണ്.

## ബാഹ്യമായ വെല്ലുവിളികൾ


അനുസ്യൂതം വർദ്ധിച്ചുവരുന്ന യുദ്ധഭീഷണി
കളെയും, മാരകായുധങ്ങളുടെ മറയിൽ പതിയി
രിക്കുന്ന അപകടങ്ങളെയും അതിജീവിക്കുവാൻ
ലോകത്തിലെ ഓരോ രാഷ്ട്രവും വെമ്പുന്നു. പട
ക്കോപ്പുകൾ പടച്ചുവിടുകയോ വാങ്ങിക്കൂട്ടുകയോ
ചെയ്യുമ്പോൾ രാഷ്ട്രമാഗ്രഹിക്കുന്നതു്, സുരക്ഷി
തത്വമാണ്. എന്നാൽ, ലോകത്തിന്റെ നാനാ
ഭാഗങ്ങളിലായി നടമാടുന്ന നരഹത്യയും
പകരം വീട്ടലും മാത്സര്യവും അതിരുകവിഞ്ഞ
ദേശീയബോധവും കലാപങ്ങൾക്കും ആക്രമ
ങ്ങൾക്കും പ്രത്യാക്രമണങ്ങൾക്കും കാരണമാക
മ്പോൾ ഓരോ രാജ്യത്തിനും ഉത്കണ്ഠ വർദ്ധി
ക്കുകയാണ്.

മനുഷ്യ മനസ്സുകളിലാണ് യുദ്ധത്തിന്റെ
തുടക്കം. സമാധാന സംരക്ഷണത്തിന് വേണ്ട
പ്രതിരോധവും അവിടെത്തന്നെ. ഇവിടെയാ
ണ് ഇന്ത്യക്ക് തെറ്റുപറ്റിയതു്. ആർഷഭാരത
സംസ്കാരവും, ആ സംസ്കാരത്തിലഭിമാനം
കൊണ്ട മരണനേതൃത്വവും അയൽരാജ്യങ്ങ
ളോട് സമാധാനമാർഗ്ഗം വച്ചു പുലർത്തിയപ്പോൾ
ചൈന പഞ്ചശീലതത്വങ്ങളെ വലിച്ചെറിഞ്ഞ്
ഇന്ത്യയെ ആക്രമിച്ചു. അതോടെ ഇന്ത്യൻ പ്രദേ
ശങ്ങളേറെ അവർക്ക് നഷ്ടമായി. സ്വാതന്ത്ര്യാ
നന്തരം ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുന്ന മറ്റൊരു
ബാഹ്യവെല്ലുവിളിയാണ് പാകിസ്ഥാൻ.
അമേരിക്കയുടെ സമ്പൂർണ്ണ പിൻതുണ പാക്
ഭീഷണിക്ക് തീവ്രതകൂട്ടുന്നു. ഇന്ത്യാ — പാക്
യുദ്ധത്തിൽ പാകിസ്ഥാനുണ്ടായ പരാജയം
മൂലം പാകിസ്ഥാൻ പ്രതിരോധശക്തി വർദ്ധി
പ്പിക്കുകയും ഏതു നിമിഷവും ഇന്ത്യയെ ആക്ര
മിക്കാവുന്ന അവസ്ഥയിലെത്തുകയും ചെയ്തു.
ബേനസീർ ഭൂട്ടോയുടെ ഗവണ്മെന്റ് ഇന്ത്യയു
മായി മെച്ചമായ ബന്ധങ്ങൾക്ക സന്നദ്ധമാക
മെന്നുള്ള പ്രതീക്ഷകൾ മങ്ങിക്കൊണ്ടിരിക്കുന്നു.



ആദ്യം പഞ്ചാബിലും ഇപ്പോൾ കാശ്മീരിലും ഭീകര പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്ന പാകിസ്ഥാൻ ഒരു തുറന്ന ഏറ്റുമുട്ടലിനുള്ള ഒരുക്കത്തിലാണ്. ആയിരം വർഷം യുദ്ധം ചെയ്യേണ്ടി വന്നാലും പിന്മാറുകയില്ലെന്ന് അവർ ആവർത്തിച്ച് പ്രഖ്യാപിയ്ക്കുന്നു. ശ്രീലങ്ക, നേപ്പാൾ, ഭൂട്ടാൻ തുടങ്ങിയ സമീപരാജ്യങ്ങളിൽ ബാഹ്യശക്തികളുടെ സ്വാധീനം വരാതെ നോക്കേണ്ടത് ഇന്ത്യയുടെ സുരക്ഷിതത്വത്തിന് അവശ്യാവശ്യമാണ്. ശ്രീലങ്കയിലേയ്ക്ക് സമാധാന സേനയെ അയച്ചതിന്റെ കാരണം മറ്റു രാജ്യങ്ങൾ അവിടെ ഇടപെടുന്നതു തടയുക എന്നതായിരുന്നല്ലോ.

ബാഹ്യമായ വെല്ലുവിളികൾ ഒരിയ്ക്കലും ആന്തരികമായ വെല്ലുവിളികളോളം അപകടകരങ്ങളല്ല. വ്യക്തിയുടെ കാര്യത്തിലെന്നപോലെ സമൂഹത്തിന്റെ കാര്യത്തിലും ഇതു സത്യമാണ്. ബാഹ്യമായ വെല്ലുവിളികൾ ഒരു പരിധിവരെ രാഷ്ട്രത്തിന്റെ ഐക്യബോധവും ഊർജ്ജസ്വലതയും വളർത്തുവാൻ സഹായകമാണ്. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയിൽ ദേശീയബോധവും ഐക്യദാർഢ്യവും ത്യാഗസന്നദ്ധതയും വളർന്ന് പുഷ്കലമാകുകയുണ്ടായി. എന്നാൽ സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം സ്വാഭാവികമായും ആ ഘടകങ്ങൾ തളരുകയാണുണ്ടായത്. വിഭാഗീയ ചിന്തകളും വിഘടനവാദങ്ങളും മത-സാമുദായിക-പ്രാദേശിക സ്പർദ്ധകളും ഭീഷണരൂപത്തോടെ വളരുകയും ചെയ്തു. ഇതിനെ ചെറുത്തു നിൽക്കുവാനോ ഒഴിവാക്കുവാനോ, ധാർമ്മിക ശക്തിയുള്ള നേതാക്കൾ മാത്രം തന്നെ ഗാന്ധിജിക്കുശേഷം ഉണ്ടായതുമില്ല. തങ്ങളുടെ കഴിവുകേടുമൂലമോ സ്വാർത്ഥതമൂലമോ പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുവാനാണ് നേതാക്കൾ മിക്കവർക്കും സാധിച്ചത്. തകരുന്ന ദേശീയബോധം, തളരുന്ന ധാർമ്മികത — ഇതാണ് ഇന്ത്യയ്ക്ക് ഇന്നത്തെ ഏറ്റവും വലിയ വെല്ലുവിളി. നാളത്തെയും.



# दुनिया की सुन्दरता किस केलिए

KUSUMA KUMARI LOUIS
IIIrd Year Degree Commerce

हे भारत माता के वीर सपूत
केवल एकबार ही आस्वादन योग्य
धन्यजीवन व्यर्थ करते समय
माता की रुदन कर्ण पुट सुनते नहीं?

निरपराधी की खून नदी बहाकर
दुनिया में कलाप बीज स्वतंत्रता केलिए
बोकर माता को काटकर रक्त पीकर
तुम अपनी वीरता क्यों दिखाते हो?

एक नवयुग केलिए पुकारने वाले।
सब छिन्न-भिन्न करने नवीनता वादि।
विप्लव का विष बीज बोते समय
समाधान की स्थापना कहाँ?

जननी जन्म भूमि की गोदी में खेले,
स्वपन लोक में जीवन बिताने वाले,
अलसता में डूबकर जन्म निष्फल करनेवाले,
भारत भूमि में जीवन क्यों व्यर्थ करते हो?

विज्ञान की उन्नति होते युग में
अज्ञान और अंध विश्वास से
इस सुन्दर जीवन नष्ट करके
तुम एक अच्छा जीवन बिताओ।

मर्त्य रूपी भूत, दहेज की हँसियों से
ताण्डवनृत्त करते इस युग में पीडित,
अपमानित, हतभाग्य का
जीवन का मूल्य कुछ नहीं है?

अपने पराजय, अन्याचारों से मुक्ति
पाने केलिए आत्महत्या करने वाले,
इस जीवन सब व्यर्थ करते तो
दुनिया की इस सुन्दरता किस केलिए

किसी के मोहजाल में फँसकर
खुमार से बाँधने वाले हे मनुष्य।
केवल परीक्षणार्थ मृत्यू को इसप्रकार
सूचो से अपनाकर तुम ने क्या पाये?

प्यार करने वाले हाथों से ही क्रूरता
प्यार की वाणी कहने जीभ से ही अपवाद
स्वतंत्रता केलिए रण भूमि में अर्पित
वीर जवानों की परंपरा हो हम?

समाधान, प्रेम और शांति केलिए
एकता और भारत की प्रगति केलिए
कठिन परिश्रम और सत्भावना से
हाथ जोड़कर सुन्दर भविष्य अपनाये हमने।

# समय का मूल्य

GEORGE JAMES P.
IInd Year Degree
English

समय का मूल्य क्या है ?

एक दिन में २४ घंटे हैं। हर एक काम करने को समय की आवश्यकता है। इस समय का हम किस तरह से उपयोग करते हैं? समय का महत्व क्या है? जो व्यक्ति समय का महत्व जानता है वह समय का उपयोग अच्छी तरह से करता है।

प्रकृति नियम है—रात और दिन। समय के ठीक उपयोग केलिए इसका विभाजन करना चाहिए। जीवन केलिए कुछ समय काम करना है और कुछ समय विश्राम करना है। लेकिन कुछ लोग दिन–रात कठिन काम करते है। और कुछ लोग इधर उधर घूमते–फिरते अपना समय नष्ट करते हैं। दोनों समय का दुरुपयोग करते हैं। इस से कोई प्रयोजन नहीं होता है।

इस विशाल दुनियां में हमारे जैसे बड़े आबादी राष्ट्र में समय का मूल्य कुछ लोग नहीं जानते हैं। हम को यह समय वापस नहीं मिलेगा। इसलिए हर एक दिन का और हर एक घंटी का अच्छी तरह उपयोग करके अच्छा फल प्राप्त करने केलिए परिश्रम करना है। बचपन में हम समय का महत्व नहीं जानते हैं। या उसकी चिन्ता नहीं करते हैं। लेकिन बाद में जब हम दुखी बन जाते हैं तब हम चिन्ता करते हैं कि उस समय का अच्छी तरह उपयोग करते तो अच्छा होता। लेकिन वह नष्ट हो गया है।

समय को गरीब और अमीर का भेद नहीं है। इसलिए समस का महत्व और मूल्य इसके सही उपयोग पर निर्भर है। वास्तव में गरीब लोगों को अमीर लोगों की अपेक्षा समय का अधिक उपयोग करना है। ■

# निशानी

ICYMOL ISSAC
Ist Year Degree Physics

नहीं रही अब वही निशानी
न जाने कितने पलकों की
दूरी पर पहुँच चुकी हैं।
दिल मेरा मैं कहा करूँ
अब सारे भारती मेरे भाई।

यकीन न होता मेरे दिल में
क्या यह सपना या सच्चाई
सोचा, रोऊँ या हँसूँ
इतने में जो, जी भर आया
यह तो मेरा सपना सच्चा।

कितने ही नाल-पुरुष
मेरी सुन चुके होंगे
प्रतिज्ञा यह कि जात-
प्रांत - भाषा - रंग दूर
भाई - बहन सभी पराये के।

इसी सोच में सारा दिन
धूप ढल गई, आई रात
निंदिया ने आँखें थाम ली
ओ प्यारे भाई के विदा
हो पहुँच गए परलोक सिधारे।

नहीं रही जब वही निशानी
है मुझे अब यही निशानी
मैं हूँ भगिनी और किसी की
हज़ारों भाई और मेरे
साकार हुआ हाय मेरा अपना!

卐

# പ്രീഡിഗ്രി, B. A. B. Sc. B. Com.

## ഇംഗ്ലീഷിന്

തോററു പഠിക്കുന്ന കുട്ടികൾക്കും സെക്കൻറ് ക്ലാസ്!

**at the**

# സെയിൻറ് മേരീസ്

# COLLEGE OF ENGLISH

(പള്ളിക്കവല) കുറവിലങ്ങാട് (1953 ൽ സ്ഥാപിതം)

Classes by Principal: **James Joseph. M. A; M.Ed.**

**St. Mary's is the First and the Best in the Tutorial Field**

---

**മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 3556**

H. O മരങ്ങാട്ടുപിള്ളി (ഫോൺ: 40)

ബ്രാഞ്ചുകൾ — കുര്യനാട്, ഫോൺ: 276   കുറിച്ചിത്താനം ഫോൺ: 90

| | | |
|---|---|---|
| അംഗങ്ങൾ | — | 7985 |
| ഓഹരി മൂലധനം | — | 23 ലക്ഷം രൂപ |
| നിക്ഷേപങ്ങൾ | — | 234 ലക്ഷം രൂപ |
| നിൽപ് വായ്പ | — | 206 ലക്ഷം രൂപ |
| പ്രവർത്തന മൂലധനം | — | 299 ലക്ഷം രൂപ |

പി. എസ്. ഗോപാലൻനായർ
സെക്രട്ടറി

ഇ. ജെ. ആഗസ്തി
പ്രസിഡൻറ്

---

## വിശ്വസനീയമായ 22 ct സ്വർണ്ണാഭരണങ്ങൾക്ക്

# ഫാഷൻ ജൂവലറി

പടിഞ്ഞാറെനട - വൈക്കം

Phone: shop: 2308, 2601
Resi: 2467, 2602

# സെൻറ് മേരീസ്
# സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി

കുറവിലങ്ങാട്

Govt: Reg. No. K. 326/88

കഴിഞ്ഞ 17 വർഷങ്ങളായി കുറവിലങ്ങാട്ട് നടത്തിവരുന്ന പ്രശസ്തമായ സ്ഥാപനത്തിൽ താഴെപ്പറയുന്ന പാരാമെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു.

1. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ (6 Months / 1 Year)
2. ഫാർമസി (6 Months/ 1 Year)
3. നേഴ്സിംഗ് & മിഡ്വൈഫറി (1 Year)
4. E. C. G. (6 Months)

- പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം.
- കന്യാസ്ത്രീകൾ നയിക്കുന്ന ഹോസ്റ്റൽ
- മിനിമം യോഗ്യത S. S. L. C. പ്രോസ്പെക്ടസിനും അപേക്ഷാ ഫാറത്തിനും 10 രൂപ മണിയോർഡർ അയക്കുക.

Director, St. Mary's School of Medical Technology,
Kuravilangad. P. O. (686 633.) Kottayam (Dt.)

ഫോൺ: 365

സ്ഥാപിതം : 1972.

---

# Deva Matha College Employee's Co-operative Society Ltd. No. K. 384 - Kuravilangad.

## നിക്ഷേപങ്ങൾക്ക് ഏററവും കൂടുതൽ പലിശ നൽകുന്ന ഏക സ്ഥാപനം

**5 വർഷം കൊണ്ട് ഇരട്ടിക്കുന്ന**

**സൂര്യാ ഡിപ്പോസിററ് സ്കീം**

**നിക്ഷേപങ്ങൾ ഏററവും ആദായകരമാക്കുന്നു.**

അംഗങ്ങളിൽനിന്നും അംഗങ്ങൾ അല്ലാത്തവരിൽനിന്നും ഞങ്ങൾ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

President:
**Prof. K. G. Joseph M. Sc.**

Secretary:
**K. N. Indira**

**ദീപ്തി ഇൻസ്റ്റിറ്റ്യൂട്ട്**
വലിയ വീട്ടിൽ
ബിൽഡിങ്ങ്
വടക്കേ കവല
**കുറവിലങ്ങാട്**

**നിങ്ങൾക്കൊരു ജോലി**
ഇംഗ്ലീഷ് റൈറ്റ്റൈറ്റിംഗ്
പഠിച്ചിട്ടുള്ളവർക്ക്
100 ശതമാനം ജോലി വാഗ്ദാനം
ചെയ്യുന്നു.
വിശദ വിവരങ്ങൾക്ക്
പ്രിൻസിപ്പാളിനെ നേരിൽ കാണുക.

**ദീപ്തി ഇൻസ്റ്റിറ്റ്യൂട്ട്**
വെള്ളായിപ്പറമ്പിൽ
ബിൽഡിങ്ങ്
(പോസ്റ്റോഫീസിന്
എതിർവശം)
**കുറവിലങ്ങാട്**

**ആശംസകൾ**

# *C. V. N.* കളരി

**കട്ടത്തുരുത്തി**

## ഏറ്റുമാനൂർ സർവ്വീസ് സഹകരണ ബാങ്ക്

(ക്ളിപ്തം) നമ്പർ 4069 — ഫോൺ: 538

ബ്രാഞ്ചുകൾ: 1 മെയിൻ ബ്രാഞ്ച് (ഹെഡ്ഡാഫീസ് മന്ദിരത്തിൽ)
2 കാരിത്താസ് (തെള്ളകം) 3 കട്ടച്ചിറ (പള്ളിക്കവല) 4 പ്രഭാത സായാഹ്ന
കൗണ്ടർ (ബാങ്കിന്റെ ടൗണിലെ കെട്ടിടത്തിൽ) ഫോൺ: 378

32 വർഷത്തെ മഹത്തായ സേവന പാരമ്പര്യം

അംഗങ്ങൾ A 12000 B 6000 = 18000

പിരിച്ചെടുത്ത ഓഹരി മൂലധനം — 23 ലക്ഷം നിൽപ്പ് വായ്പകൾ — 370 ലക്ഷം
നിക്ഷേപകൾ — 570 ലക്ഷം കെട്ടിടങ്ങൾ, സ്ഥലങ്ങൾ — 75 ലക്ഷം
പ്രവർത്തന മൂലധനം — 630 ലക്ഷം

K. M ജോസഫ് (പ്രസിഡൻറ്) ഫോ: 678 M. V. കര്യച്ചൻ (സെക്രട്ടറി) ഫോ: 278

# കുറവിലങ്ങാട്
# സർവ്വീസ് സഹകരണ ബാങ്ക്

(ക്ലിപ്തം) നമ്പർ 1049. ഫോൺ: 347

30-4-1990 ലെ ബാങ്കിൻെറ സാമ്പത്തികനില

| | | |
|---|---|---|
| അംഗങ്ങൾ | - | 10931 |
| ഓഹരി മൂലധനം | - | 17 ലക്ഷം |
| നിക്ഷേപങ്ങൾ | - | 179 ലക്ഷം |
| നിൽപു വായ്പകൾ | - | 159 ലക്ഷം |
| പ്രവർത്തന മൂലധനം | - | 236 ലക്ഷം |

ററി. കെ. ജോസഫ്
തടിയൻതടം
(സെക്രട്ടറി)

ചാക്കോ വർക്കി
വടക്കേടത്ത്
(പ്രസിഡൻറ്)

THE ONE AND ONLY NAME IN POST-GRADUATE STUDIES

# SURYA ARTS COLLEGE

## PALAI

COURSES OFFERED

Pre-Degree (III & IV)
B. A.
B. Com
M. Com
M. A. (Econ.)
M. A. (Eng.)
M. A. (Mal.)

HINDI
PRAVESH
BHUSHAN
SAHITYACHARIA

FAILD and COLLEGE - GOING SECTION
Sept. batch
Pre-Degree English
B. A., B. Com English
March batch
S. S. L. C., Pre-Degree English and Subjects

Tuition Facilities for Mathematics, Accountancy, Statistics & English for all classes. Coaching and guidance provided by efficient and experienced teachers headed by

Prof. R. S. PODUVAL
(St. Thomas College, Palai) &

Prof. C. J. SEBASTIAN
(Rtd. Head of the Dept. of Malayalam)
S. T. C. Palai

Well equipped Library and Laboratory

With Best Compliments from:

# The Kaduthuruthy Urban Co-operative Bank Ltd;

H. O. KADUTHURUTHY

**Branches: Kaduthuruthy, Kuruppenthara & Peruva, Kottayam (Dist.) Kerala (State)**


- ★ We pay one percent more interest on all types of Deposits.
- ★ Rs. 30,000/- Deposits per individual account is secured by Deposits Insurance and Credit Guarantee Corporation.
- ★ Advances are permissable against any term Deposits.
- ★ Quarterly interest of fixed deposits may be transferred to the personal savings bank account or recurring deposits account.
- ★ Safe Deposit Lockers are available for preservation of valuables.
- ★ We transact all kinds of Banking Business.

GEORGE PUTHOORAN
(Chairman)

CYRIAC MATHEW
(Secretary)

## മിനിററിൽ 21 കോപ്പികൾ ലഭിക്കുന്ന

# Modi Xerox Copier - ൽ



നിങ്ങളുടെ സർട്ടിഫിക്കററ്, എസ്. എസ്. എൽ. സി. ബുക്ക്,
പാസ്പോർട്ട്, ലൈസൻസ്, ആധാരം, അപേക്ഷാഫോറം
തുടങ്ങിയ എല്ലാ രേഖകളുടേയും

**ഫോട്ടോ സ്ററാററ് കോപ്പികൾ ഉടൻ ലഭിക്കുന്നതിന്.**

# നിർമ്മലാ ഫോട്ടോസ്റ്റാററ്

(നിർമ്മലാ കോളജ് ബിൽഡിംഗ്സ്)

**കുറവിലങ്ങാട്**

Phone: 312

കോപ്പിക്ക് ഒരു രൂപാ.

---

N. B. ബാലൻസ് ഷീററ്, പ്ലാൻ തുടങ്ങിയ വലിയ രേഖകളുടേയും
കോപ്പികളും ഒരു ഷീററിൽതന്നെ എടുക്കുന്നതാണ്.

**Instant, Clear Xerox Copies.**
**Automatic, Computerised Machine.**

# STATEMENT OF OWNERSHIP


| | |
|---|---|
| place of publication | kuravilangad |
| periodicity of its publication | annual |
| publisher's name | prof: george john nidhiri |
| address | principal, deva matha college, kuravilangad |
| nationality | indian |
| printer's name | pournami printers, west gate, vaikom, |
| nationality | indian |
| editor's name | jomon thomas |
| address | deva matha college, kuravilangad |
| nationality | indian |
| ownership | the deva matha college, kuravilangad |

i, prof: george john nidhiri hereby declare that the particulars given above are true to the best of my knowledge and belief.

sd/-
publisher

30 may 1990


○ ○ ○ ○ ○


Printing:
Pournami Printers
Vaikom.





Blocks:
Surya Blocks
Ernakulam

□

We acknowledge:
sketches from,
Laiithakala academi camp souvenir
India Today
MathruBhumi
Deepika
C. F. D. Publications
Nerudhayude kavithakal

മാഗസിൻ നിർമ്മാണത്തിനു്
മാർഗ്ഗനിർദ്ദേശങ്ങൾ നൽകി
നയിച്ച ബഹു: പ്രിൻസിപ്പലിനും
ചാക്കോസാറിനും ആത്മാർത്ഥമായ നന്ദി.



കാർട്ടൂൺ
സാഹിത്യകാരനുമായി അഭിമുഖം
അന്തർസർവ്വകലാശാല ചെറുകഥാമത്സരം
അന്വേഷണാത്മകമായ ഫീച്ചർ
വാഗ്ദാനങ്ങൾ എല്ലാം പാലിച്ചു.

സഹായഹസ്തങ്ങളുമായ്
എന്നോടൊപ്പം ഉണ്ടായിരുന്ന
സഹപാഠികൾക്കും
സുഹൃത്തുക്കൾക്കും
അച്ചടി
ഭംഗിയായി നിർവ്വഹിച്ച
പൗർണ്ണമി പ്രിന്റേഴ്സിലെ
ജീവനക്കാർക്കും
നന്ദി.


ജോമോൻ തോമസ്
എഡിററർ

# അജ്ഞാനത്തെ വെട്ടിമാറ്റുന്ന വാളാകട്ടെ അറിവ്




അവിവേകം കൊണ്ടുണ്ടായിട്ടുള്ളതും ഒരുവന്റെ ബുദ്ധിയിലിരിക്കുന്നതുമായ സംശയം നശിപ്പിക്കപ്പെടേണ്ടതാകുന്നു. ആത്മവിഷയമായ സംശയം ആത്മജ്ഞാനം കൊണ്ട് തന്നെ ഇല്ലായ്മ ചെയ്യപ്പെടണം. ജ്ഞാനം ശോകമോഹാദിദോഷങ്ങളെ നശിപ്പിക്കുന്നു. അങ്ങിനെയുള്ള അറിവാകുന്ന വാളുകൊണ്ട് ഒരുവന്റെ നാശത്തിന്റെ ഹേതുവാകുന്ന സംശയത്തെ ഛേദിക്കുക. സമ്യഗ്ദർശനോപായമായ കർമ്മാനുഷ്ഠാനത്തെ ചെയ്യുക. അറിവിന്റെ മൂർച്ചയേറിയ വാളുകൊണ്ട് നിങ്ങളെ സായുധരാക്കി സംശയത്തെ നിഹനിക്കുവാൻ യൂണിവേഴ്സൽ പഠിപ്പിക്കുന്നു. അജ്ഞാനത്തിന്റെ അന്ധകാരത്തോട് പടവെട്ടി ജയിക്കാൻ ഉണർന്നെണീക്കുക! യൂണിവേഴ്സലിന്റെ വിജയമന്ത്രം ശ്രവിക്കുക!

# യൂണിവേഴ്സൽ
## തലയോലപ്പറമ്പ്



Perhaps she doesn't know
where the shoe pinches
But Sharmas does
ശർമ്മാസ്
കോളേജ്
ഏററുമാനൂർ